
# TRICHUR ARCHDIOCESAN BULLETIN

ജൂലായ് 2026 | വാല്യം: 93 | ലക്കം: 07




**തോമസ് പറഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ!** (യോഹ. 20:28)

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542

# ഓർമ്മത്തുള്ളികൾ



## ഫാ. തോമസ് വടക്കേത്തല

ജനനം : 16.04.1947
പൗരോഹിത്യം : 17.12.1971
മരണം : 08.06.2026

# Trichur Archdiocesan Bulletin TAB

ESTD:1934

**ജൂലായ് 2026**

ലക്കം: 07 | വാല്യം: 93

07



*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Shijo Chiriyankandath**

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org




## ഉള്ളടക്കം


| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 13 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 19 |
| സഹായമെത്രാന്റെ പരിപാടികൾ | 19 |
| നാളാഗമം | 23 |
| നാമകരണ നടപടികൾ | 34 |
| സാമ്പത്തിക കാര്യാലയം | 38 |
| വൈദികർ | 39 |
| സന്യസ്തർ | 43 |
| വിശ്വാസ പരിശീലനം | 54 |
| സ്ഥാപനങ്ങൾ | 63 |
| സംഘടനകൾ | 73 |

# 1 ഇടയലേഖനം

**മേജർ ആർച്ചുബിഷപ്പ്**
**റാഫേൽ തട്ടിൽ**

## ദുക്റാനതിരുനാൾ – സഭാദിനം 2026

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്**
**റാഫേൽ തട്ടിൽ**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുന്നാൾ ഒരിക്കൽകൂടി നമ്മൾ ആഘോഷിക്കയാണ്. 'നമുക്കും അവനോടൊപ്പം പോയി മരിക്കാം' (യോഹ. 11:16) എന്നു പറഞ്ഞുകൊണ്ട് ഭയചകിതരായിരുന്ന മറ്റ് അപ്പസ്തോലന്മാരെ ധൈര്യപ്പെടുത്തിയ തോമാ ശ്ലീഹാ സുവിശേഷസന്ദേശം ഭാരതജനതയ്ക്കു നല്കുന്നതിനായി ഇവിടെ വരികയും എ.ഡി 72 ൽ ചെന്നൈ അടുത്തുള്ള ചിന്നമലയിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ഏറ്റവും വലിയ തെളിവുകളിലൊന്നാണ് മാർതോമാ പാരമ്പര്യത്തിൽ ജീവിക്കുന്ന ഭാരതത്തിലെ സഭാസമൂഹങ്ങൾ. സീറോമലബാർസഭയെ സംബന്ധിച്ചു ജൂലൈ മൂന്നാം തീയ്യതി ആത്മീയ സത്വത്തിന്റെ ദിവസമാണ്. അതുകൊണ്ടുതന്നെയാണ് ദുക്റാനതിരുന്നാൾ സീറോമലബാർ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നത്.

ഉത്ഥിതനായ ഈശോ തങ്ങൾക്കു പ്രത്യക്ഷനായി എന്നു മറ്റ് അപ്പസ്തോലന്മാർ പറഞ്ഞതു വിശ്വസിക്കാതെ തനിക്കും ഗുരുവിനെ

കാണണം എന്നു ശ്ലീഹ വാശിപിടിക്കുന്ന രംഗം വളരെ ഹൃദയസ്പർശിയാണ്. തോമാശ്ലീഹായുടെ ഈ സംശയം നിഷേധാത്മകമായ സമീപനമല്ല. ആദ്യം സംശയിച്ച തോമസ് പിന്നീടു വിശ്വാസത്തിന്റെ ധീരസാക്ഷിയായി മാറുന്നു. സംശയത്തിൽനിന്നു വിശ്വാസത്തിലേക്കും അന്വേഷണത്തിൽനിന്നു സാക്ഷ്യത്തിലേക്കും ശിഷ്യത്വത്തിൽനിന്നു രക്തസാക്ഷിത്വത്തിലേക്കും തോമാശ്ലീഹാ നടത്തിയ യാത്രയാണ് ഓരോ ക്രൈസ്തവന്റെയും ആത്മീയയാത്ര. അതുകൊണ്ടാണ് 'തോമായുടെ അവിശ്വാസം മറ്റുള്ള ശിഷ്യരുടെ വിശ്വാസത്തെക്കാൾ നമ്മുടെ വിശ്വാസത്തിനു കൂടുതൽ ഉപകാരപ്രദമായി' (Homilie in Evangelica, 26,7) എന്നു മഹാനായ വി. ഗ്രിഗറി മാർപാപ്പ പറഞ്ഞത്.

ഇന്നത്തെ തലമുറ സംശയങ്ങളുടെയും ആശയകുഴപ്പങ്ങളുടെയും നടുവിലാണ് ജീവിക്കുന്നത്. നിർമിതബുദ്ധിയുടെയും വിവരവിപ്ലവത്തിന്റെയും ഈ കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ മാർപാപ്പ, 'മാനവമഹത്വം' (Magnifica Humanitas) എന്ന പേരിൽ സാർവത്രികസഭക്കു നല്കിയ ആദ്യത്തെ ചാക്രിക ലേഖനം ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന മഹത്വത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യ മനുഷ്യനുവേണ്ടിയാണെന്നും അതിനാൽത്തന്നെ മനുഷ്യൻ സാങ്കേതികവിദ്യയുടെ അടിമയാകരുത് എന്നതുമാണ് ഈ ചാക്രികലേഖനത്തിന്റെ അടിസ്ഥാനദർശനം. പരിശുദ്ധപിതാവ് ഇപ്രകാരം പറയുന്നു: 'മനുഷ്യന്റെ അന്തസ് അവന്റെ കഴിവുകളെയോ സമ്പത്തിനെയോ സാമൂഹികസ്ഥാനത്തെയോ ആശ്രയിച്ചല്ല; അതു ദൈവത്തിന്റെ സ്നേഹത്തിൽനിന്നുള്ള ദാനമാണ്' (മാനവമഹത്വം, 50) മനുഷ്യന്റെ അന്തസും മഹത്വവും സംരക്ഷിച്ചുകൊണ്ട് നീതിയുടെയും സാഹോദര്യത്തിന്റെയും ലോകം പണിയുക എന്നത് ഓരോ തലമുറയുടെയും ദൗത്യമാണെന്നും ചാക്രിക ലേഖനം വ്യക്തമാക്കുന്നു.

ഇന്നത്തെ മാധ്യമ-ഡിജിറ്റൽ സംസ്കാരത്തിൽ, മനുഷ്യഹൃദയങ്ങളിൽ ധ്രുവീകരണവും വിരോധവും വർധിപ്പിക്കുന്നതിനാൽ സത്യത്തെ അന്വേഷിക്കുകയും വിവേകപൂർണമായ കൂട്ടായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യേണ്ടത് ക്രൈസ്തവരുടെ അടിയന്തിര ഉത്തരവാദിത്വമാണെന്നു മാർപാപ്പ ഓർമിപ്പിക്കുന്നു. അഭ്യൂഹങ്ങൾ പ്രചരിപ്പിച്ചു സത്യത്തെ മൂടിവയ്ക്കുന്ന ഈ കാലഘട്ടത്തിൽ, മാർ തോമാശ്ലീഹായെപ്പോലെ സത്യാന്വേഷികളാകാൻ നമുക്കും സാധിക്കണം. സോഷ്യൽമീഡിയ വിവിധ ജീവിത മേഖലകളിൽ സഹായകരമാണെന്നതിൽ തർക്കമില്ല. എന്നാൽ,

വ്യാജവാർത്തകളും വിദ്വേഷപ്രചരണങ്ങളും അപവാദങ്ങളും ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്ന ഇടംകൂടിയാണിത് എന്നതു യാഥാർഥ്യമാണ്. മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നതും നിഷ്കളങ്കരെ ഉപദ്രവിക്കുന്നതും അസത്യം പ്രചരിപ്പിക്കുന്നതുമായ സോഷ്യൽമീഡിയ പോസ്റ്റുകൾ ഉണ്ടാക്കുകയും അവ വിവേചനമില്ലാതെ ഫോർവേഡുചെയ്യുകയും ചെയ്യുമ്പോൾ, 'കൊല്ലരുത്' എന്ന അഞ്ചാം പ്രമാണമാണ് ലംഘിക്കുന്നത്. അറിവില്ലാത്ത കാര്യം അന്വേഷിക്കാനും നന്മയല്ലാത്തവ പ്രോത്സാഹിപ്പിക്കാതിരിക്കാനും തിന്മയെ എതിർത്തുതോല്പ്പിക്കാനും ആവശ്യമായ വിവേചനാശക്തിയും ജാഗ്രതയും ഇന്നു നമുക്കാവശ്യമാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ പാവപ്പെട്ടവരും സ്വാധീനമില്ലാത്തവരും അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ട്. പ്രായമായ മാതാപിതാക്കൾ പലപ്പോഴും മക്കളുടെ ക്രൂരതയ്ക്ക് ഇരയാകുന്നു. കുടുംബങ്ങളിലും സമൂഹത്തിന്റെ വിവിധതലങ്ങളിലും ബന്ധങ്ങൾക്കു വിള്ളൽ വീഴുമ്പോൾ മുറിവേല്ക്കപ്പെടുന്നത് നീതിയുടെയും ന്യായത്തിന്റെയും പക്ഷത്തുനില്ക്കുന്നവരാണ്. വളർന്നുവരുന്ന കുട്ടികളുടെയിടയിൽ വർധിച്ചുവരുന്ന അക്രമം ആശങ്കകളുയർത്തുന്നു. ലഹരിയുടെ ഉപയോഗവും അതുവഴിയുള്ള അക്രമങ്ങളും സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ അപകടത്തിലാക്കുന്നു. ഇവിടെയെല്ലാം മനുഷ്യന്റെ മഹത്വം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്യുന്നതുപോലെ മനുഷ്യന്റെ അഹങ്കാരത്തിന്റെയും താൻപോരിമയുടെയും പ്രതീകമായ ബാബേൽ ഗോപുരങ്ങൾ തകർത്തുകളഞ്ഞു നീതിയും സമാധാനവും നിലനില്ക്കുന്ന ദൈവമനുഷ്യനഗരത്തിന്റെ നിർമിതിക്കായി ഓരോരുത്തരും അവരവരുടെ പ്രവർത്തനമേഖലകളിൽ ജാഗ്രതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു (മാനവമഹത്വം, 1).

വിശ്വാസത്തിന്റെ ആദ്യപാഠശാല കുടുംബമാണ്. മാതാപിതാക്കളും മക്കളും ഒരുമിച്ചു പ്രാർഥിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതും നമ്മുടെ ധന്യമായ പാരമ്പര്യങ്ങളിൽപെട്ടവയാണ്. എല്ലാവരും അവരവരുടെ തിരക്കുകളിലും ജോലികളിലും വ്യാപൃതരാകുമ്പോൾ കുടുംബത്തിന്റെ പൊതുവായ ആത്മീയത കാത്തുസൂക്ഷിക്കുന്നതിൽ വീഴ്ച്ച വരുന്നുണ്ടോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ മക്കൾക്കു സാങ്കേതികവിദ്യയുടെ ഉപയോഗത്തോടൊപ്പം മാനുഷികമൂല്യങ്ങളും കൈമാറണം. ഡിജിറ്റൽ അടിമത്തത്തിന്റെ അപകടത്തെക്കുറിച്ചു ലെയോ മാർപാപ്പ തന്റെ ചാക്രിക ലേഖനത്തിൽ പ്രത്യകം പരാമർശിക്കുന്നുണ്ട്. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, കുടുംബാംഗങ്ങൾ തമ്മിലുള്ള

സംസാരം കുറയുന്നത്, കുട്ടികളിൽ വർധിച്ചുവരുന്ന സ്ക്രീൻ ആശ്രയത്വം, പ്രാർഥനക്കുള്ള സമയക്കുറവ് ഇതെല്ലാം ഇന്നു നമ്മുടെ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്. കുടുംബസാഹചര്യങ്ങൾ ഒരു വ്യക്തിയുടെ ആത്മീയവും ഭൗതീകവുമായ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതും നിർണായകവുമാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ കുടുംബങ്ങളിൽ 'ഡിജിറ്റൽ ഉപവാസം' (digital fasting) ആചരിക്കാനും ഭക്ഷണ സമയങ്ങളിൽ ഫോൺ ഒഴിവാക്കാനും ദിവസവും കുടുംബപ്രാർഥനക്കു സമയം കണ്ടെത്താനും എല്ലാവരെയും ഞാൻ ആഹ്വാനംചെയ്യുന്നു.

കൂട്ടായ്മ സഭയുടെ സ്വഭാവമാണ്. അതിനാൽത്തന്നെ സഭാംഗങ്ങളെല്ലാവരും കൂട്ടായ്മയിൽ വ്യാപരിക്കുകയും കൂട്ടായ്മ വളർത്തുകയും ചെയ്യുന്നവരാകണം. സഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ വിഭാഗീയചിന്താഗതിസഭാചൈതന്യത്തിനു നിരക്കുന്നതല്ല. സഭയെന്നാൽ നാമെല്ലാവരും ഉൾപ്പെടുന്ന വലിയ കൂട്ടായ്മയാണ്. അതിനാൽത്തന്നെ സഭാസംവിധാനങ്ങളോടു ചേർന്നു പ്രവർത്തിക്കാനുള്ള കടമ എല്ലാവർക്കുമുണ്ട്. വി. സിപ്രിയന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: 'സഭയെ അമ്മയായി കാണാൻ കഴിയാത്തവർക്കു ദൈവത്തെ പിതാവായി കാണാനും കഴിയില്ല' (Habere non potest Deum Patrem qui Ecclesiam non habet matrem, De Catholicae Ecclesiae Unitate, 6).

2026 നമ്മുടെ സഭയിൽ സമുദായശക്തീകരണവർഷമായി ആചരിക്കുകയാണല്ലോ. ഈ വർഷാചരണത്തിനുവേണ്ടി സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിഭാവനം ചെയ്തതും സിനഡ് അംഗീകരിച്ചതുമായ കർമപരിപാടികൾ സഭയുടെ വിവിധതലങ്ങളിൽ ഫല പ്രദമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒരു വിശ്വാസിസമൂഹമെന്ന നിലയിൽ നമ്മുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നാം വിട്ടുവീഴ്ച്ചയില്ലാതെ നിലകൊള്ളുമ്പോഴും മറ്റുള്ളവരെ ബഹുമാനിക്കാനും പൊതുകാര്യങ്ങളിൽ സഹകരിക്കാനും സാധ്യമായ ഇടങ്ങളിലെല്ലാം കൈകോർത്തു പിടിക്കാനും സഭാംഗങ്ങൾ ശ്രദ്ധകാണിക്കണം. സമൂഹത്തിന്റെ പൊതുനന്മക്കുവേണ്ടി, നീതിപൂർവകമായ ഒരു ലോകനിർമിതിക്കുവേണ്ടി എല്ലാവരുമായും സംവദിക്കാനും സഹകരിക്കാനും സഭയെന്നും തത്പരയാണ്. ആരെയും മാറ്റിനിറുത്താതെ, വ്യത്യാസങ്ങളെ ഭയപ്പെടാതെ, സ്നേഹത്തോടെയും സത്യത്തോടെയും മറ്റുള്ളവരുമായി സംവദിക്കുന്ന സഭയായി നമ്മൾ മുന്നോട്ടു പോകണം. നമ്മുടെ പിതാവിന്റെ ധീരമായ മാതൃക പിന്തുടർന്ന് ഈശോയുടെ സുവിശേഷം നിർഭയം പ്രഘോഷിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ സഭാമക്കൾ സുവിശേഷത്തിന്റെ ശുശ്രൂഷക

രായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സേവനം ചെയ്യുന്നു എന്നതോർത്തു ദൈവത്തിനു നന്ദിപറയാം. നമ്മുടെ സഭ ഈ അടുത്ത കാലങ്ങളിൽ സുവിശേഷപ്രഘോഷണമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ ഈയവസരത്തിൽ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. വൈദികരോടും സമർപ്പിതരോടുമൊപ്പം ധാരാളം അല്മായപ്രേഷിതരും സുവിശേഷപ്രഘോഷണത്തിൽ വ്യാപൃതരാണ് എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഭയിലെ അല്മായരുടെ സുവിശേഷപ്രഘോഷണസംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനു സഭാതലത്തിൽ 'ജീവൻ ജ്യോതി' എന്ന മുന്നേറ്റം ആരംഭിച്ച കാര്യവും ഈയവസരത്തിൽ സന്തോഷത്തോടെ അറിയിക്കുന്നു. നമുക്കു സാധിക്കുന്ന വിധത്തിലെല്ലാം എല്ലാ പ്രേഷിതസംരംഭങ്ങളെയും സഹായിക്കുകയും അവയുടെ ഫലപ്രാപ്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം.


ഹൊസൂർ സീറോമലബാർ രൂപതയുടെ നേതൃത്വത്തിൽ മൈലാപൂരിൽ മാർത്തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സാന്തോം കത്തീഡ്രലിന്റെ സമീപം നമുക്കു സ്വന്തമായി ഒരു തീർഥാടനകേന്ദ്രം തയ്യാറായിക്കൊണ്ടിരിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. ഇതിനു നേതൃത്വം നല്കിയ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവിനെയും രൂപത മുഴുവനെയും അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് ഇതുവരെ നിർലോഭമായ സഹായം ഹൊസൂർ രൂപതയ്ക്കു നല്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ കബറിടത്തിനടുത്തു നമുക്കൊരു ആരാധനാസ്ഥലം ഉണ്ടാവുക എന്ന വലിയ സ്വപ്നം പൂർത്തീകരിക്കാൻ നമ്മുടെ എല്ലാ ഇടവകകളും സാധിക്കുന്ന വിധത്തിൽ സഹകരിക്കണമെന്നും ഞാൻ സ്നേഹപൂർവം ഈ അവസരത്തിൽ അഭ്യർഥിക്കുന്നു.

ഈശോയിൽ പ്രിയപ്പെട്ടവരേ, തോമാശ്ലീഹായിലൂടെ നമുക്കു പകർന്നുകിട്ടിയ ഈശോയിലുള്ള വിശ്വാസത്തിനു ജീവിതംകൊണ്ട് സാക്ഷ്യംനല്കാൻ ഈ കാലഘട്ടത്തിൽ നമുക്ക് സാധിക്കണം. ഇന്നത്തെ സാഹചര്യത്തിൽ എല്ലാവരും ശാരീരികമായി രക്തം ചിന്തി കർത്താവിനു സാക്ഷ്യംനല്കാൻ വിളിക്കപ്പെടുന്നില്ല. എന്നാൽ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും മറ്റെല്ലാ ജീവിത സാഹചര്യങ്ങളിലും സത്യത്തിന്റെയും നീതിയുടെയും വിശ്വാസത്തിന്റെയും ക്ഷമയുടെയും എളിമപ്പെടലിന്റെയും ദൈനം ദിന രക്തസാക്ഷിത്വം ഈ കാലഘട്ടം നമ്മിൽനിന്ന് ആവശ്യപ്പെടുന്നുണ്ട്. ബാബേൽ ഗോപുരങ്ങൾ പണിയുന്നവരാകാതെ ദൈവവും മനുഷ്യ

നും ഒരുമിച്ചുവസിക്കുന്ന നഗരങ്ങൾ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും നിർമിക്കുന്ന കർത്താവിന്റെ ശില്പികളായി നമുക്കു മാറാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും സ്നേഹപൂർവം നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പ് പിതാവിന്റെയും മാർതോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2026-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്



**റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ ഇടയലേഖനം 2026 ജൂൺ 28-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർസെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്

# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1385/2026 C - 07
01/06/2026

### ഇടവകതല പാക്ട് പുനഃക്രമീകരണം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

നമ്മുടെ അതിരൂപതയുടെ അജപാലന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ശക്തമാക്കുന്നതിനും വേണ്ടി ഇടവക-ഫൊറോന- അതിരൂപതാതലങ്ങളിൽ പ്രവർത്തിക്കുന്ന സംവിധാനമായ PACT/പാക്ട് (Pastoral Animation and Coordination Team) രൂപം കൊള്ളുന്നത് 2018ൽ നടന്ന മൂന്നാം അതിരൂപത അസംബ്ലിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്. നിയതമായ ഘടനയും നിയമാവലിയും പാക്ട് സംവിധാനത്തിന് അന്നുമുതലേ ഉണ്ടായിരുന്നു. അതിരൂപത അസംബ്ലിയിൽ ഉന്നയിക്കപ്പെട്ട പ്രധാന വിഷയങ്ങളെ ആസ്പദമാക്കി ഓരോ വർഷവും അതിരൂപതയുടെ അജപാലന പദ്ധതി, അതിരൂപത പാക്ട് സെക്രട്ടറിയേറ്റിൽ നിന്നും പ്രസിദ്ധീകരിക്കാറുള്ളതും നമുക്ക് അറിവുള്ളതാണല്ലോ.

ചില കാരണങ്ങളാൽ ഏതാനും ഇടവകകളിൽ പാക്ട് രൂപീകരിക്കപ്പെടുകയുണ്ടായില്ല; രൂപീകൃതമായ ചില ഇടവകകളിലാകട്ടെ പാക്ടിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയും ചെയ്തു. അതിരൂപതയാകുന്ന പ്രാദേശികസഭയിലെ എല്ലാഗണം അംഗങ്ങളുടെയും അഭിപ്രായങ്ങൾ ആരാഞ്ഞ് സുദീർഘമായ നടപടിക്രമങ്ങളിലൂടെയാണ് മൂന്നാം അതിരൂപത അസംബ്ലി പൂർത്തിയായതെന്ന് നാം ഓർക്കുന്നുണ്ടല്ലോ. അത്തരമൊരു അസംബ്ലിയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിനായി അസംബ്ലിതന്നെ നിർദ്ദേശിച്ച പാക്ട് സംവിധാനം പ്രവർത്തന

നിരതമാക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്തമാണ്. പാക്ട് കാര്യക്ഷമമായി പ്രവർത്തിച്ചാൽ നമ്മുടെ അതിരൂപതയ്ക്ക് ഒട്ടേറെ നന്മയുണ്ടാകുമെന്നത് തീർച്ചയാണ്.

പാക്ടിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനുള്ള മാർഗ്ഗങ്ങളെപ്പറ്റി ബഹു. ഫൊറോന വികാരിമാരുടെ മീറ്റിംങ്ങിലും പാക്ട് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംങ്ങിലും ചർച്ച ചെയ്തിരുന്നു. ഇടവകകളിൽ നിലവിലുള്ള സംവിധാനങ്ങളുടെയും സമിതികളുടെയും ഭാരവാഹികളെ ഉൾപ്പെടുത്തിക്കൊണ്ട് പാക്ട് രൂപീകരിക്കുകയാണെങ്കിൽ കാര്യങ്ങൾ സുഗമമാകും എന്ന വിലയിരുത്തലാണ് മേല്പറഞ്ഞ മീറ്റിങ്ങുകളിൽ ഉരുതിരിഞ്ഞത്. ഈ സാഹചര്യത്തിൽ ഇടവകതല പാക്ടിനെ സംബന്ധിക്കുന്ന പുതിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

a. **ഇടവകതല പാക്ട് അംഗങ്ങൾ**

1. ബഹു. ഇടവക വികാരി
2. ബഹു. ഇടവക അസിസ്റ്റന്റ് വികാരി/അസിസ്റ്റന്റ് വികാരിമാർ
3. ഇടവക കൈക്കാരന്മാർ
4. ഇടവക പ്രതിനിധിയോഗം സെക്രട്ടറി
5. ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ
6. ഇടവക ഏകോപനസമിതി സെക്രട്ടറി

b. ഔദ്യോഗികസ്ഥാനം വഴി അംഗമാകുന്ന ഇവർ, സ്ഥാനം ഒഴിയുമ്പോൾ പാക്ടിൽ അംഗമല്ലാതാകുകയും പകരം ഔദ്യോഗികസ്ഥാനങ്ങളിലെത്തുന്നവർ പാക്ടിൽ പുതിയ അംഗങ്ങളാകുകയും ചെയ്യുന്നതാണ്.


c. ഇടവക പ്രതിനിധിയോഗം സെക്രട്ടറി, ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, ഇടവക ഏകോപനസമിതി സെക്രട്ടറി എന്നിവരിൽ നിന്ന് ഒരാളെ ഇടവകതല പാക്ടിന്റെ കൺവീനറായി തെരഞ്ഞെടുക്കേണ്ടതാണ്.

മേല്പറഞ്ഞ വിധത്തിൽ ഇടവകതല പാക്ട് രൂപീകരിച്ച് അംഗങ്ങളുടെ പേരുവിവരങ്ങൾ 2026 ജൂൺ 30-ാം തിയ്യതിക്കു മുമ്പായി അതിരൂപത പാക്ട് സെക്രട്ടറിയേറ്റിൽ അറിയിക്കാൻ എല്ലാ ബഹു. വികാരിയച്ചന്മാരും പ്രത്യേകം ശ്രദ്ധിക്കണം.

വർഷംതോറും പ്രസിദ്ധീകരിക്കുന്ന അതിരൂപത അജപാലന പദ്ധതി അവലംബമാക്കി ഓരോ ഇടവകയിലും പാക്ടിനെ പ്രവർത്തനനിരതമാക്കുന്നതിൽ ബദ്ധശ്രദ്ധയുണ്ടാകണമെന്ന് ഏവരോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹപരിപാലനയിൽ ആശ്രയമർപ്പിച്ച് നമുക്ക് മുന്നേറാം. അതിരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ പരിശുദ്ധ അമലോത്ഭവമാതാവിന്റെ പ്രാർത്ഥനകൾ നമുക്കെന്നും തുണയായിരിക്കട്ടെ.

മിശിഹായിൽസ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB.: ഈ സർക്കുലർ 2026 ജൂൺ 7ന് വി. കുർബാന മധ്യേ ഇടവകകളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. + AT

ധനികനായ യുവാവ്
**എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരൻമാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും**
**(മത്താ. 19, 29)**

# കച്ചേരി വാർത്തകൾ

## 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

ജൂലൈ 2026

3 : മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ
ആദ്യവെള്ളി

5 : ശ്ലീഹാ ഏഴാം ഞായർ

10 : കർത്താവിന്റെ എഴുപത് ശിഷ്യന്മാർ

11 : നർസിയായിലെ വിശുദ്ധ ബനഡിക്ട്

12 : കൈത്താ ഒന്നാം ഞായർ
(പന്ത്രണ്ട് ശ്ലീഹന്മാരുടെ തിരുനാൾ)

15 : വിശുദ്ധ കുര്യാക്കോസ്, വിശുദ്ധ ജൂലിറ്റാ

16 : കർമ്മലമാതാവ്

17 : നിസിബിസ്സിലെ മാർ യാക്കോബ്

19 : കൈത്താ രണ്ടാം ഞായർ

22: വിശുദ്ധ മഗ്ദലേന മറിയം

24: മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി

25: വിശുദ്ധ യാക്കോബ് ശ്ലീഹാ

26: കൈത്താ മൂന്നാം ഞായർ
വിശുദ്ധ യോവാക്കിം, വിശുദ്ധ അന്നാ

28: വിശുദ്ധ അൽഫോൻസാ

29: വിശുദ്ധ മർത്താ

31: വിശുദ്ധ ഇഗ്നേഷ്യസ് ലെയോള

## 2. ജൂലൈ മാസത്തെ പരിപാടികൾ

ജൂലൈ 06 : കൊച്ചച്ചന്മാരുള്ള വികാരിമാരുടെ യോഗം (10:00 am)

06–10 : വൈദികരുടെ തുടർപരിശീലന പ്രോഗ്രാം

13–16 : വൈദികരുടെ തുടർപരിശീലന പ്രോഗ്രാം

18 : അതിരൂപതാതല സന്യസ്തജൂബിലി (10:00 am)
വിദ്യാഭ്യാസ-ആതുര സ്ഥാപന ഡയറക്ടർമാരുടെ യോഗം (02:30 pm)

20: സാമൂഹ്യ സ്ഥാപന ഡയറക്ടർമാരുടെ യോഗം (02:30 pm)
23: ആലോചനസമിതി യോഗം (10:30 am)
സഭാസ്ഥാപന ഡയറക്ടർമാരുടെ യോഗം (02:30 pm)
30: വിയാനി ഡേ, പൗരോഹിത്യ ജൂബിലി & വൈദികസമ്മേളനം

**3. കൈത്താക്കാലം**

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചു കൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചകൾ നീണ്ടു നിൽക്കുന്ന ഈ കാലത്തെ 'കൈത്താക്കാലം' എന്നു വിളിക്കുന്നു. 'കൈത്ത' എന്ന പദത്തിന്റെ അർത്ഥം 'വേനൽ' എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. സഭയുടെ വളർച്ചയെയും ആത്മീയ വിളവെടുപ്പിനെയും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ആരാധന ക്രമകാലമാണ് കൈത്താക്കാലം. ശ്ലീഹന്മാരുടെയും രക്ത സാക്ഷികളുടെയും പ്രേഷിത പ്രവർത്തനഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വേരു പിടിച്ച സഭാതരു പടർന്നു പന്തലിച്ച് വിശുദ്ധിയുടെയും രക്തസാക്ഷിത്വത്തിന്റെയും ഫലം ചൂടുന്നതിനെ യാണ് ഈ കാലം ഓർമ്മിപ്പിക്കുന്നത്.

ശ്ലീഹാക്കാലത്തെയും ഏലിയാ-സ്ലീവ-മൂശെ കാലങ്ങളെയും ബന്ധിപ്പിക്കുന്ന കൈത്താക്കാലം സഭയുടെ പ്രവർത്തനങ്ങളെ കുറിച്ച് പ്രതിപാദിക്കുകയും രക്ഷകന്റെ രണ്ടാം വരവിനു വേണ്ടിയുള്ള നമ്മുടെ ഒരുക്കത്തിന്റെ ആവശ്യകതയെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. മിശിഹായോടു ചേർന്നു നില്ക്കുമ്പോഴാണ് സഭാതരുവിനു വളരാനും സത്ഫലങ്ങൾ നൽകാനും സാധിക്കുന്നത്. സഭാതന യരായ നമ്മിൽ നിന്നും നന്മയുടെ ഫലങ്ങൾക്കായി കർത്താവ് ക്ഷമാപൂർവ്വം കാത്തിരിക്കുകയാണ്. നല്ല ഫലങ്ങൾ പുറ പ്പെടുവിച്ചില്ലെങ്കിൽ സംഭവിക്കാവുന്ന ദുരന്തങ്ങളെ കുറിച്ച് ഈ കാലത്തെ വായനകൾ നമുക്ക് മുന്നറിയിപ്പ് നൽകുന്നു. രക്ഷയുടെ പേടകമായി നിലകൊള്ളുന്ന സഭയ്ക്കെതിരെ അന്ധകാര ശക്തികൾ ആഞ്ഞടിച്ചാലും സഭയുടെ മണവാളനായ മിശിഹാ അമരക്കാര നായിരുന്നുകൊണ്ട് സഭയെ സംരക്ഷിച്ച് അവളെ സ്വർഗ്ഗീയ ഓറശ്ലെമിലേക്ക് നയിക്കും. അതിനാൽ സഭയിൽ അഭയം തേടുന്നവർ ഭയപ്പെടേണ്ടതില്ലെന്ന പ്രത്യാശ ഈ കാലം നമുക്ക് നൽകുന്നു.

**4. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ ജന്മദിനം**

ജൂലൈ 23ന് ജന്മദിനമാഘോഷിക്കുന്ന അഭിവന്ദ്യ ടോണി പിതാവിന് അതിരൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ. അന്നേ

ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി ദിവ്യബലി മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**5. സീറോ മലബാർ സഭാദിനം**

ജൂലൈ 3ന് സീറോ മലബാർ സഭാദിനമാണല്ലോ. അന്നേ ദിവസം നമ്മുടെ സഭക്കും മേജർ ആർച്ച്ബിഷപ്പിനും വേണ്ടി പ്രാർത്ഥിക്കണം. അന്നേ ദിവസം വി. കുർബാന മധ്യേയെടുക്കുന്ന പ്രത്യേക പിരിവ് കാക്കനാട് മേജർ ആർക്കിഎപ്പിസ്കോപ്പൽ സാമ്പത്തിക കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുവാനായി ജൂലൈ 20ന് മുമ്പ് അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്. (ഒരാൾക്ക് 4 രൂപ വീതം).

**6. വൈദിക ഏകദിനസമ്മേളനം, വിയാനി ഡേ, പൗരോഹിത്യ ജൂബിലി:**

വിയാനി ഡേയും വൈദികസമ്മേളനവും 2026 ജൂലൈ 30ന് രാവിലെ 10:00 മണി മുതൽ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. രജത ജൂബിലിയും സുവർണ്ണജൂബിലിയും ആഘോഷിക്കുന്ന വൈദികരെ ഈ യോഗത്തിൽ പ്രത്യേകം അനുമോദിക്കുന്നതാണ്.

**7. വാർഷിക തെരട്ട് :**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ 2026 ആഗസ്റ്റ് 3-ാം തീയതി മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. തെരട്ട് കൊണ്ടു വരേണ്ട ദിവസവും സമയക്രമവും 2026 ജൂൺ മാസത്തെ സാമ്പത്തിക കാര്യാലയം പേജിൽ കൊടുത്തിട്ടുണ്ട്. അതുപ്രകാരം കൃത്യസമയത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ.

തെരട്ട് ഫോമുകൾ ഫൊറോന കാര്യാലയങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഇടവകകൾ തങ്ങളുടെ ഫൊറോനകളിൽ നിന്നും അവ വാങ്ങി കൊണ്ടുപോകേണ്ടതാണ്.

**തെരട്ട് കൊണ്ടുവരുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.**

1. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെയാണ് തെരട്ട് സ്വീകരിക്കുന്നത്; ശനിയാഴ്ചകളിൽ തെരട്ട് സ്വീകരിക്കുന്നതല്ല. പള്ളികളിൽ നിന്നുള്ള തെരട്ട് കൊണ്ട് വരുമ്പോൾ ചെക്കുകൾ 6 എണ്ണമെങ്കിലും കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നു. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലും സമയത്തും വരുന്നുണ്ടെങ്കിലോ, വരാൻ സാധിക്കുന്നില്ലെങ്കിലോ തലേദിവസം

അറിയിക്കുന്നത് നല്ലതാണ്. തെരട്ടുകൊണ്ടുവരുമ്പോൾ ബഹു.വികാരിയച്ചനും, നടത്തുകൈക്കാരനും, കണക്കെഴുത്തുക്കാരനും ചുരുങ്ങിയത് ഉണ്ടാകണം. എല്ലാ കൈക്കാരന്മാരും വരുന്നത് അഭികാമ്യമാണ്.

2. നാൾവഴി, പേരേട്, തെരട്ടു പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് (രണ്ടു കോപ്പി), സി. എ. ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), തെരട്ടുഫോം(രണ്ടു കോപ്പി), ഫൊറോന വികാരിയുടെ സന്ദർശന റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷിക റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷികബജറ്റ് (രണ്ടു കോപ്പി), സംഘടനകളുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ട്(രണ്ടു കോപ്പി), പ്രധാന തിരുനാളുകളുടെ വരവുചെലവു കണക്ക്(രണ്ടു കോപ്പി), ലഘു നിക്ഷേപ പദ്ധതികണക്ക് (രണ്ടു കോപ്പി), മരാമത്ത് കണക്ക്-ഉദാ: പള്ളിപണി, കപ്പേളപണി, ഹാൾ നിർമ്മാണം തുടങ്ങിയവ-(രണ്ടുകോപ്പി), സ്കൂളുകളുണ്ടെങ്കിൽ അവയുടെ വാർഷിക റിപ്പോർട്ട് (മൂന്നു കോപ്പി) എന്നിവ കൊണ്ടുവരണം. എല്ലാ കണക്കുകളും ഇന്റേണൽ ഓഡിറ്റിനും ഒരു ലക്ഷത്തിൽ കവിഞ്ഞ സംഖ്യയുള്ള കണക്കുകൾ സി.എ. ഓഡിറ്റിനും വിധേയമാക്കേണ്ടതാണ്.

3. തെരട്ടു സമർപ്പിക്കാൻ വരുമ്പോൾ ആദ്യം സാമ്പത്തിക കാര്യാലയത്തിൽ കണക്കുകൾ പരിശോധനക്ക് വിധേയമാക്കണം. തെരട്ടുസംഖ്യയും മറ്റ് പിരിവുകളും കത്തോലിക്കാസഭപത്ര വരിസംഖ്യയും സാമ്പത്തിക കാര്യാലയത്തിൽ അടക്കേണ്ടതുമാണ്. തെരട്ടുഫീസ് 5%, വേദോപദേശം 1%, ഫൊറോന വിഹിതം 1/2%, മേജർ സെമിനാരി വിഹിതം 1%, ഞായറാഴ്ച പിരിവ്, പ്രത്യേക പിരിവുകൾ, സെമിനാരി വിഹിതം, വൈദികക്ഷേമനിധി (ഒരു മാസത്തെ അലവൻസ്), അതിരൂപതാബുള്ളറ്റിൻ, സിനഡൽ ന്യൂസ് എന്നിവയുടെ വാർഷിക വരിസംഖ്യ തുടങ്ങിയവ അടക്കേണ്ടതുണ്ട്. തെരട്ട്സംഖ്യക്ക് ഒഴിവ് ചോദിക്കരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. പ്രസ്തുത സംഖ്യ മുഴുവനായി അടക്കാൻ ഒരുങ്ങി വരുമല്ലോ.

4. തുടർന്ന് തെരട്ട് പാസാക്കുന്നതിനായി രേഖകളെല്ലാം കച്ചേരിയിൽ ഹാജരാക്കണം. അതിനോടൊപ്പം പുതിയ കൈക്കാരന്മാരെ നിയമിക്കുന്നതിനുള്ള പാനലും (ഒന്നുക്ക് ഇരട്ടിവീതം) കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

5. ഇടവകകളുടെ സ്ഥിതി വിവര കണക്കുകൾ കൃത്യമായെടുത്തതിനുശേഷം മാത്രം വാർഷിക റിപ്പോർട്ട് പൂരിപ്പിക്കാൻ ശ്രദ്ധിക്കണം. ഉദാ. ആകെ വിശ്വാസികൾ, കുടുംബങ്ങൾ, പുരുഷന്മാർ,

സ്ത്രീകൾ മാമ്മോദീസ, സ്ഥൈര്യലേപനം. വാർഷികറിപ്പോർട്ട് പൂർണ്ണമായി പൂരിപ്പിച്ച് തെരട്ടിനൊപ്പം ഹാജരാക്കണം.

6. ഇടവകയുടെ ആദായനികുതി നിയമപ്രകാരം ചാരിറ്റബിൾ രജിസ്ട്രേഷൻ (12AB) 2025-26ൽ പുതുക്കിയ Order for Registrationന്റെയും പാൻകാർഡിന്റെയും ഓരോ കോപ്പികൾ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

**7. വൈദികരുടെ വാർഷികധ്യാനം :**

ജൂലൈ 5-10 : ഒന്നാം ബാച്ച് (അട്ടപ്പാടി സെഹിയോൻ ധ്യാന കേന്ദ്രം)

സെപ്തംബർ 13-18 : രണ്ടാം ബാച്ച് (ജറുസലെം ധ്യാനകേന്ദ്രം)

സെപ്തംബർ 27- ഒക്ടോബർ 2 : മൂന്നാം ബാച്ച് (മേരിമാത സെമിനാരി)

**10. വൈദികനിയമനം:**

1. ഫാ. ഡേവി കാവുങ്കൽ CMI - കപ്ലോൻ തൃശ്ശൂർ സെന്റ് മേരീസ് സി. എം. സി. ഒഴിവായി; സാധുത 2026 ജൂൺ 1 മുതൽ.
2. ഫാ. സണ്ണി പുന്നേലിപറമ്പിൽ CMI - കപ്ലോൻ തൃശ്ശൂർ സെന്റ് മേരീസ് സി. എം. സി.; സാധുത 2026 ജൂൺ 1 മുതൽ.
3. ഫാ. സെബാസ്റ്റ്യൻ നെടിയാനി VC - കപ്ലോൻ ചൂണ്ടൽ മരീന & സെന്റ് ജോസഫ്സ് സി. എം. സി.; സാധുത 2026 മെയ് 2 മുതൽ.
4. ഫാ. വിൻസെന്റ് ചിറക്കൽമണവാളൻ VC - കപ്ലോൻ ചൂണ്ടൽ മരീന & സെന്റ് ജോസഫ്സ് സി. എം. സി. ഒഴിവായി; സാധുത 2026 മെയ് 2 മുതൽ.
5. ഫാ. ജിയോ ആലനോലിക്കൽ CMI - വികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി; സാധുത 2026 മെയ് 08 മുതൽ.
6. ഫാ. ജെയിൻ താണിക്കൽ CMI - വികാരി വരന്തരപ്പിള്ളി കിഴക്ക്; സാധുത 2026 മെയ് 08 മുതൽ.
7. ഫാ. ഫ്രാൻസിസ് കുരിശ്ശേരി CMI - കപ്ലോൻ ചിയ്യാരം ക്വീൻ മേരി സി. എം. സി. ഒഴിവായി; സാധുത 2026 മെയ് 12 മുതൽ & കപ്ലോൻ ഒളരിക്കര സി. എച്ച്. എഫ്.; സാധുത 2026 മെയ് 29 മുതൽ.
8. ഫാ. അനിൽ കൊങ്കോത്ത് CMI - കപ്ലോൻ ചിയ്യാരം ക്വീൻ മേരി സി. എം. സി.; സാധുത 2026 മെയ് 12 മുതൽ.
9. ഫാ. ജേക്കബ് എടക്കളത്തൂർ - വികാരി മഡോണ നഗർ & കപ്ലോൻ സി. എച്ച്. എഫ്.; സാധുത 2026 ജൂൺ 10 മുതൽ.

10. ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ – വികാരി കൂട്ടാല; വികാരി മഡോണ നഗർ & കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.
11. ഫാ. ജോയ് പുത്തൂർ – നടത്തുവികാരി മഡോണ നഗർ കൂടി; സാധുത 2026 മെയ് 19 മുതൽ ജൂൺ 10 വരെ.
12. ഫാ. റിൻജോ ഓലപ്പുരക്കൽ – വികാരി വെളുത്തൂർ & കപ്ലോൻ വിമലനാഥ എഫ്. സി. സി. വെളുത്തൂർ കൂടി; വികാരി കൂട്ടാല ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.
13. ഫാ. ജസ്റ്റിൻ കൈതാരത്ത് – റസിഡന്റ് സ്റ്റാഫ് സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി ആലുവ; വികാരി വെളുത്തൂർ & കപ്ലോൻ വിമലനാഥ എഫ്. സി. സി. വെളുത്തൂർ ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.
14. ഫാ. ആന്റോ പാണേങ്ങാടൻ – ടീച്ചർ മേരിമാത മേജർ സെമിനാരി & കപ്ലോൻ സി. എച്ച്. എഫ്. ജനറലേറ്റ് കൂടി; സാധുത 2026 മെയ് 19 മുതൽ.
15. ഫാ. അൻവിൻ ചിറ്റിലപ്പിള്ളി – അസി. ഡയറക്ടർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി & വികാരി തങ്ങാലൂർ നോർത്ത്; സാധുത 2026 മെയ് 19 മുതൽ.
16. ഫാ. ടെറിൻ മുള്ളക്കര – വികാരി തങ്ങാലൂർ നോർത്ത് ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.
17. ഫാ. പോൾ താണിക്കൽ – വികാരി വെങ്ങിണിശ്ശേരി & കപ്ലോൻ എഫ്. സി. സി. മഠങ്ങൾ; സാധുത 2026 മെയ് 19 മുതൽ.
18. ഫാ. ജോസ് അറങ്ങാശ്ശേരി – വികാരി വെങ്ങിണിശ്ശേരി & കപ്ലോൻ എഫ്. സി. സി. മഠങ്ങൾ ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.
19. ഫാ. ജോവി കുണ്ടുകുളങ്ങര – വികാരി ചോറ്റുപാറ; വികാരി ഒരുമനയൂർ ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.
20. ഫാ. അഗസ്റ്റിൻ കുളപ്പുറം TOR– വികാരി ഒരുമനയൂർ; സാധുത 2026 മെയ് 19 മുതൽ.
21. ഫാ. ആന്റണി അമ്മുത്തൻ – വികാരി ചോറ്റുപാറ ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.
22. ഫാ. ലിജോ ചാലിശ്ശേരി – വികാരി പുലക്കാട്ടുകര & കപ്ലോൻ സി. എസ്. സി. കൂടി; കപ്ലോൻ സി. എച്ച്. എഫ്. ജനറലേറ്റ് ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.

23. ഫാ. ജിൻസൺ ചിരിയങ്കണ്ടത്ത് - പഠനാവധി; വികാരി പുലക്കാട്ടുകര & കപ്ലോൻ സി. എസ്. സി. ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.

24. ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ - ഡയറക്ടർ ജീസസ് യൂത്ത് ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.

25. ഫാ. റോയ് വേളക്കൊമ്പിൽ - ഡയറക്ടർ ജീസസ് യൂത്ത് കൂടി; സാധുത 2026 മെയ് 19 മുതൽ.

26. ഫാ. സിന്റോ പൊന്തേക്കൻ - പഠനാവധി; അസി. ഡയറക്ടർ ആബാ ധ്യാനകേന്ദ്രം, കരിസ്മാറ്റിക് മൂവ്മെന്റ് & കപ്ലോൻ സി. എസ്. സി. മരിയ ഭവൻ ജനറലേറ്റ് കോലഴി ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.

27. ഫാ. ജോൺസൺ അന്തിക്കാടൻ - ഡയറക്ടർ ലീജിയൻ ഓഫ് മേരി ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.

28. ഫാ. ഇഗ്നേഷ്യസ് നന്തിക്കര - ഡയറക്ടർ ലീജിയൻ ഓഫ് മേരി കൂടി; സാധുത 2026 മെയ് 19 മുതൽ.

29. ഫാ. ഡെന്നി താണിക്കൽ - വികാരി ഇൻ ചാർജ്ജ് വെങ്ങിണിശ്ശേരി & കപ്ലോൻ എഫ്. സി. സി. മഠങ്ങൾ ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.

30. ഫാ. ജോൺസൻ ആക്കമറ്റത്തിൽ - വികാരി ഇൻ ചാർജ്ജ് ചോറ്റുപാറ ഒഴിവായി; സാധുത 2026 മെയ് 19 മുതൽ.

31. ഫാ. പ്രിൻസ് നായങ്കര - അസി. ഡയറക്ടർ ക്രിസ്റ്റീന ഹോം പുല്ലഴി, വികാരിയുടെ സഹായി കൊട്ടേക്കാട് & നോട്ടറി കൂരിയ; സാധുത 2026 മെയ് 19 മുതൽ.

32. ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ - അസോസിയേറ്റ് ഡയറക്ടർ (കൺസ്ട്രക്ഷൻ) ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കൂടി; സാധുത 2026 മെയ് 19 മുതൽ.

33. ഫാ. ജെയ്സൺ തെക്കുംപുറം - കപ്ലോൻ എസ്. എസ്. ജെ. ഡബ്ല്യു വേലൂർ കൂടി; സാധുത 2026 ഫെബ്രുവരി 4 മുതൽ.

34. ഫാ. ജോസ് മണയത്തറ OSH- സ്പിരിച്ച്വൽ ഫാദർ മേരിമാത മേജർ സെമിനാരി; സാധുത 2026 മെയ് 20 മുതൽ.

35. ഫാ. ടോൾമിൻ മൊറോലി - സഹവികാരി പഴുവിൽ ഒഴിവായി; സാധുത 2026 ജൂൺ 1 മുതൽ.

36. ഫാ. ജെയ്മോൻ അറക്കൽ VC- സഹവികാരി പഴുവിൽ; സാധുത 2026 ജൂൺ 1 മുതൽ.

37. ഫാ. ആന്റണി ചിറ്റിലപ്പിള്ളി Jr.– പഠനാവധി; സഹവികാരി മരിയാപുരം & നോട്ടറി കൂരിയ ഒഴിവായി; സാധുത 2026 ജൂൺ 1 മുതൽ.


38. ഫാ. തോമസ് അഞ്ചുപങ്കിൽ – സഹവികാരി മരിയാപുരം; സാധുത 2026 ജൂൺ 1 മുതൽ.

39. ഫാ. ലിൻസ് മേലേപ്പുറം CMI– പ്രീസ്റ്റ് ഇൻ ചാർജ്ജ് ചിയ്യാരം ഗലീലി ഒഴിവായി; സാധുത 2026 മെയ് 24 മുതൽ.

40. ഫാ. പൗലോസ് പഴുങ്കാരൻ CMI– പ്രീസ്റ്റ് ഇൻ ചാർജ്ജ് ചിയ്യാരം ഗലീലി ; സാധുത 2026 മെയ് 24 മുതൽ.

41. ഫാ. അജോ വടക്കേറ്റ് MSJ – ജൂബിലി പാസ്റ്ററൽ കെയർ ടീം ഒഴിവായി; സാധുത 2026 മെയ് 29 മുതൽ.

42. ഡീ. ജോബിൻ നടയ്ക്കൽ CST – ഡീക്കൻ മിനിസ്ട്രി കുന്നംകുളം; സാധുത 2026 മെയ് 20 മുതൽ നവംബർ 08 വരെ.



**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ്

**സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ, സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല**
**(മത്തായി 18 : 3 )**

## ENGAGEMENTS

**JULY 2026**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1-17 | | | Abroad (Canada, USA,Doha) |
| 18 | Sat | Morning | Religious Jubilee |
| | | Afternoon | Meeting of Directors of Charity homes & Educational Institution |
| 19 | | Morning | Catechism Teachers Seminar Inaugration@ DBCLC |
| | | Afternoon | FABC Meeting @ Jakartha, Indonesia |
| 29 | Wed | Morning | Academic Year Inauguration 25th Jubilee celebration @Jyothi Engeneering College |
| 30 | Thu | Whole Day | Vianney Day celebration & Preists' Conference@ Minor Seminary |
| 31 | Fri | Evening | Chrisform Inauguration @ DBCLC |

## ENGAGEMENTS

**JULY 2026**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 2 | Thu | Evening | Holy Mass @ MST Generalate, Pala |
| 3 | Fri | Morning | Dukrana Day @ Kakkanad |
| | | Evening | Oottu Thirunal Holy Mass @ Peringad |
| 4 | Sat | Morning | Benefactors' Meet @ MMMS |

| | | | |
|---|---|---|---|
| 5 | Sun | Morning | Catechism Teachers' Seminar @ DBCLC |
| | | Afternoon | Vocation Seminar for Std.10 @ Foranes |
| | | | Kudumbakoottayma Merit Day @ FAC |
| 6 | Mon | Morning | Meeting of Vicars having Asst.Vicars |
| 10 | Fri | Morning | Holy Mass @ Pre Cana Course |
| | | Evening | New Teachers' Course @ DBCLC |
| 11 | Sat | Morning | Benefactors' Meet @ Mangalapuzha Seminary |
| | | Evening | Online Inauguration of PAROC Course |
| 12 | Sun | Morning | Catechism Teachers' Seminar @ DBCLC |
| | | Afternoon | Vocation Seminar for Std.10 @ Foranes |
| | | | Common Baptism @ Palayur |
| | | Evening | Convention Inauguration @ St.Anns Westfort |
| 13 | Mon | Morning | Convocation @ St.Thomas College |
| 14 | Tue | Morning | Convocation @ St.Thomas College |
| 15-16 | Wed - Thu | | Mangalapuzha Seminary Commission Visit |
| 17 | Fri | Morning | Holy Mass @ Marymatha Seminary |
| | | Evening | Jubilee Mission Trust Meeting |
| 18 | Sat | Morning | Archdiocesan Religious Jubilee @ DBCLC |
| | | Afternoon | Educational Institution Directors' Meeting |
| 19 | Sun | Afternoon | Vocation Seminar for Std.10 @ Foranes |
| 20 | Mon | Morning | Social Institution Directors' Meeting |
| 21 | Tue | Afternoon | STC Trust Meeting |
| 22 | Wed | Morning | Holy Mass & Class @ Minor Seminary |
| 23 | Thu | Morning | Consultors' Meeting @ ABH |
| | | Afternoon | Institution Directors' Meeting |



# നാളാഗമം

## മെയ് 2026

1 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മരിയാപുരം ഇടവ കാതിർത്തിയിൽ തൊഴിലാളി ദിന ത്തോടനുബന്ധിച്ചു കെ എൽ എം ന്റെ നേതൃത്വത്തിൽ നടത്തിയ സംഗമം ഉദ്ഘാടനം ചെയ്യുകയും വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്തു. മാർ എഫ്രേം പള്ളിയിൽ വച്ച് മാർ തോമ സഭാ പാത്രിയർക്കീസ് ആവാ ത്രിതിയനുമായി കൂടിക്കാഴ്ച്ച നടത്തുകയും പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. ഉച്ചക്കു ശേഷം ഫാമിലി അപ്പസ്തോലറ്റിൽ വച്ച് കൂടിയ കുടുംബകൂട്ടായ്മ മാർ കുണ്ടുകുളം അനുസ്മരണായോഗം ഉദ്ഘാടനം ചെയ്തു. ശേഷം നവീകരിച്ച ചേറ്റുപുഴ കർമ്മലമാതാ പള്ളിയുടെ പുനർകൂദാശ കർമത്തിന് മുഖ്യ കാർമികത്വം വഹിച്ചു. അഭിവന്ദ്യമാർടോണി നീലങ്കാവിൽ പിതാവ് രാവിലെ കിഴക്കേ കല്ലൂർ ഇടവകദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. അന്നേദിവസം ഉച്ചയ്ക്ക് മർത്ത് മറിയം കാൽഡിയൻ സിറിയൻ ഭദ്രാസന ദേവാലയത്തിൽ കൽദായ

പാത്രിയാർക്കീസിന് നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സെന്റ് മേരീസ് കോളേജിൽ കലാസദൻ നേതൃത്വം നൽകിയ നൃത്ത അരങ്ങേറ്റം ഉദ്ഘാടനം ചെയ്തു. വൈകിട്ട് ഒളരിക്കര ഹോളി ഫാമിലി കോൺവെന്റിൽ ബഹുമാനപ്പെട്ട സിസ്റ്റർ ആൻഡ്രൂസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി. തുടർന്ന് ഒല്ലൂർ മേരിമാതാ ഇടവക ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് കൂടുതുറക്കൽശുശ്രൂഷ നടത്തി.

2 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ലൂർദ് കത്തീഡ്രൽ പള്ളിയിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യ കാർമികത്വം വഹിച്ചു. മുളയം സെന്റ് പാട്രിക്സ് ദൈവാലയത്തിൽ നിർമ്മല ദാസി സിസ്റ്റേഴ്സിന്റെ സുവർണ്ണ രജത ജൂബിലി കുർബാന അർപ്പിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഡി ബി സി എൽ സിയിൽ വച്ച് നടത്തിയ വൈദീകവസ്ത്രം സ്വീകരിക്കുന്ന വൈദീക വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമത്തിൽ പങ്കെടുക്കുകയും അവരുമായി സംവദിക്കുകയും ചെയ്തു. അതിരൂപത ദിനവുമായി ബന്ധപ്പെട്ട വിളിച്ചു ചേർത്ത പ്രസ് കോൺഫെറൻസിന് നേതൃത്വം നൽകി. മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട കേരള കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും സമാപന സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വടൂക്കര ഇടവക ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദീസ നൽകി. ഉച്ചതിരിഞ്ഞ് ഈ വർഷം പൗരോഹിത്യവസ്ത്രം സ്വീകരിക്കുന്ന സെമിനാരിക്കാരുടെ മാതാപിതാക്കളുടെ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് അതിരൂപത സംഘടിപ്പിച്ച മാധ്യമസമ്മേളനത്തിൽ പങ്കെടുത്തു. പറോക്ക് കോർ മീറ്റിംഗിൽ പങ്കെടുത്തു.

3 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കുണ്ടന്നൂർ കർമലമാതാവിന്റെ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും തുടർന്ന് കാഞ്ഞിരക്കോട്, കുമ്പളങ്ങാട്, തിരുത്തിപ്പറമ്പ്, പുതുരുത്തി എന്നീ ഇടവകകൾ സന്ദർശിക്കുകയും ചെയ്തു. കരുവന്നൂർ കോൺവെന്റിൽ മരണമടഞ്ഞ സിസ്റ്റർ റിറ്റി പോളിന്റെ സംസ്ക്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കിഴക്കേ ആളൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. വൈകിട്ട് വെള്ളാറ്റഞ്ഞൂർ ഇടവകയിൽ എൺപതാം വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

4 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരി മാതാ മേജർ സെമിനാരിയിൽ അതിരൂപതയിലെ വൈദീകർക്കായി സംഘടിപ്പിച്ച ലിവ് & ലേൺ പ്രോഗ്രാം ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവും സംബന്ധിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ നെഹ്റു നഗർ ഇടവക ദൈവാലയത്തിൽ എം എസ് ജെ സന്യാസസമൂഹത്തിന്റെ ഡീക്കൻ പട്ടത്തിന്റെ തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. പുതുക്കാട് ഇടവക കുടുംബത്തിന്റെ സമർപ്പിത സംഗമമത്തിൽ പങ്കെടുത്തു. വൈകീട്ട് ജൂബിലി മിഷൻ ആശുപത്രിയിൽ വച്ച് നടത്തിയ ലിവ് ആൻഡ് & പ്രോഗ്രാമിന്റെ എക്സ്പീരിയൻസ് ഷെയറിങ്ങിൽ പങ്കെടുത്തു.

5 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ, വിദേശത്തുവച്ചു മരണമടഞ്ഞ ഷെയ്ൻസ്റ്റാർട്ട് സന്യാസസമൂഹ അംഗമായ ജിജു കിലുക്കനച്ചന്റെ മൃതസംസ്ക്കര കർമങ്ങളുടെ ഒന്നാം ഭാഗത്തിന് കാർമികത്വം വഹിച്ചു. ഉച്ചക്കുശേഷം പള്ളിക്കുന്ന് ഇടവക ദൈവാലയത്തിൽ അതിരൂപത കുടുംബത്തിൽ നിന്നും മരണമടഞ്ഞ ബഹുമാനപെട്ട പോൾ കാപ്പാനി അച്ചന്റെ മൃതസംസ്ക്കര കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. വൈകീട്ട് ചേറ്റുപുഴ കർമലീത്താ ആശ്രമത്തിൽ നടത്തിയ ബഹുമാനപെട്ട ജോഷി പൊട്ടക്കൽ പിതാവിന്റെ സ്വീകരണ ചടങ്ങിൽ പങ്കെടുക്കുകയും ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. വൈകീട്ട് പെർമെനന്റ് സിനഡിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട പോൾ കാപ്പാനി അച്ചനുവേണ്ടി രാവിലെ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ബഹുമാനപ്പെട്ട ജിജു കിലുക്കൻ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ കാർമ്മികനായി. ഉച്ചതിരിഞ്ഞ് പാവറട്ടി ഇടവക ദൈവാലയത്തിൽ ഡീക്കൻ ജയ്മോൻ അറക്കൽ വി.സി. ക്ക് തിരുപ്പട്ടം നൽകി. തുടർന്ന് പള്ളിക്കുന്ന് ഇടവക ദേവാലയത്തിൽ നടത്തിയ പോൾ കാപ്പാനി അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. തുടർന്ന് ചേറ്റുപുഴ കർമ്മലമാത പ്രൊവിൻഷ്യൽ ഹൗസിൽവച്ച് ബിഷപ്പ് ജോഷി ജോർജിന് നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

6 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ശാന്തി ഭവൻ കോൺവെന്റിൽ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും അവർക്കു ആശംസകൾ അറിയിക്കുകയും ചെയ്തു. ഉച്ചക്ക് ശേഷം പറപ്പൂക്കര ഇടവക ദൈവാലയത്തിൽ വിശുദ്ധ

ബലിയർപ്പിക്കുകയും തിരുനാൾ ആഘോഷങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് വടക്കേ കാരമുക്ക് ഇടവകയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ജോസഫ് നാമധാരികളെ ആദരിക്കുകയും ചെയ്തു.

7-8 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബാംഗ്ലൂർ സെന്റ് ജോൺസിൽ വച്ച് നടത്തിയ സി ബി സി ഐ യുടെ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

7. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ബസിലിക്ക മാതൃവേദിയുടെ സിൽവർ ജൂബിലി ആഘോഷത്തിൽ പ ങ്കെടുത്തു. തുടർന്ന് മണ്ണംപേട്ട മർത്ത സിസ്റ്റേഴ്സിന്റെ രജതസുവർണ്ണ ജൂബിലി ആഘോഷത്തിൽപരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് സെന്റ് തോമസ് കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. വൈകിട്ട് തൃശ്ശൂർ അതിരൂപതയിലെ യുവജനങ്ങൾക്കായി സംഘടിപ്പിച്ച 'ചോസൻ' ധ്യാനം ഉദ്ഘാടനം ചെയ്തു.

8. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്നവർക്കായി പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് ലൂർദ് ഇടവകയിലെ സമർപ്പിതസംഗമത്തിൽ പങ്കെടുത്തു. തുടർന്ന് മൈനർ സെമി നാരി പരിശീലകരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

9. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പെരിങ്ങാട് ഇടവകയിൽ എടക്കളത്തൂർ ജോണി മകൻ സ്മര ണിന്റെ നാലാമത്തെയും അഞ്ചാമത്തേയും കുഞ്ഞുങ്ങൾക്ക് മാമോദീസ നൽകി. എറണാംകുളത്തു ബഹുമാനപെട്ട ജോയ് കൂത്തൂർ അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച ലീഗൽ പരേസി യായുടെ ഉദ്ഘാടനം നിർവഹിച്ചു. ഉച്ചക്കുശേഷം പറപ്പൂർ ഫൊ റോനാ പള്ളിയിൽ വച്ച് നടത്തിയ വൈദീക വസ്ത്ര സ്വീകരണ തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യപിതാക്കന്മാർ കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പുത്തൂർ ഫൊറോന ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് ആഘോഷമായ വി. കുർബാന സ്വീകരണം നടത്തി. തുടർന്ന് കോലഴി പ്രൊ വിൻഷ്യൽ ഹൗസിൽ സിഎംസി സിസ്റ്റേഴ്സ്ന്റെ രജതജൂബിലി ആഘോഷത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പാവറട്ടി ഇടവകയിലെ ശതോത്തര സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

10. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരി

മാതാ മേജർ സെമിനാരിയിൽ നടത്തിയ 'ചോസെൻ' യുവജന ധ്യാനത്തിന്റെ സമാപന ദിനത്തിൽ അവരോടൊപ്പം വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു. വൈകീട്ട് തൃശൂർ ബസിലിക്ക പള്ളിയിൽ വച്ച് ദൈവശബ്ദം കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിയ സമൂഹവിവാഹത്തിന്റെ സ്വീകരണ പരിപാടിയിൽ പങ്കെടുക്കുകയും അവർക്ക് അനുമോദനങ്ങളും സമ്മാനങ്ങളും നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കാഞ്ഞിരക്കോട് കുരിശുപള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഡി.ബി.സി.എൽ.സി. യിൽ നടന്ന വിശ്വാസ പരിശീലന സെക്രട്ടറിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

11 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പീച്ചി ഇടവക ദൈവാലയത്തിൽ സെന്റ് ജോസഫ് ദി വർക്കർ സന്യാസ സമൂഹത്തിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും കാര്യ പരിപാടികൾ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. പടവരാട് എഫ് സി സി കോൺവെന്റിൽ മരണമടഞ്ഞ സിസ്റ്റർ ജൂലി റോസിന്റെ നിര്യാണത്തിൽ അനുശോചിക്കുകയും മൃതസംസ്ക്കര കർമങ്ങൾക്കു കാർമ്മികത്വം വഹിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മണ്ണംപേട്ട ഇടവക ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. പീച്ചിയിൽ SSJW സിസ്റ്റേഴ്സിന്റെ രജതജൂബിലി ആഘോഷങ്ങളിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

12 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരി മാതാ മേജർ സെമിനാരിയിൽ അതിരൂപതയിലെ വൈദീകർക്കായി സംഘടിപ്പിച്ച ലിവ് & ലേൺ പ്രോഗ്രാം ഉദഘാടനം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് പ്രോഗ്രാമിൽ സംബന്ധിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അത്താണി പീസ് ഹോമിൽ വച്ച് നടത്തപ്പെട്ട സമർപ്പിത സംഗമത്തിൽ പങ്കെടുത്തു. ജൂബിലി മിഷൻ ആശുപത്രിയിൽ വച്ച് നടത്തിയ ലിവ് & ലേൺ പ്രോഗ്രാമിന്റെ എക്സ്പീരിയൻസ് ഷെയറിങ്ങിൽ പങ്കെടുത്തു.

13 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ നടത്തിയ അതിരൂപതയിലെ മേജർ സെമിനാരിക്കാരുടെ കോൺഫെറൻസിൽ പങ്കെടുക്കുകയും വിശുദ്ധ ബലിയർപ്പിച്ച പ്രാർത്ഥിക്കുകയും ചെയ്തു. മേരിമാതാ മേജർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ട ലിവ് &

ലേൺ പ്രോഗ്രാമിന്റെ ഷെയറിങ് സെഷന് നേതൃത്വം നൽകി. മൈനർ സെമിനാരിയിൽ നടത്തിയ അതിരൂപത കുടുംബത്തിലെ എല്ലാ വൈദികവിദ്യാർഥികളുടെ സംഗമത്തിൽ പങ്കെടുക്കുകയും അവരോട് സംവദിക്കുകയും ചെയ്തു. അതിരൂപത ഭവനത്തിൽ കൂടിയ ഫിനാൻസ് കൗൺസിലിന്റെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മേജർ സെമിനാരി കോൺഫറൻസിൽ പങ്കെടുത്തു. വൈകിട്ട് അതിരൂപത ആസ്ഥാനത്ത് വെച്ച് നടന്ന ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു.

14 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അതിരൂപത ഭവനത്തിൽ വച്ച് കൂടിയ ഫൊറോനാ വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. ആലോചനസമിതി മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചേറ്റുപുഴ ഇടവക ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. ഫൊറോന വികാരിമാരുടെ മീറ്റിംഗിലും ആലോചന സമിതിമീറ്റിംഗിലും പങ്കെടുത്തു.

15 . അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ വിവാഹത്തിനൊരുക്കമായുള്ള പ്രീ കാന കോഴ്സ് ചെയ്യുന്നവരെ സന്ദർശിക്കുകയും വിശുദ്ധ ബലിയർപ്പിച്ച പ്രാർത്ഥിക്കുകയും ചെയ്തു. ഡി ബി സി എൽ സിയിൽ നടത്തപ്പെട്ട അതിരൂപതയിലെ കൊച്ചച്ചന്മാരുടെ മീറ്റിംഗിൽ പങ്കെടുത്തു അവർക്കു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അതിരൂപത ഭവനത്തിൽ കൂടിയ മേരിമാതാ മേജർ സെമിനാരിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. പബ്ലിക് അഫയേഴ്സിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഡി.ബി. സി.എൽ. നടന്ന മൈനർ സെമിനാരി ഫോർമേഷനുമായി ബന്ധപ്പെട്ട മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് കൊച്ചച്ചൻമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് അതിരൂപത ആസ്ഥാനത്ത് നടന്ന മേരിമാതാ മേജർ സെമിനാരി എക്സിക്യൂട്ടീവ് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകിട്ട് ജൂബിലി മിഷൻ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് സീറോ മലബാർ ലിറ്റർജി കമ്മീഷൻ മീറ്റിംഗിൽ ഓൺലൈൻ ആയി പങ്കെടുത്തു.

16. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ എടക്കളത്തൂർ ഇടവകയിൽ മൂക്കൽ ലിജോ ടിജി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമോദീസ നൽകി. ചെമ്പൂക്കാവ്

ഹോളി ഫാമിലി കോൺവെന്റിൽ മരണമടഞ്ഞ സിസ്റ്റർ റോസ്‌ലിന്റിന്റെ മൃതസംക്കാര കർമങ്ങൾക്കു കാർമികത്വം വഹിച്ചു. അതിരൂപത ദിനത്തോടനുബന്ധിച്ചുള്ള മീറ്റിംഗിൽ പങ്കെടുത്തു. തൃശൂർ കാസിനോ ഹോട്ടലിൽ നടത്തിയ ദീപിക ദിനപത്രത്തിന്റെ നൂറ്റിനാല്പതാം വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പാവറട്ടിയിൽ നടന്ന ബഹുമാനപ്പെട്ട ജോസ് പോന്നോർ OFM Cap. അച്ചന്റെ സഭാവസ്ത്രസ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപത സ്ഥാനത്ത് നടന്ന പാലയൂർ തീർത്ഥാടന അവലോകന യോഗത്തിൽ പങ്കെടുത്തു. തുടർന്ന് മൈനർ സെമിനാരി ഫോർമേഷനുമായി ബന്ധപ്പെട്ട മീറ്റിംഗിൽ പങ്കെടുത്തു.

17 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അതിരൂപത ദിനത്തോടനുബന്ധിച്ചു വടക്കാഞ്ചേരി ഫൊറോനാ പള്ളി നിർമിച്ചു നൽകുന്ന രണ്ട് കാരുണ്യ ഭവനങ്ങളുടെ വെഞ്ചിരിപ്പ് കർമങ്ങൾക്കു കാർമികത്വം വഹിച്ചു. കാറ്റക്കിസം പ്രിൻസിപ്പാൾമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. ലോഫ് സംഘടനയുടെ വ്രതനവീകരണകർമങ്ങൾക്കു കാർമികത്വം വഹിച്ചു. ലൂർദ് കത്തീഡ്രൽ പള്ളിയിൽ നടത്തിയ ഏഞ്ചലോസ് എന്ന പരിപാടിയിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. മനക്കൊടി സാവിയോ ഹോമിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു. ചേറ്റുപുഴ ഇടവകയുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് LOAF സംഘടനയുടെ വ്രത നവീകരണചടങ്ങിൽ പങ്കെടുത്തു.

18 അതിരൂപത ആസ്ഥാനത്ത് ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകിയ സ്വീകരണത്തിലും പാക്ടിൻറെ ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിംഗിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മണ്ണുത്തി സമരിറ്റൻ സിസ്റ്റേഴ്സിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ സമരിറ്റൻ സിസ്റ്റേഴ്സിന്റെ ആദ്യ വ്രതവാഗ്ദാന തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആറമ്പിള്ളി ദേവാലയത്തിൽ നടന്ന എഫ്. സി. സി. സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

19 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കുരിയച്ചിറ സെന്റ് ജോസഫ്സ് സ്കൂളിൽ സംഘടിപ്പിച്ച ഭിന്നശേഷിക്കാരുടെ സംഗമം ഉദ്ഘാടനം ചെയ്തു. അതിരൂപത ഭവനത്തിൽ പുതുതായി വൈദീക വസ്ത്രം സ്വീകരിച്ച വൈദികവിദ്യാർത്ഥികളുടെ സ്വീകരണ ചടങ്ങിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ HOPE മിനിസ്ട്രി സംഘടിപ്പിച്ച ഭിന്നശേഷിക്കാരുടെ സമ്മേളനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

20 വടക്കാഞ്ചേരി ഫൊറോനാ പള്ളിയിൽ നടത്തിയ അതിരൂപത ദിനത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മുക്കാട്ടുകര ഇടവകാതിർത്തിയിൽ ബോൺ നത്താലെയുടെ ഭാഗമായി തൃശൂർ അതിരൂപത നിർമിച്ചു നൽകുന്ന കാരുണ്യ ഭവനത്തിന്റെ ആശീർവാദകർമം നിർവഹിച്ചു.

21 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അത്താണി ടിംഹാൻസിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും അവർക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു. ആമ്പ്വാധ്യാനകേന്ദ്രത്തിലെ പെന്തക്കുസ്താ ഒരുക്ക കൺവെൻഷൻ ഉദ്ഘാടനം നിർവഹിക്കുകയും പ്രാരംഭ സന്ദേശം നൽകുകയും ചെയ്തു. പുതുതായി നിർമിക്കപ്പെട്ട മുള്ളൂർക്കര സെന്റ് ആന്റണിസ് ദൈവാലയത്തിന്റെ കൂദാശകർമം പാരികർമം ചെയ്തു. വീണ്ടശ്ശേരി ഇടവക ദൈവാലയത്തിൽ വച്ച് നടത്തിയ അതിരൂപതയിലെ വൈദീകർക്കായുള്ള പെന്തക്കോസ്താ ഒരുക്ക ശുശ്രൂഷയിൽ പങ്കെടുത്തു കൈവെപ്പു പ്രാർത്ഥന നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ അതിരൂപതയിലെ ഡീക്കന്മാരുടെ ഭവനങ്ങൾ സന്ദർശിച്ചു. വൈകിട്ട് പോട്ടോർ കുരിശുപള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് വീണ്ടശ്ശേരി ഇടവക ദേവാലയത്തിൽ വൈദീകർക്ക് ഒരുക്കിയ പന്തക്കുസ്ത ഒരുക്ക അഭിഷേക ആരാധനയിൽ പങ്കെടുത്തു.

22 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശൂർ അസീസി പ്രൊവിൻഷ്യൽ ഹൗസിൽ നിത്യവ്രതം സ്വീകരിച്ചവരോടൊപ്പം കൃതജ്ഞത ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും അവർക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാക്കനാട് വച്ച്

നടന്ന LRC സെമിനാറിൽ പങ്കെടുത്തു.

23 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പേരാമംഗലം ഇടവകയിൽ എലുവത്തിങ്കൽ തോമസ് ജോബി, ലിഷ ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മണ്ഡലത്തിൽ വിജയിച്ച മന്ത്രിയായ ശ്രീ. ഒ ജെ ജെനിഷിന് അതിരൂപതകുടുംബത്തിൽ സ്വീകരണം കൊടുത്തു. രാവിലെ ഡി ബി സി എൽ സിയിൽ വച്ച് നടത്തിയ പരിചമുട്ട് ക്യാമ്പ് സന്ദർശിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മറ്റം ഇടവകതിർത്തിയിൽ ഉൾപ്പെട്ട അസംപ്ഷൻ കോൺവെന്റിന്റെ നൂറാം വർഷ ആഘോഷങ്ങളുടെ ഭാഗമായി വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാക്കനാട് വച്ച് നടന്ന LRC സെമിനാറിൽ പങ്കെടുത്തു.

24 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അത്താണി ഇടവകയിൽ സമുദായശക്തീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയും വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. സെന്റ് ജോസഫ്സ് കുരിയച്ചിറ സ്കൂളിൽ വച്ച് നടത്തിയ ജീസസ്  യൂത്തിന്റെ റീ കമ്മിറ്റ്മെന്റ് പ്രോഗ്രാമിൽ പങ്കെടുത്ത് അവർക്ക് ആശീർവാദം നൽകി. ഫ്രാൻസിസ് പാപ്പാ; മാനവിക ദർശനം എന്ന പുസ്തകത്തിന്റെ പ്രകാശനം മാതൃഭൂമി ഓഫീസിൽ വച്ച് നിർവഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പാലയൂർ ഇടവകയിൽ പരിശുദ്ധ കുർബാന അർപ്പിച്ച് കുട്ടികളുടെ എഴുത്തിനിരുത്തൽ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് വിശ്വാസ പരിശീലന അധ്യാപകർക്കായി നടത്തിയ ഏകദിന സെമിനാറിൽ വിവിധ ഫൊറോനകളിൽ  പങ്കെടുത്തു. ഉച്ചതിരിഞ്ഞ് കെസിവൈഎം സംഘടനയുടെ കർമ്മപദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ചു. വൈകീട്ട് നാട്ടിക ഇടവകയുടെ ഇടവകദിന പരിപാടികൾ ഉദ്ഘാടനം ചെയ്തു.

25 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മരിയാപുരം ഇടവകാതിർത്തിയിലെ പുതുതായി നിർമിച്ച മർത്ത സന്ന്യാസ സമൂഹത്തിന്റെ ഭവനം ആശീർവ്വദിച്ചു. മേരിമാതാ മേജർ സെമിനാരിയിലെ സ്റ്റാഫ് ആനിമേഷൻ പ്രോഗ്രാമിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സമരിറ്റൻ സിസ്റ്റേഴ്സിന്റെ ജനറലൈറ്റിൽവെച്ച് സന്യാസാർത്ഥികളുമായി അഭിമുഖം നടത്തി. വൈകീട്ട് മേജർ സെമിനാരിയിലെ വൈദീകരുമായുള്ള മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് ലിറ്റർജി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

മംഗലപ്പുഴ സെമിനാരിയുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

26 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം തലശ്ശേരി അതിരൂപതയുടെ പുതുതായി പ്രവർത്തനമാരംഭിച്ച മൈനർ സെമിനാരിയുടെ ആശീർവാദ കർമത്തിനും വിശുദ്ധ കുർബാനക്കും മുഖ്യ കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചിറ്റിലപ്പിള്ളി ഇടവക ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. ഉച്ചതിരിഞ്ഞ് പടവരാട് എസ് എ ബി എസ് കോൺവെന്റിൽ സിസ്റ്റർ മേരി കൊടിയന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികനായി.

27 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഏനാമാവ് കർമ്മലമാതാ പള്ളിയിൽ വച്ച് ചീരമ്പൻ പ്രിൻസ്, സൗമ്യ ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമോദീസ നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മുണ്ടൂർ ദൈവാലയത്തിൽ ജോയ് ഫ്രാൻസിസ് എടക്കളത്തൂർ അച്ചന്റെ അനുസ്മരണാർത്ഥം പരിശുദ്ധ കുർബാന അർപ്പിച്ചു.

28. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പട്ടിക്കാട് ഫൊറോനാ പള്ളിയിൽ മലയിൽ ടൈറ്റസ്, റിൻസി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമോദീസ നൽകി. മണ്ണുത്തി പ്രേഷിതാരം സി എം ഐ സന്യാസമൂഹ അംഗമായ ഫാദർ ഡേവിസ് കുറ്റികാട്ടിൽ നിര്യാണത്തിൽ അനുശോചിക്കുകയും മൃതസംക്കാര കർമങ്ങളുടെ ഒന്നാംഘട്ട തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പാലക്കാട് ഭാരത മാതാ സിഎംഐ ആശ്രമത്തിൽ നടന്ന ബഹുമാനപ്പെട്ട ഡേവിസ് കുറ്റിക്കാട്ട് അച്ചന്റെ മൃതസംസ്കാരൂഷയിൽ പങ്കെടുത്തു. വൈകീട്ട് മൈനർ സെമിനാരി ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

28–29 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തിരുവനന്തപുരം സെക്രട്ടേറിയറ്റ് സന്ദർശിക്കുകയും ബഹുമാനപെട്ട മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

29. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വിവാഹ ഒരുക്ക കോഴ്സിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപത ആസ്ഥാനത്ത് നടന്ന ഇൻസ്റ്റിറ്റ്യൂഷൻ ഡെസ്ക് മീറ്റിങ്ങിൽ പങ്കെടുത്തു. വൈകിട്ട് ലൂർദ് സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന ചടങ്ങിൽ പങ്കെടുത്തു.

30 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം ബസിലിക്ക പള്ളിയിൽ ലോക സമാധാനത്തിനുവേണ്ടി ജപ

മാല പ്രാർത്ഥനയിൽ പങ്കെടുത്തു പ്രാർത്ഥിക്കുകയും വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അതിരൂപത സ്റ്റാഫിന്റെ വിനോദയാത്രയിൽ പങ്കെടുത്തു.


31 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പള്ളിക്കുന്ന് ഇടവക ദൈവാലയത്തിലെ നാനൂറോളം പേർ എഴുതിയ ബുക്ക് ഓഫ് റെക്കോർഡിന് അർഹമായ ബൈബിൾ പ്രതിഷ്ഠ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും വിശുദ്ധ ബലിയർപ്പിച്ച പ്രാർത്ഥിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മുള്ളൂർക്കര ഇടവകദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും സമർപ്പിതസംഗമത്തിൽ പങ്കെടുക്കുകയും ചെയ്തു. വൈകിട്ട് വിശ്വാസപരിശീലന അതിരൂപതാതല ഉദ്ഘാടനത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

ശിഷ്യൻമാർക്കുവേണ്ടി
പ്രാർഥിക്കുന്നു

**അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.**

**(യോഹ 17, 21)**

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



**രണ്ടാം ശനി ഓർമ്മയാചരണം**

വൈറ്റിലയിൽ നിന്നുള്ള ജിമ്മി മാത്യു ഊക്കൻ, & ഫാമിലി ഏറ്റെടുത്തു നടത്തിയ ജൂൺ മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണത്തിന് കാർമ്മികത്വം വഹിച്ച് സന്ദേശം നൽകിയത് തൃശ്ശൂർ അതിരൂപതാംഗവും ചൊവ്വന്നൂർ സെന്റ് തോമസ് ഇടവകയുടെ താൽക്കാലിക വികാരിയുമായ ബഹു. സ്റ്റീഫൻ അറയ്ക്കൽ അച്ചനാണ്. തീർത്ഥാടക സമൂഹമായെത്തിയ വരടിയം സെന്റ് ആന്റണീസ് ഇടവകാംഗാങ്ങളോടൊപ്പ മുണ്ടായിരുന്ന സി എസ് സി സാൻതോം മിഷൻ ഹൗസിലെ ചാരിറ്റി സിസ്റ്റേഴ്സാണ് ആരാധനയ്ക്കും ജപമാലയ്ക്കും നേതൃത്വം നൽകിയത്. ഇതരദേശങ്ങളിൽ നിന്നുവന്ന ധാരാളം വിശ്വാസികളുടെ സാന്നിധ്യവും തിരുകർമ്മങ്ങളിൽ ആദ്യന്തം ഉണ്ടായിരുന്നു.

**ബഹു. സ്റ്റീഫനച്ചന്റെ സന്ദേശത്തിൽ നിന്നും:**


ചൊവ്വന്നൂർ ഇടവക വികാരി ചികിത്സാർത്ഥം അവധിയിലായ സാഹചര്യത്തിലാണ് ഞാനിവിടെ ശുശ്രൂഷയ്ക്കായി നിയമിതനാകുന്നത്. എന്റെ ജിവിതത്തിലെ വലിയ ദൈവാനുഗ്രഹത്തിന്റെ ദിവസങ്ങളായിട്ടാണ് ഞാനിതി

നെ കാണുന്നത്. എന്റെയീ പഠനാവധിക്കാലത്ത് ഒരു പുണ്യ വൈദികൻ ശുശ്രൂഷ ചെയ്ത് അന്ത്യവിശ്രമം കൊള്ളുന്ന ഈ പുണ്യഭൂമിയിൽ ആയിരിക്കാൻ സാധിച്ചത് വലിയ ഭാഗ്യവുമായി കരുതുന്നു. ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെക്കുറിച്ച് അറിവുകൾ സമ്പാദിക്കുന്നതിനിടയിൽ എന്നെ ഏറെ സ്പർശിച്ച ഒരു കാര്യം അനാഥനായി വളരുവാൻ ഇടയായ അദ്ദേഹത്തിന്റെ ബാല്യകാലം ആണ്. രണ്ടര വയസ്സിൽ അമ്മയും ആറ് വയസ്സിൽ അപ്പനും മരണമടഞ്ഞതോടെ ഏകനായിത്തീർന്ന ഈ പുരോഹിത ശ്രേഷ്ഠന്റെ ജീവിതം പിന്നീട് ദൈവപരിപാലനയിൽ ധന്യമായിത്തീർന്ന ചരിത്രം എനിക്കും ഏറെ പ്രചോദനം നൽകുന്നു. ലോകത്തെ പ്രകാശിപ്പിക്കുവാനായി ദൈവം തരുന്ന വിളക്കുകളാണ് വിശുദ്ധർ. ബാല്യകാലത്തെ തിക്താനുഭവങ്ങൾ പലരെയും ക്രൂരന്മാരാക്കിയതായി ലോകചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഹിറ്റ്ലറും മുസ്സോളിനിയുമെല്ലാം ഉദാഹരണങ്ങൾ! ധന്യനായ ഊക്കനച്ചനും ഒരു പക്ഷേ അങ്ങനെ ആയിത്തീർന്നിരുന്നേനെ! പക്ഷേ ദൈവത്തിന്റെ കരുതലും കരുണയും സംരക്ഷണവും അദ്ദേഹത്തെ അവശർക്കും ആലംബഹീനർക്കും പരിത്യക്തർക്കുമെല്ലാം താങ്ങും തണലും പരിഗണനയുമൊക്കെ പകർന്നു കൊടുക്കുന്ന പിതാവാക്കിത്തീർത്തു. ദൈവത്തിന് അദ്ദേഹത്തെപ്പറ്റിയുണ്ടായിരുന്ന പദ്ധതിയാണ് ഇന്നദ്ദേഹം ധന്യ പദവിയോളം ഉയർത്തപ്പെട്ടിരിക്കുന്നത്! ദൈവം ഓരോരുത്തരെയും വിളിക്കുന്നുണ്ട്. എന്നാൽ നമ്മുടെ ജീവിതങ്ങളിൽ ദൈവം ഇടപെടുന്ന വഴികൾ വ്യത്യസ്തങ്ങളാണ്. അത് മനസ്സിലാക്കിയെടുക്കുവാനും പ്രത്യുത്തരം നൽകുവാനും നാം ശ്രമിക്കണം. ജീവിത പ്രതിസന്ധികളിൽ ദൈവത്തോട് പരാതി പറയുന്നതിലുപരി അവ ദൈവഹിതമാണെന്ന് തിരിച്ചറിഞ്ഞ് ദൈവമഹത്വത്തെ സാക്ഷ്യപ്പെടുത്തുവാൻ തക്ക മാതൃക നൽകുന്നതാണ് ധന്യനായ ഊക്കനച്ചന്റെ ജീവിതം. വിശുദ്ധർ തങ്ങളുടെ ജീവിതങ്ങൾ നന്നായി തുടങ്ങിയവരല്ല, പക്ഷെ നന്നായി അവസാനിപ്പിച്ചവരാണ്. അതിനാൽ ഈ സന്നിധിയിലിരുന്ന് ചിന്തിക്കുമ്പോൾ തിരിച്ചറിയാം; ഇനിയും വൈകിയിട്ടില്ല; സമയമുണ്ട്. എന്നിലെ ന്യൂനതകളെ ദൈവകരങ്ങളിൽ സമർപ്പിച്ച് വിശുദ്ധിയോടെ വ്യാപരിക്കാൻ! ധന്യനായ ഊക്കനച്ചനോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം!

ബഹു. ഫാ. സ്റ്റീഫൻ അറയ്ക്കൽ എല്ലാവർക്കും സ്വാഗതവും നന്ദിയും പറയുകയും ചെയ്തു.

ധന്യനായ ഊക്കനച്ചന്റെ മാധ്യസ്ഥം വഴി തങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങളെ രണ്ട് പേർ സാക്ഷ്യപ്പെടുത്തി.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



1930 മുതൽ 1963 വരെ ചേലക്കരയുടെ സമസ്ത മേഖലകളിലും നിറസാന്നിധ്യമായിരുന്ന ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ അച്ചന്റെ അറുപത്തി മൂന്നാം ശ്രാദ്ധാചരണം 2026 ജൂൺ 31 മുതൽ ജൂൺ 9 വരെ ഭക്തി നിർഭരമായ തിരുകർമ്മങ്ങളോടെ ആചരിച്ചു. വചനം വിളക്കാക്കി വിശ്വാസത്തിലും വിശുദ്ധിയിലും പരസ്നേഹത്തിനും പ്രേഷിത തീക്ഷ്ണതയിലും ക്രിസ്തുവിന് സാക്ഷ്യം വഹിച്ച ദൈവദാസന്റെ ജീവിതാനുഭവത്തിന് സാക്ഷ്യം വഹിക്കാൻ വിവിധ സ്ഥലങ്ങളിൽ നിന്നെത്തിയ നൂറുകണക്കിന് വിശ്വാസികൾ തിരുകർമ്മങ്ങളിൽ പങ്കെടുത്തു.

ശ്രാദ്ധാചരണത്തോടനുബന്ധിച്ച് പുറത്തിറക്കിയ ബ്രോഷറിന്റെ പ്രകാശന കർമ്മവും ശ്രാദ്ധാചരണ കമ്മിറ്റി ഓഫീസിന്റെ പ്രവർത്തന ഉദ്ഘാടനവും തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. 63 ാം ശ്രാദ്ധാചാരണത്തിന് തുടക്കം കുറിച്ചുകൊണ്ട് മെയ് 31ന് നാമകരണ

നടപടികളുടെ വൈസ് പോസ്റ്റുലേറ്റർ റവ. ഡോ പോൾ പുളിക്കൻ ദിവ്യബലി അർപ്പിച്ചു. സപ്ലിമെന്റിന്റെ പ്രകാശനകർമ്മം കൺവീനർ ജോസ് കാട്ടൂരിന് നൽകിക്കൊണ്ട് അദ്ദേഹം നിർവഹിച്ചു. ശ്രാദ്ധാചാരണ സന്ദേശം നൽകിക്കൊണ്ട് ഫൊറോന കെസിവൈഎം നേതൃത്വത്തിൽ നടത്തിയ ബൈക്ക് റാലി റവ. ഫാ. സിന്റോ മറോക്കി ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്നുള്ള ദിവസങ്ങളിലെ തിരുകർമ്മങ്ങൾക്ക് തൃശൂർ അതിരൂപത ചാൻസലർ റവ. ഫാ. ഡൊമിനിക് തലക്കോടൻ, പട്ടിക്കാട് ഫൊറോനാ വികാരി റവ. ഫാ. തോമസ് വടക്കൂട്ട്, മണ്ണാർക്കാട് ഫൊറോനാ വികാരി റവ. ഫാ. രാജു പുളിക്കത്താഴ്, മലങ്കര ക്രമത്തിലെ വിശുദ്ധ കുർബാനയ്ക്ക് കുന്നംകുളം ഡിസ്ട്രിക്ട് ഫൊറോന വികാരി റവ.ഫാ.തോമസ് വെട്ടിക്കാട്ടിൽ, പഴുവിൽ ഫൊറോന വികാരി റവ. ഫാ. ജോബ് വടക്കൻ, വേലൂർ ഫൊറോന വികാരി റവ. ഫാ ജയ്സൺ തെക്കുംപുറം, ഒല്ലൂർ ഫൊറോന വികാരി റവ. ഫാ. വർഗീസ് കുത്തൂർ തുടങ്ങിയവർ നേതൃത്വം നൽകി.

അന്തോണി അച്ചന്റെ പ്രേഷിത യാത്രയെ അനുസ്മരിച്ചുകൊണ്ട് മുള്ളൂർക്കര സെന്റ് ആൻറണീസ് ദേവാലയത്തിൽ നിന്നും ആരംഭിച്ച് ചേലക്കര സെ. മേരീസ് ഫൊറോന ദേവാലയത്തിലേക്ക് ജൂൺ ഏഴിന് തീർത്ഥാടക പദയാത്ര സംഘടിപ്പിച്ചു. രാവിലെ ചേലക്കര സെ. മേരീസ് ഫോറോന വികാരി റവ. ഫാ. ജയ്സൺ പുലിക്കോട്ടിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 3:00 മണിക്ക് മുള്ളൂർക്കര ഇടവക വികാരി റവ. ഫാ. ഷിജു ചിറ്റിലപ്പള്ളി ദിവ്യബലി അർപ്പിച്ചതിനു ശേഷം തീർത്ഥാടന പദയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. ജയ്സൺ കൂനംപ്ലാക്കൽ പദയാത്രയുടെ സമാപനാശീർവാദം നൽകി. നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്ത തീർത്ഥാടന പദയാത്രയ്ക്ക് റവ. ഡോ. പോൾ പുളിക്കൻ റവ. ഫാ. ജയ്സൺ പുലിക്കോട്ടിൽ, റവ. ഫാ. അജീഷ് പെരിഞ്ചേരി, റവ. ഫാ. ബാസ്റ്റ്യൻ ചുങ്കത്ത് തുടങ്ങിയവർ നേതൃത്വം നൽകി. ശ്രദ്ധാചാരണ ദിനമായ ജൂൺ 9ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് മെൽബൺ രൂപത മുൻ മെത്രാൻ മാർ ബോസ്കോ പുത്തൂർ ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായ ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ സഹായ പദ്ധതിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. തൃശ്ശൂർ സെന്റ് ആൻസ് ചർച്ച് ഇടവക അസിസ്റ്റന്റ് വികാരി റവ. ഫാ. മേജോ മുത്തിപീടിക സഹകാർമിക നായിരുന്നു. നാമകരണ നടപടികളുടെ എക്സ്റ്റേണൽ കൊളാബ്രേറ്റർ റവ. ഫാ. ജിസോ കുറ്റിക്കാട്ട് ശ്രാദ്ധദിന സന്ദേശം നൽകി. ഇരിങ്ങാലക്കുട രൂപത കോട്ടാറ്റ് ഇടവക വികാരി റവ. ഫാ. ബെന്നി കരിമാലിക്കൽ ആയിരങ്ങൾ പങ്കെടുത്ത ശ്രാദ്ധ ഊട്ട് ആശീർവദിച്ചു.

കമ്മിറ്റി ജനറൽ കൺവീനർ സജി മാളിയേക്കൽ, കൈകാരന്മാരായ സാജു കരിക്കാടത്ത്, ജോസി കട്ടിക്കാട്ടിവെളി, സാബു ഈട്ടുമ്മൽ, ഷാന്റി ചിറയത്ത്, പ്രദീപ് ഉപ്പാംതടം, സണ്ണി ജോസഫ്, ജോൺസൺ വടുക്കൂട്ട്, തോമസ് പാറേക്കാടൻ, സിബി കൊള്ളിക്കുളവിൽ, ലീന മുണ്ടൻകുര്യൻ, ജോർജ് തെക്കത്ത്, സന്തോഷ് ജോർജ് തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# ₹ സാമ്പത്തിക കാര്യാലയം

20.25.2026 സാമ്പത്തിക വർഷത്തിൽ അതിരൂപതയിൽ നിന്ന് നൽകിയ ജീവകാരുണ്യ സംഭാവനകൾ

അതിരൂപതയുടെ കാരുണ്യ നിധി, ട്രിച്ചൂർ ആർച്ച് ഡയൊസിഷൻ ചാരിറ്റീസ്, ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്, മാർ. കുണ്ടുകുളം ട്രസ്റ്റ്, ബോൺനത്താലെ ട്രസ്റ്റ്, കരുണ ട്രസ്റ്റ്, എന്നിവയിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (20252026) നൽകിയ ജീവകാരുണ്യ സംഭാവനകൾ.

| | |
|---|---|
| വിവാഹ സഹായം | 17,75,500/ |
| ചികിൽസാസഹായം | 31,06,413/ |
| ഭവന നിർമ്മാണ സഹായം | 17,11,700/ |
| വിദ്യാഭ്യാസ സഹായം | 4,79,000/ |
| ജീവകാരുണ്യ സ്ഥാപനങ്ങൾക്കുള്ള സഹായം | 3,00,000/ |
| | **73,72,613/** |

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഫൈനാൻസ് ഓഫീസർ

**ഫാ. അജിത്ത് കൊള്ളന്നൂർ**
അസി. ഫൈനാൻസ് ഓഫീസർ

# വൈദികർ




ഫാ. സീജൻ ചക്കാലക്കൽ 02
ഫാ. സിജോ ചെറുവത്തൂർ 02
ഫാ. ഡിന്റോ വല്ലച്ചിറക്കാരൻ 02
ഫാ. ടോണി വാഴപ്പിള്ളി 06
ഫാ. പോൾ ചിറ്റിലപ്പിള്ളി 08
ഫാ. ലിബിൻ ചെമ്മണ്ണൂർ 09
ഫാ. ജസ്റ്റിൻ തേക്കാനത്ത് 09
ഫാ. ജെയ്സൻ വട്ടനിരപ്പേൽ 10
ഫാ. ഫിനോഷ് കീറ്റിക്ക 11
ഫാ. ജോൺ അയ്യങ്കാനയിൽ 12
ഫാ. ഫ്രജോ വാഴപ്പിള്ളി 12
ഫാ. സജു വടക്കേത്തല 13
ഫാ. ജോസ് വട്ടക്കുഴി 13
ഫാ. ജോഫി ചിറയത്ത് 16
ഫാ. ആന്റണി മേച്ചേരിപ്പടി 16
ഫാ. പോൾസൺ പാലത്തിങ്കൽ 16
ഫാ. റെന്നി മുണ്ടൻകുരിയൻ 19
ഫാ. പോൾ പുളിക്കൻ 19
ഫാ. ആന്റണി തേക്കാനത്ത് 19
ഫാ. ജോജു ചിരിയങ്കണ്ടത്ത് 20
ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് 20
ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ 20
ഫാ. ഫ്രാൻസിസ് പുത്തൂക്കര 20
ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ 21
ഫാ. ജോൺ കിടങ്ങൻ 22
ഫാ. ഷാജൻ തേർമഠം 22
ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി 24
ഫാ. ജിന്റോ കുറ്റിക്കാട്ട് 25
ഫാ. ആന്റണി ചെമ്പകശ്ശേരി 26
ഫാ. തോമസ് കാക്കശ്ശേരി 27
ഫാ. ബിജു ആലപ്പാട്ട് 28





ഫാ. തോമസ് ചൂൽ 03
ഫാ. ജിസോ കുറ്റിക്കാട്ട് 03
ഫാ. സെബി കാഞ്ഞിരത്തിങ്കൽ 03
ഫാ. തോമസ് ചക്കുംപീടിക 03
ഫാ. തോമസ് ഊക്കൻ 03
ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ 03
ഫാ. തോമസ് വടക്കൂട്ട് 03
ഫാ. ടിജോ മുള്ളക്കര 03
ഫാ. തോമസ് വേലൂക്കാരൻ 03
ഫാ. പ്രിൻസ് ചെറുതാണിക്കൽ 03
ഫാ. ക്രിസ്റ്റീൻ ചിറമ്മൽ 03
ഫാ. ജോബ് പടയാട്ടിൽ 03
ഫാ. മേജോ മരോട്ടിക്കൽ 03
ഫാ. തോമസ് എടക്കളത്തൂർ 03
ഫാ. തോമസ് പൂപ്പാടി 03
ഫാ. ടോണി തോമസ് കാക്കശ്ശേരി 03
ഫാ. ജെയ്സൻ വട്ടനിരപ്പേൽ 03
ഫാ. ഫിനോഷ് കീറ്റിക്ക 03
ഫാ. തോമസ് കാക്കശ്ശേരി 03
ഫാ. ജിൻസൻ ചിരിയങ്കത്ത് 03
ഫാ. ജിയോ വേലൂക്കാരൻ 03
ഫാ. റോയ് വേളക്കൊമ്പിൽ 03
ഫാ. ബ്രിൽവിൻ ഒലക്കേങ്കിൽ 03
ഫാ. ബെന്നി കിടങ്ങൻ 03

| | |
|---|---|
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 18 |
| ഫാ. നോബിൾ പെട്ടയിൽ | 20 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 25 |
| ഫാ. ജെയിംസ് വടക്കൂട്ട് | 25 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 25 |
| ഫാ. ജോയി അടമ്പുകുളം | 25 |
| ഫാ. സിന്റോ തൊറയൻ | 25 |
| ഫാ. സൈജോ തൈക്കാട്ടിൽ | 25 |
| ഫാ. ഷിജോ പള്ളിക്കുന്നത്ത് | 25 |
| ഫാ. ജിമ്മി കല്ലിങ്കൽക്കുടിയിൽ | 25 |
| ഫാ. ജേക്കബ് എടക്കളത്തൂർ | 25 |
| ഫാ. സജു വടക്കേത്തല | 25 |
| ഫാ. ചിറമ്മൽ എലോയ് | 25 |
| ഫാ. ചാക്കോ ചിറമ്മൽ | 25 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 25 |
| ഫാ. അനീഷ് കൂത്തൂർ | 25 |
| ഫാ. ജാക്സൻ ചാലക്കൽ | 25 |
| ഫാ. ഡെറിൻ അരിമ്പൂർ | 25 |
| ഫാ. ട്രെജിൻ തട്ടിൽ | 28 |
| ഫാ. ഇഗ്നേഷ്യസ് നന്തിക്കര | 31 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 31 |
| ഫാ. സീജൻ ചക്കാലക്കൽ | 31 |
| ഫാ. മിഥുൻ ചുങ്കത്ത് | 31 |
| ഫാ. ക്രിസ്റ്റോ തേക്കാനത്ത് | 31 |




| | |
|---|---|
| ഫാ. പോൾ ചിറപ്പണത്ത് | 05.07.1915 |
| ഫാ. ചാൾസ് ചുങ്കത്ത് | 05.07.2010 |
| ഫാ. പോൾ അരിക്കാട്ട് സീനിയർ | 07.07.1973 |
| ഫാ. കുരിയൻ വാഴപ്പിള്ളി | 08.07.1950 |
| ഫാ. ഗ്രൂസ് പാനികുളം | 09.07.1948 |
| ഫാ. ജോൺ ആലപ്പാട്ട് | 09.07.1995 |
| ഫാ. ജോസഫ് തെക്കൂടൻ | 11.07.1953 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 12.07.1974 |
| ഫാ. ലൂവീസ് കണ്ണാത്ത് | 13.07.1975 |
| ഫാ. ആന്റണി അന്തിക്കാട്ട് | 14.07.2000 |
| ഫാ. ആന്റണി അക്കര സീനിയർ | 16.07.1971 |
| ഫാ. ജോസഫ് പുത്തൂർ | 18.07.1944 |
| ഫാ. ജേക്കബ് ബ്രഹ്മകുളം | 18.07.1977 |
| ഫാ. ജോസഫ് വടക്കൂട്ട് | 18.07.1997 |
| ഫാ. ജോസഫ് ചുങ്കത്ത് ജൂനിയർ | 18.07.2000 |
| മോൺ. കാക്കശ്ശേരി ജോസഫ് | 20.07.2021 |
| ഫാ. ജോർജ്ജ് തട്ടിൽ | 22.07.1971 |
| ഫാ. ജോസഫ് ചാലക്കൽ | 22.07.1993 |
| ഫാ. ജോർജ്ജ് എളങ്കുന്നപ്പുഴ | 23.07.1945 |
| ഫാ. ജോസഫ് പറമ്പൻ | 27.07.1961 |
| ഫാ. ജൈൽസ് ചേറ്റുപുഴക്കാരൻ | 27.07.2017 |
| ഫാ. ആന്റണി തേല.പ്പിള്ളി | 28.07.1974 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28.07.1983 |
| ഫാ. ആന്റണി വെള്ളാനിക്കാരൻ | 31.07.1985 |
| ഫാ. സെബാസ്റ്റ്യൻ അറക്കൽ | 31.07.1995 |
| ഫാ. സൈമൺ എടക്കളത്തൂർ | 31.07.2005 |

# ആദരാഞ്ജലികൾ



## ഫാ. തോമസ് വടക്കേത്തല (79)

ഏവർക്കും സംലഭ്യനായ അജപാലകൻ, മറ്റുള്ളവർക്ക് വേണ്ടി ത്യാഗപൂർവ്വം ജീവിച്ച പ്രിയങ്കരനായ ഇടയൻ എന്നിങ്ങനെ ശുശ്രൂഷാമേഖലയിൽ പ്രശോഭിച്ച തൃശ്ശൂർ അതിരൂപതയിലെ സീനിയർ വൈദികനായ ബഹു. തോമസ് വടക്കേത്തല അച്ചൻ 2026 ജൂൺ 8-ാം തീയതി തിങ്കളാഴ്ച വൈകീട്ട് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ഗുരുവായൂർ ഇടവകയിലെ വടക്കേത്തല വറീത് - ഏല്യകുട്ടി ദമ്പതിമാരുടെ മകനായി 1947 ഏപ്രിൽ 16 -ാം തിയ്യതി ജനിച്ചു. 17.12.1971ൽ അന്നത്തെ തൃശൂർ രൂപതാദ്ധ്യക്ഷനായ മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. വേലൂർ, കണ്ടശ്ശാംകടവ്, ഒല്ലൂർ, എന്നീ ഇടവകകളിൽ സഹവികാരിയായി പൗരോഹിത്യശുശ്രൂഷ ആരംഭിച്ച അദ്ദേഹം പുതുരുത്തി, ആറ്റത്തറ, കൊറ്റനെല്ലൂർ, പോന്നോർ, എടക്കളത്തൂർ, നിർമ്മലപുരം, മണലൂർ കിഴക്ക്, കൂറ്റൂർ, അരിമ്പൂർ, ചെങ്ങാലൂർ, നടത്തറ, വില്ലടം, അത്താണി, പെരിങ്ങോട്ടുകര, തണ്ടിലം എന്നീ പള്ളികളിൽ വികാരിയായും പറപ്പൂർ, പട്ടിക്കാട്, ഒല്ലൂർ, എരുമപ്പെട്ടി എന്നീ പള്ളികളിൽ ഫൊറോന വികാരിയായും സേവനമനുഷ്ഠിച്ചു. എരുമപ്പെട്ടി, ചെങ്ങാലൂർ, പറപ്പൂർ, പോന്നോർ, ആറ്റത്തറ, കൊറ്റനെല്ലൂർ, മണലൂർ, ഒല്ലൂർ സ്കൂളുകളുടെ മാനേജരായും വിവിധ സന്യാസിനീസമൂഹങ്ങളുടെ കപ്ലോനായും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്.

ആംഗലേയ ഭാഷയിൽ മാസ്റ്റർ ബിരുദവും, ദൈവശാസ്ത്രത്തിലും ജനറൽ ലോയിലും ബിരുദവും; ജേർണലിസം, ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ്, ബിസിനസ് മാനേജ്മെന്റ് എന്നിവയിൽ ഡിപ്ലോമയും; മൈസൂർ, മധുരൈ-കാമരാജ്, ഡൽഹിയിലെ ഇഗ്നോ, മദ്രാസിലെ കത്തോലിക് എന്നീ യൂണിവേഴ്സിറ്റികളിൽ നിന്ന് ബിരുദവും ഡിപ്ലോമയും കരസ്ഥമാക്കിയിട്ടുള്ള ബഹു. തോമസ് അച്ചൻ, സെ. മേരീസ് ഓർഫനേജ് ഡയറക്ടർ, സെ. മേരീസ് കഠക പ്രിൻസിപ്പാൾ, സെ. മേരീസ് പ്രസ്സ് മാനേജർ, അതിരൂപത കോർപ്പറേറ്റ് ഏജൻസി മാനേജർ, കാത്തലിക് ടീച്ചേഴ്സ്, കെ.സി.എസ്.എൽ. ഡയറക്ടർ, കാലിക്കറ്റ് സർവ്വകലാശാല സെനറ്റ് മെമ്പർ എന്നീ തസ്തികകളിൽ സ്തുത്യർഹമായ സേവനം ചെയ്തിട്ടുണ്ട്. പുതുരുത്തി, മണലൂർ പടിഞ്ഞാറ് എന്നീ പള്ളികളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ബഹു. തോമസ് അച്ചൻ നേതൃത്വം നല്കിയിട്ടുണ്ട്. 2023 ഫെബ്രുവരി 9 മുതൽ ചേറൂരിലുള്ള വിയാനി ഹോം വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

2026 ജൂൺ 11-ാം തീയതി വ്യാഴാഴ്ച രാവിലെ 6.30ന് ചേറൂർ വിയാനി ഹോം വൈദികമന്ദിരത്തിൽ ബഹു. തോമസ് വടക്കേത്തല അച്ചന്റെ ആത്മാനുകൂലാർത്ഥമുള്ള വി. കുർബാന അർപ്പിച്ചു. തുടർന്ന് 8:30 ന് അച്ചന്റെ ഭൗതികശരീരം ഗുരുവായൂർ ഇടവകയിലുള്ള സഹോദരൻ വി.വി. ജോർജ്ജിന്റെ വസതിയിലേക്ക് കൊണ്ടുപോയി പൊതുദർശനത്തിന് വച്ചു. ഉച്ചകഴിഞ്ഞ് 1:00 മണിക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷകളുടെ ആദ്യഭാഗം വീട്ടിൽ നിന്ന് ആരംഭിച്ചു. തുടർന്ന് ഭൗതികശരീരം ഗുരുവായൂർ വി. അന്തോണീസിന്റെ ഇടവക ദൈവാലയത്തിലേക്ക് സംവഹിക്കുകയും 1:30 മുതൽ 2:30 വരെ അവിടെ പൊതുദർശനത്തിന് വയ്ക്കുകയും ചെയ്തു. 2:30ന് മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവും തുടർന്ന് വി. കുർബാനയോടുകൂടിയുള്ള മൃതസംസ്കാരശുശ്രൂഷയുടെ തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവും മുഖ്യ കാർമ്മികത്വം വഹിച്ചു.

കർത്താവിന്റെ മുന്തിരിത്തോപ്പിൽ അർപ്പണബോധത്തോടെ അഹോരാത്രം അധ്വാനിച്ച് പിതൃവസതി പൂകുവാൻ യാത്രയായ വടക്കേത്തല ബഹു. തോമസ് അച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ!!!

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**അഭിനന്ദനങ്ങൾ**

2026 മെയ്20–ാം തിയതി വടക്കാഞ്ചേരി സെന്റ് ഫ്രാൻസീസ് സേവിയേഴ്സ് ഫൊറോന പള്ളിയിൽ വച്ച് നടന്ന 139–ാമത് അതിരൂപതാദിനാഘോഷ പരിപാടിയിലും ജൂൺ 1–ാം തിയതി എറണാകുളം കച്ചേരിപ്പടി ആശീർഭവനിൽ വച്ച് നടന്ന KERALA CONFERENCE OF MAJOR SUPERIORS (KCMS)-ന്റെ ജനറൽ ബോഡി മീറ്റിംഗിലും CRI പ്രസിഡന്റ് Rev. Fr. Sijo Pynadath ഉം മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും സംബന്ധിച്ചു. KCMS ന്റെ 2026 – 2029 വർഷത്തേക്കുള്ള പുതിയ ഭരണസമിതി അംഗമായി തൃശ്ശൂർ അതിരൂപത CRI എക്സിക്യൂട്ടീവ് അംഗമായ Br. Edwin Kuttickal MMB തെരഞ്ഞെടുക്കപ്പെട്ടു.

**എഫ്.സി.സി.**

മേയ് 5–11 വരെ ബ്രഹ്മകുളം സെന്റ് ജോസഫ്സ് ബോർഡിംഗിൽ വെച്ച് പ്രൊവിൻഷ്യൽ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ നേതൃത്വത്തിൽ ദൈവവിളി ക്യാമ്പ് നടന്നു. തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് 9 മുതൽ 12 വരെ സംഘടിപ്പിച്ച Compassionate Communication Training Programme ൽ 38 സിസ്റ്റേഴ്സ് സംബന്ധിച്ചു. 5,6,7,8 ക്ലാസ്സുകളിലെ വിദ്യാർത്ഥിനികൾക്കായി പടവരാട് സെന്റ് ട്രീസാസ് കോൺവെന്റിൽവെച്ച് 10–15 വരെ രണ്ട് ബാച്ചുകളിലായി സംഘടിപ്പിച്ച Holy Stars Residential Camp ൽ 113 കുട്ടികൾ പങ്കെടുത്തു. 15–21 വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് റവ ഫാ. സോണി CMI യുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സിന് വാർഷികധ്യാനം നടന്നു. ഫ്രാൻസിസ്കൻ വർഷത്തോടനുബന്ധിച്ച് കപ്പൂച്ചിൻ വൈദികരോട് ചേർന്ന് 18 മുതൽ

21 വരെ ആലപ്പുഴയിൽ വെച്ച് നടന്ന പനമ്പ് സമ്മേളനത്തിൽ 14 സിസ്റ്റേഴ്സ് സംബന്ധിച്ചു. 21-ാം തീയതി ആലുവ ജനറലേറ്റിൽ വെച്ച് സീറോ മലബാർ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ പ്രധാന കാർമികത്വത്തിൽ നടന്ന ദിവ്യബലി മദ്ധ്യേ പ്രോവിൻസിലെ 6 സിസ്റ്റേഴ്സ് നിത്യവ്രതം ചെയ്തു. സിൽവർ ജൂബിലേറിയൻസിന്റെയും നിത്യവ്രതം അനുഷ്ഠിച്ച സിസ്റ്റേഴ്സിന്റെയും പ്രോവിൻസ്തലത്തിലുള്ള ആഘോഷം അസ്സീസിയിൽ വെച്ച് നടന്നു. രാവിലെ 11 മണിക്ക് നടന്ന കൃതജ്ഞതാ ബലിയ്ക്ക് തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കാർമ്മികത്വം വഹിച്ചു. മറ്റം അസംപ്ഷൻ കോൺവെന്റിന്റെ ശതാബ്ദിയാഘോഷത്തോടനുബന്ധിച്ച് 23-ാം തീയതി നടന്ന കൃതജ്ഞതാബലിയ്ക്ക് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യ കാർമികത്വം വഹിച്ചു. മാടക്കത്തറ സെന്റ് ജോസഫ്സ് ഇടവകയിൽ ഒരു വർഷത്തേയ്ക്ക് ആരംഭിക്കുന്ന എക്സ്റ്റൻഷൻ സെന്ററിന് 30-ാം തീയതി ആരംഭം കുറിച്ചു.

**സി. എച്ച്. എഫ്.**

11.05.2026ന് സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിന്റെ ആദ്യത്തെ വിദേശ മിഷൻ ലാറ്റിൻ അമേരിക്കയിലെ പെറുവിലേക്ക് സി. ധന്യ, സി. ഗ്ലോറിയ ഡേവീസ്, സി. മരിയ റോസ് എന്നിവർ പോയി. 11.05.2026 മുതൽ 13-ാം തിയ്യതി വരെ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിനായി സി. ലിസി മരിയ സി.എം. സി. യുടെ നേതൃത്വത്തിൽ വചനപ്രഘോഷണം നടത്തി. 14.05.2026 ന് കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ കബറിട ദേവാലയത്തിൽ വച്ച് സി.എച്ച്.എഫ് ജനറൽ തലത്തിൽ നടത്തിയ ഫൈനൽ പ്രൊഫഷനിൽ നവജ്യോതിയിൽ നിന്ന് നാല് സിസ്റ്റേഴ്സ് നിത്യവ്രതാർപ്പണം നടത്തി. 15.05.2026 ൽ സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസ് തൃശ്ശൂർ ഹോളിഫാമിലി ഭവനാംഗമായ സി. റോസ്ലിന്റ് (90) 15.05.2026 വെള്ളിയാഴ്ച രാവിലെ 9.15ന് കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു. 15.05.2026 ന് നവജ്യോതി കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലേക്കുള്ള ടീച്ചേഴ്സിനായിട്ടുള്ള സെലക്ഷൻ എക്സാം അരണാട്ടുകര ഇൻഫന്റ് ജീസസ് സ്കൂളിൽ നടത്തി. 17.05.2026 മുതൽ 22.05.2026 വരെ നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ റവ. ഫാ. മാനുവൽ വള്ളിപ്പാലത്തിന്റെ നേതൃത്വത്തിൽ നവജ്യോതി പ്രോവിൻസിലെ സിസ്റ്റേഴ്സിനായി വാർഷിക ധ്യാനം നടത്തി. 25.05.2026 ൽ കാക്കനാട് നടന്ന സിൽവർ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന്റെ സംഗമത്തിൽ സി.എച്ച്.

എഫ് നവജ്യോതി പ്രോവിൻസിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ചു. 27.05.2026 ന് നവജ്യോതി എജുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ ടീച്ചേഴ്സിന് 2 ദിവസത്തെ ധ്യാനം നടത്തി. 30.05.2026ൽ വി. മറിയം ത്രേസ്യയുടെ സ്വർഗ്ഗ പ്രവേശനത്തിന്റെ സെന്റിനറി ആഘോഷത്തിന്റെ ഭാഗമായി സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിന്റെ നേതൃത്വത്തിൽ ഒളരിക്കര ഇടവക ദേവാലയത്തിൽ നിന്ന് കുഴിക്കാട്ടുശ്ശേരിയിലേക്ക് ദീപശിഖാ പ്രയാണം നടത്തി. വിവിധ ഇടവകകളിൽ നിന്നും തൃശ്ശൂർ അതിരൂപതയുടെ സീനിയർ സി.എൽ.സി അംഗങ്ങളും ചേർന്ന് ഇരുപത്തഞ്ചോളം വാഹനങ്ങളുടെ അകമ്പടിയോടെ ദീപശിഖാ പ്രയാണം കുഴിക്കാട്ടുശ്ശേരിയിലേക്ക് പോയി. 01.06.2026ന് മേജർ സുപ്പീരിയേഴ്സിനായി കാക്കനാട് നടന്ന 55-ാമത് KCMS ജനറൽ ബോഡി മീറ്റിംഗിൽ സി.എച്ച്.എഫ് നവജ്യോതി വികാർ പ്രൊവിൻഷ്യൽ സി. ഷെറിൻ മരിയ സംബന്ധിച്ചു. 06.06.2026ന് കുഴിക്കാട്ടുശ്ശേരി വി. മറിയം ത്രേസ്യായുടെ തിരുനാളിനൊരുക്കമായി നടക്കുന്ന നൊവേന കുർബ്ബാന നവജ്യോതി പ്രോവിൻസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. 08.06.2026 ന് വി. മറിയം ത്രേസ്യായുടെ തിരുന്നാൾ ആഘോഷപൂർവ്വം കൊണ്ടാടി. മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് മുഖ്യ കാർമ്മികനായും ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ പിതാവും വിവിധ രൂപതകളിൽ നിന്നുള്ള നൂറ്റിയഞ്ചോളം വൈദീകരും സഹകാർമ്മികരായും ഒന്നുചേർന്ന തിരുനാൾ കുർബ്ബാന അതിമനോഹരവും അനുഗ്രഹദായകവുമായിരുന്നു. ധാരാളം തീർത്ഥാടകർ വി. മറിയം ത്രേസ്യയുടെയും ധന്യൻ ജോസഫ് വിതയത്തിലച്ചന്റെയും കബറിടം സന്ദർച്ച് നേർച്ച ഊട്ടിൽ സംബന്ധിച്ച് മടങ്ങി.

**സി.എം.സി.**

മെയ് 1-ാം തിയതി 4 കാൻഡിഡേറ്റ്സ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ആസ്പിരൻസിയിൽ പ്രവേശിച്ചു. മെയ് 2 ന് പോസ്റ്റുലൻസ് അങ്കമാലി പ്രൊവിൻസിലെ ചൊവ്വരയിലേക്ക് പരിശീലനത്തിനായിനായി പോയി. ട്രാൻസ്ഫർ ഉള്ള സിസ്റ്റേഴ്സ് തങ്ങളുടെ പുതിയ മഠങ്ങളിലേക്ക് സ്ഥലം മാറിപ്പോയി. ആലുവ ജനറലേറ്റിൽ നിന്നുള്ള ഒരു മാസത്തെ on line കോഴ്സിനുശേഷം മെയ് 9-ാം തിയതി കോലഴി ഹോളി ട്രിനിറ്റി ദേവാലയത്തിൽ വെച്ച് 9 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. അഭിവന്ദ്യ മാർ ടോണി പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ച് ജൂബിലി സന്ദേശം

നൽകി. മെയ് 11 മുതൽ 17 വരെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സി. ജീസയുടെ നേതൃത്വത്തിൽ നടന്ന പ്രണിധാന ധ്യാനത്തിൽ 72 സിസ്റ്റേഴ്സ് പങ്കെടുത്ത് ആത്മീയ ഉണർവും കരുത്തും നേടി. 11 മുതൽ 15 വരെയുള്ള തിയ്യതികളിൽ മാന്ദാമംഗലം ഇടവകയിൽ ഹോം മിഷൻ നടത്തി. 14-16 തിയ്യതികളിൽ കോളേജ് തലത്തിലുള്ള Teaching & Non Teaching staff നുള്ള Interview നടന്നു. ജനറൽ തലത്തിൽ മുവാറ്റുപുഴ ഒ.സി.ഡി. ലിസ്യു സെന്ററിൽ വെച്ച്, ആത്മീയ സഹഗമനത്തിനായി ഒരുക്കിയിട്ടുള്ള സിസ്റ്റേഴ്സിനുവേണ്ടിയുള്ള സെമിനാറിൽ 4 സിസ്റ്റേഴ്സ് സംബന്ധിച്ചു. 19ന് കാർമൽ ശാന്തി ധാമിന്റെ കൗൺസിലിംഗ് സെന്ററിന്റെ പുതിയ കെട്ടിടത്തിന് തറക്കല്ലിൽ കർമ്മത്തിൽ പ്രൊവിൻഷ്യൽ കൗൺസിൽ സംബന്ധിച്ചു. മെയ് 23ന് വിദ്യാഭ്യാസ പ്രേഷിതമേഖലയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനായി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടത്തിയ One day സെമിനാറിൽ 76 സിസ്റ്റേഴ്സ് പങ്കെടുത്തു. 9 മുതൽ 24 വരെയുള്ള തിയതികളിൽ അമ്മാടം ക്രിസ്തുജയന്തി കോൺവെന്റിൽ വെച്ച് ജൂനിയർ സിസ്റ്റേഴ്സിന് കോഴ്സ് നടത്തി. ചെന്നായ്പാറയിലെ ദിവ്യഹൃദയാശ്രമം സന്ദർശിച്ചു. ബാംഗ്ലൂർ വെച്ച് നടന്ന Inter National Seminar ൽ ക്യാമറ നൺ സി. ലിസ്മി Paper Presentation നടത്തി. ഒരു വർഷത്തെ തിയോളജി പഠനത്തിനുശേഷം 5 ജൂനിയർ സിസ്റ്റേഴ്സ് ആലുവ ജനറലേറ്റിൽ വെച്ച് നിത്യ വ്രതവാഗ്ദാനം നടത്തി. 26 ന് കാനോനിക സന്ദർശനത്തിനായി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ റോമിലേക്കുപോയി. പ്രേഷിത പ്രവർത്തനത്തിനായി സി. ജെസ്റ്റീന 28 ന് ആഫ്രിക്കയിലക്ക് പോയി. സി. സ്റ്റെന്നി ഗ്രേയ്സ് Educational Psychology യിൽ Phd കരസ്ഥമാക്കി.

### സി.എസ്.സി.

SMRC- Executive Meeting 2026 ഏപ്രിൽ 26ന് മരിയ ഭവൻ ജനറലേറ്റിൽ വച്ച് നടത്തി. മെയ് 22, 23 തീയതികളിൽ Heritage and Research Center (HRC) യുടെ നേതൃത്വത്തിൽ മൗണ്ട് സെന്റ് തോമസ് കാക്കനാട് വച്ച് നടത്തിയ സെമിനാറിൽ സി. മെറിറ്റ, സി ഗിൽദാസ്, സി. ഹർഷിത, സി. രമ്യ, സി. കാരുണ്യ എന്നിവർ പങ്കെടുത്തു. പരിശീലന കാലഘട്ടത്തിലുള്ള അർത്ഥിനികൾക്കായി വചനോപാസന ധ്യാനം മെയ് 3 മുതൽ 9 വരെയുള്ള ദിവസങ്ങളിൽ മരിയ ഭവൻ ജനറലേറ്റ് കോലഴിയിൽ വച്ച് നടത്തി. ജൂൺ 1,2 തീയ്യതികളിൽ പാലാരിവട്ടം പി.ഒ.സി യിൽ വച്ച് നടന്ന KCMS ജനറൽ ബോഡി & KCMS - KCBC ജോയിന്റ് മീറ്റിംഗിൽ സി. ഷെൽറ്റി, മദർ ലുസീന, സി. പുഷ്പ എന്നിവർ പങ്കെടുത്തു. മെയ് 21, 22 തിയതികളിൽ

സുപ്പീരിയേഴ്സ് കോൺഫ്രൻസ് മുല്ലക്കര ആത്മദർശൻ കോൺവെന്റിൽ വച്ച് നടത്തി. ബഹു ഫാ. ഫ്രീജോ ക്ലാസ്സ് നയിച്ചു. കോൺഫ്രൻസിനുശേഷം തുടർന്നുള്ള രണ്ട് ദിവസം വി. ഫ്രാൻസീസ് സാലസിന്റെ വിചിന്തന ധ്യാനമായിരുന്നു. ധ്യാനം നയിച്ചത് ബഹു. ഫാ. വിജിൽ ചക്കിയത്ത് MSFS ആയിരുന്നു. ബഹു. സുപ്പീരിയർ ജനറൽ മദർ റിൻസി കാനോനിക സന്ദർ ശനത്തി നായി വിദേശമിഷനിലേക്ക് പോയി.

**സി.എസ്.എസ്.**

മണ്ണുത്തി സി.എസ്.എസ്. പരിശീലനത്തിലായിരിക്കുന്ന അർത്ഥിനികൾക്കായി മെയ് 8 മുതൽ 5 ദിവസത്തേക്ക് ധ്യാനം നടത്തപ്പെടുകയും റവ. ഫാ. സന്തോഷ് തലച്ചിറയിൽ CSJBP ധ്യാനം നയിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ്, മെയ് 12ന് രാജകുമാരി, ലിറ്റിൽ ഫ്ളവർ സമരിറ്റൻ കോൺവെന്റിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു. 3 പോസ്റ്റുലൻസ് മെയ് 15 ന് നൊവിഷ്യേറ്റിൽ പ്രവേശിച്ചു. മെയ് 18ന് 2 സന്യാസാർത്ഥി നികളുടെ പ്രഥമവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തിരു ക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പ്രൊവിൻഷ്യൽ സുപ്പി രീയർ റവ. സി. റിറ്റയുടെ തിരുന്നാൾ മെയ് 21ന് പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു. റവ. ഫാ. ജിയോ തെക്കി നിയത്ത് അന്നേ ദിവസം ആഘോഷമായ ദിവ്യബലിയർപ്പിച്ചു. സീറോമലബാർ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസ്സിൽ വെച്ച് മെയ് 25-ന് നടത്തിയ സന്യാസസമർപ്പണ ജീവി തത്തിന്റെ സിൽവർ ജൂബിലി ആഘോഷപരിപാടികളിൽ 2 സിസ്റ്റേഴ്സ് പങ്കെടുത്തു. ഹോളിസ്പിരിറ്റ് ജനറലേറ്റിൽ പെന്ത ക്കുസ്ത തിരുന്നാൾ സമുചിതമായി ആഘോഷിച്ചു. സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മെയ് 24 മുതൽ 30 വരെയുള്ള തിയതികളിൽ ബഹു. ഫാ. ഡോ. മാനുവൽ വള്ളി പാലം ഒ.സി.ഡി. യുടെ നേതൃത്വത്തിൽ വാർഷികധ്യാനം നടത്ത പ്പെടുകയും അതിൽ 35 സഹോദരിമാർ പങ്കെടുക്കുകയും ചെയ്തു.

**എസ്. എ. ബി. എസ്.**

മെയ് ഒന്നിന് ചേറ്റുപുഴ കർമ്മല മാതാ ഇടവകയുടെ നവീകരി ച്ച ദേവാലയത്തിന്റെ കൂദാശകർമ്മം, രജത ജൂബിലി സമാപനം, തിരുനാൾ തുടങ്ങിയ കർമ്മപരിപാടികളിൽ ലിറ്റർജി കാര്യങ്ങ ളിൽ സിസ്റ്റേഴ്സ് നേതൃത്വം നൽകി. മൂന്നിന് പ്രൊവിൻഷ്യൽ കൗൺസിലർ സിസ്റ്റർ എലൈസ് തച്ചിലിന്റെ നേതൃത്വത്തിൽ ഹീലിംഗ് മിനിസ്ട്രിയുടെ മിറ്റിംഗ് ചേറ്റുപുഴയിൽ വെച്ച്

നടത്തപ്പെട്ടു വിവിധ ഭവന സമൂഹങ്ങളിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു. അഞ്ചിന് ജർമ്മനിയിലെ മൈൻസ് രൂപതയുടെ സഹായമെത്രാൻ ജോഷി പൊട്ടക്കലിന് പിതാവിന്റെ സ്വീകരണത്തോട് അനുബന്ധിച്ച് നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ ബഹുമാനപ്പെട്ട മദർ മേഴ്സിറ്റ കണ്ണമ്പുഴ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മുൻ പ്രൊവിൻഷ്യൽസും സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു ആറിന് കൂത്തുപറമ്പ് റാണി ജയ് HSS ന്റെ വൈസ് പ്രിൻസിപ്പൽ ആയി സിസ്റ്റർ ദീപ്തി ജോൺ പുളിക്കൻ നിയമിതയായി. ജൂനിയർ സീനിയർ സിസ്റ്റേഴ്സിന്റെ ഗാതറിംഗ് ആൻഡ് ഓട്ടിംഗ് നടത്തി. 12 ഓളം സിസ്റ്റേഴ്സ് പങ്കെടുത്തു.

11ന് തൃശൂർ മഠത്തിൽ നടന്ന ഏകദിന പ്രാർത്ഥനയിൽ സിസ്റ്റർ ക്ലാരീസ മണവാളൻ, സിസ്റ്റർ സുമ തെരേസ പെരേപ്പാടൻ, സിസ്റ്റർ ലിനറ്റ് ചാലക്കൽ എന്നിവർ പങ്കെടുത്തു. 16ന് ദീപിക ദിനപത്രത്തിന്റെ 140-ാം വാർഷികാചരണത്തിന്റെ, ഭാഗമായി നടത്തിയ പൊതുസമ്മേളനത്തിൽ ദീപിക അക്കാദമിക് എക്സലൻസ് അവാർഡ് നിർമ്മല മാതാ സെൻട്രൽ സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ലിൻസ മരിയ പാറേക്കാടൻ കരസ്ഥമാക്കി. 20ന് വടക്കാഞ്ചേരി സെന്റ് ഫ്രാൻസിസ് സേവിയർ ഫൊറോനാ ചർച്ചിൽ നടന്ന അതിരുപതയുടെ 139-ാം വാർഷിക പരിപാടിയിൽ സിസ്റ്റർ ആനീസ് വടക്കേപ്പിടിക, സിസ്റ്റർ ആശാ ആയിരുക്കാരൻ എന്നിവർ സംബന്ധിച്ചു. ഗാഗുൽത്ത ധ്യാനകേന്ദ്രത്തിൽ മൂന്ന് ദിവസങ്ങളിലായി സിസ്റ്റർ എൽസിന കള്ളിവളപ്പിലിന്റെ നേതൃത്വത്തിലുള്ള അഭിഷേകമാരി ധ്യാനത്തിൽ കൗൺസിലിംഗിലും ലിറ്റർജി കാര്യങ്ങളിലും സിസ്റ്റേഴ്സ് സഹായിച്ചു. 24-ന് സഹസ്ഥാപക ദൈവദാസി ഷന്താളമ്മയുടെ 54-ാം ചരമ വാർഷികത്തോട് അനുബന്ധിച്ച് അതിരമ്പുഴയിൽ നടത്തപ്പെട്ട തിരുക്കർമ്മങ്ങളിൽ ബഹുമാനപ്പെട്ട മദർ മേഴ്സിറ്റ കണ്ണമ്പുഴയും സിസ്റ്റേഴ്സും സംബന്ധിച്ചു. 27-ന് പരിയാരം സിഎസ്ആറിൽ വച്ച് പ്രൊവിൻഷ്യൽ മൂന്ന് ദിവസത്തെ പ്രാർത്ഥനയും ഇവാലുവേഷനും ആയി ചെലവഴിച്ചു. 31-ന് ചങ്ങനാശ്ശേരി കത്തീഡ്രലിൽ മാർ തോമസ് കുരിയാളശ്ശേരി പിതാവിന്റെ 101-ാം ചരമദിനത്തോട് അനുബന്ധിച്ച് തൃശൂർ, പാലക്കാട് പ്രൊവിൻസുകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട വിശുദ്ധബലിയിലും, ദിവ്യകാരുണ്യ ആരാധനയിലും, കബറിട പ്രാർത്ഥനകളിലും, സ്നേഹവിരുന്നിലുമായി വിവിധ ഭവന സമൂഹങ്ങളിൽ നിന്നും സിസ്റ്റേഴ്സും അത്മയരും പങ്കടുത്തു.

**സി.എസ്.എം.**

മെയ് 7 ന് പരി. അമലോത്ഭവ മാതാവിന്റെ ദൈവാലയത്തിൽ വച്ച് നാല് സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലിയും എട്ട് സിസ്റ്റേഴ്സിന്റെ രജത ജൂബിലിയും ആഘോഷിച്ചു. വി. കുർബ്ബാനക്ക് തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികനായിരുന്നു. 24.5.26 തൃശൂർ അതിരൂപതയിൽ വടക്കാഞ്ചേരി ഫൊറോന പള്ളിയിൽ വെച്ച് നടത്തിയ 139 -ാം അതിരൂപതാദിന പരിപാടികളിലും ദിവ്യബലിയിലും ബഹു. മദർ ജനറൽ ബിയാട്രീസും സിസ്റ്റേഴ്സും സംബന്ധിച്ചു.

25.5.26 വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ 800-ാംചരമ വാർഷികവും, മരിയാപുരം അസ്സീസി കോൺവെന്റിന്റെ പ്ലാറ്റിനം ജൂബിലി സമാപനവും, പുനർനിർമ്മിച്ച അസീസി കോൺവെന്റിന്റെ ആശീർവാദ കർമ്മവും, തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. അന്നേ ദിവസം ഗോൾഡൻ, സിൽവർ ജൂബിലിക്കാരെ അനുമോദിച്ചു. 27.5.26 മണ്ണംപേട്ട കൃപാഭവനിൽ വച്ച് ജൂനിയർ സിസ്റ്റേഴ്സിനായി യുവജ്വാല 2026 സംഘടിപ്പിച്ചു.

## ആദരാഞ്ജലികൾ



10.05.2026 പടവരാട് സെന്റ് ട്രീസാസ് ഭവനാംഗമായ സി. ജൂലി റോസ് 2026 മേയ് 10-ാം തീയതി ഉച്ചയ്ക്ക് 1.20ന് നിര്യാതയായി. 11-ാം തീയതി തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് 3.30ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ പടവരാട് സെന്റ് ട്രീസാസ് കോൺവെന്റ് ചാപ്പലിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു.



സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസ് തൃശ്ശൂർ ഹോളിഫാമിലി ഭവനാംഗമായ സി. റോസ്‌ലിന്റ് (90) 15.05.2026 വെള്ളിയാഴ്ച രാവിലെ 9.15ന് നിര്യാതയായി. സംസ്കാര കർമ്മം തൃശൂർ അതിരൂപത ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ തൃശ്ശൂർ ഹോളി ഫാമിലി കോൺവെന്റ് ചാപ്പലിൽ നിന്ന് ആരംഭിച്ച് മുക്കാട്ടുകര ബെത്‌ലെഹം കോൺവെന്റിൽ വെച്ച് മൃതസംസ്കാര ശുശ്രൂഷ നടത്തപ്പെട്ടു.



25.5.2026 പടവരാട് ശാന്തിഭവൻ ഭവനാംഗമായ സിസ്റ്റർ മേരി കൊടിയൻ (83) എസ് എ ബി എസ് തിങ്കളാച രാത്രി 10-ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമികത്വത്തിൽ ശാന്തിഭവൻ മഠം ചാപ്പലിൽവെച്ച് മൃതസംസ്കാര ശുശ്രൂഷ നടത്തപ്പെട്ടു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

പുനരുത്ഥാനം
**അവൻ ഇവിടെയില്ല; താൻ അരുളിച്ചെയ്തതു പോലെ അവൻ ഉയിർപ്പിക്കപ്പെട്ടു.**
**(മത്താ 28, 6)**

# മേരിമാതാ മേജർ സെമിനാരി

### ആദ്യവർഷ ദൈവശാസ്ത്ര തത്വശാസ്ത്ര വിദ്യാർത്ഥികൾ

ആദ്യവർഷ ദൈവശാസ്ത്ര, തത്വശാസ്ത്ര വിദ്യാർത്ഥികൾ മെയ് 27 ന് സെമിനാരിയിൽ എത്തിച്ചേർന്നു. ഇവർക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം ബഹുമാനപ്പെട്ട ഫാ. രാജു അക്കര, ഫാ. ജോർജ് തോട്ടാൻ സി.എം.ഐ എന്നിവരുടെ നേതൃത്വത്തിൽ മെയ് 28, 29 തീയതികളിൽ നടന്നു. ആദ്യവർഷ ദൈവശാസ്ത്ര വിദ്യാർഥികൾ 15 പേരും തത്വശാസ്ത്ര വിദ്യാർഥികൾ 24 പേരുമാണുള്ളത്. മെയ് 30 ന് മറ്റെല്ലാ വൈദികവിദ്യാർഥികളും സെമിനാരിയിൽ എത്തിച്ചേർന്നു.

### പുതിയ അധ്യയന വർഷം

2026-2027 അധ്യയനവർഷത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ജൂൺ 1 തിങ്കളാഴ്ച നടത്തപ്പെട്ടു. അന്നേ ദിവസത്തെ ദിവ്യബലി അർപ്പണവും അധ്യയനവർഷ ഉദ്ഘാടനവും ഷംഷാബാദ് അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് പാടിയത്ത് നിർവഹിച്ചു. തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മഹനീയ സാന്നിധ്യവും ഉണ്ടായിരുന്നു. ദൈവശാസ്ത്ര വിഭാഗത്തിന്റെയും തത്വശാസ്ത്ര വിഭാഗത്തിന്റെയും പറോക്ക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും വാർഷിക റിപ്പോർട്ടുകൾ ബഹു. പോൾ പുളിക്കൻ അച്ചനും ബഹു. ജിബിൻ താഴെക്കാടൻ അച്ചനും അവതരിപ്പിച്ചു. അധ്യയനവർഷ ഉദ്ഘാടന യോഗത്തിനുശേഷം ബഹു. ജിബിൻ താഴെക്കാടൻ അച്ചൻ കത്തോലിക്കാ വൈദികരൂപീകരണത്തെയും ഭാരതീയ ദർശനങ്ങളെയും സമന്വയിപ്പിച്ചുകൊണ്ട് എങ്ങനെ കത്തോലിക്കാസഭയിലെ ദൈവവിളി വിവേചനത്തിനും ആത്മീയപരിവർത്തനത്തിനും ഉപയോഗിക്കാം എന്നതിനെക്കുറിച്ച് പ്രഭാഷണം നടത്തി.

### ഇടവകകളിൽ അജപാലനശുശ്രൂഷ

സെമിനാരിയിലെ ദൈവശാസ്ത്ര വൈദികവിദ്യാർഥികളും ഡിഗ്രി പഠനം പൂർത്തിയാക്കിയ തത്വശാസ്ത്ര വൈദികവിദ്യാർത്ഥികളും ഞായറാഴ്ചകൾതോറും ഇടവകകളിൽ അജപാലന ശുശ്രൂഷകളിൽ സഹായിക്കുന്നതിനായി ജൂൺ 7 മുതൽ നിശ്ചയിക്കപ്പെട്ട ഇടവകകളിലേക്ക് പോയിത്തുടങ്ങി. തത്വശാസ്ത്രം പഠിക്കുന്ന മറ്റ് വൈദിക വിദ്യാർത്ഥികൾ വിവിധ ശുശ്രൂഷകൾക്കായി പോകാനാരംഭിച്ചു.

## ബഹു. ചെറിയാൻ വാരിക്കാട്ടച്ചന് ആദരാഞ്ജലികൾ

സെമിനാരിയിലെ മുൻ റെസിഡന്റ് പ്രൊഫസറും (2008-2014) വൈസ് റെക്ടറുമായിരുന്ന ബഹു. ചെറിയാൻ വാരികാട്ടച്ചന്റെ നിര്യാണത്തിൽ സെമിനാരി കുടുംബം അനുശോചിച്ചു. ബഹുമാനപ്പെട്ട അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ജൂൺ 5 ാം തീയതി സെമിനാരിയെ പ്രതിനിധീകരിച്ച് വൈദികരും ബ്രദേഴ്സും മറ്റ് സ്റ്റാഫ് അംഗങ്ങളും പങ്കെടുത്ത് പ്രാർത്ഥിച്ചു. ജൂൺ 9 ാം തീയതി ബഹുമാനപ്പെട്ട റെക്ടർ ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ അച്ചന്റെ മുഖ്യകാർമികത്വത്തിൽ മേരിമാതാ കുടുംബത്തിലെ മരിച്ചു പോയ പ്രിയപ്പെട്ടവരുടെ ആത്മാക്കൾക്കുവേണ്ടി, വളരെ പ്രത്യേകമായി നിത്യസമ്മാനത്തിന് വിളിക്കപ്പെട്ട ബഹു. ചെറിയാൻ വാരിക്കാട്ട് അച്ചന് വേണ്ടിയും വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

## മാസധ്യാനം

പുതിയ അധ്യയന വർഷത്തിലെ ആദ്യത്തെ മാസധ്യാനം ജൂൺ 5,6 തീയതികളിൽ നടക്കുകയുണ്ടായി. റവ. ഫാ. ആന്റോ പാണേങ്ങാടൻ ധ്യാനചിന്തകൾ പങ്കുവെച്ചു. മർത്തായുടെ കരങ്ങളോടെ പ്രവർത്തിക്കുക, മറിയത്തിനെപോലെ ക്രിസ്തുവിനോടുകൂടെ ആയിരിക്കുക എന്നതായിരുന്നു മുഖ്യ പ്രമേയം.

## പരിസ്ഥിതിദിനാചരണം

ലോക പരിസ്ഥിതിദിനത്തിന്റെ ഭാഗമായി ജൂൺ 5 സെമിനാരിയിലെ Green Army ഡയറക്ടർ ബഹു. സജി കണയങ്കലച്ചന്റെ നേതൃത്വത്തിൽ പരിസ്ഥിതിദിനം സമുചിതമായി ആചരിച്ചു. വിവിധ ബാച്ചുകൾക്ക് കൃഷിക്കാവശ്യമായ വിത്തുകൾ റെക്ടർ ബഹു. സെബാസ്റ്റ്യൻ ചാലയ്ക്കലച്ചൻ വിതരണം ചെയ്തു. ബഹു. നിതിൻ ആലക്കാതടത്തിലച്ചൻ ആശംസകളറിയിച്ച് സംസാരിച്ചു.

## ബേഴ്സ് സ്ഥാപിച്ചവർ

I. Individual Patron Membership

1. ശ്രീമതി സിനി സി. ലൂയിസ്, W/o സോണി ജോസ്, പുലിക്കോട്ടിൽ ഹൗസ്, ചിറ്റാട്ടുകര പി. ഒ., തൃശൂർ, 680 511.

II . Individual Well-wisher Membership

1. ശ്രീമതി ലീന കെ. എൽ., ആളൂർ ഹൗസ്, എഞ്ചിനീയറിംഗ് കോളേജ് പി. ഒ., തൃശൂർ, 680 009.
2. ശ്രീ. ജോർജ്ജ് പി. ഐ., പുളിക്കൻ ഹൗസ്, അരണാട്ടുകര പി.ഒ., തൃശൂർ, 680 618.

**ഫാ. സെബാസ്റ്റ്യൻ ചാലക്കൽ** റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

## പ്രവേശന ധ്യാനം

2026 ജൂൺ മാസം 1, 2, 3 തിയതികളിൽ മൈനർ സെമിനാരിയിലെ രണ്ടും മൂന്നും വർഷക്കാർക്ക് പുതിയ അധ്യയന വർഷത്തിലെ പ്രവേശക ധ്യാനം ബഹുമാനപ്പെട്ട ടിജോ മുള്ളക്കര അച്ചന്റെ നേതൃത്വത്തിൽ നടന്നു.

ജൂൺ 1, 2 തിയതികളിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായുള്ള പ്രാരംഭ പരിപാടികൾക്ക് (Initiation Programme) ബഹുമാനപ്പെട്ട ഫാ. നിതിൻ പൊന്നാരി, ഫാ. ബിജോയ് പൊൻപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

ജൂൺ 3 മുതൽ 5 വരെ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ശ്രീ. വിനോദ് നയിച്ച സ്വയം ബോധവൽക്കരണ പരിപാടി (Self Awareness Programme) ഉണ്ടായിരുന്നു.

## മാതാപിതാക്കളുടെ സന്ദർശനം

2026 ജൂൺ 7-ാം തീയതി ഞായറാഴ്ച, ഒന്നാം വർഷ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കായി പ്രത്യേക സന്ദർശന ദിനം സംഘടിപ്പിച്ചു. രാവിലെ കൃത്യം 10:00 മണിക്ക് രക്ഷിതാക്കൾക്കായി ബഹുമാനപ്പെട്ട രാജു അക്കര അച്ചൻ നയിച്ച പ്രത്യേക ബോധവൽക്കരണ ക്ലാസ്സോടെയാണ് പരിപാടികൾക്ക് തുടക്കമായത്. കുട്ടികളുടെ പഠനമികവ് വർദ്ധിപ്പിക്കുന്നതിലും അവരുടെ സെമിനാരി ജീവിതം മികച്ചതാക്കുന്നതിലും മാതാപിതാക്കൾക്കുള്ള പങ്കിനെക്കുറിച്ച് ഈ ക്ലാസ്സിൽ വിശദമായി ചർച്ച ചെയ്തു. തുടർന്ന് ഉച്ചയ്ക്ക് 12:00 മണിക്ക്, ബഹുമാനപ്പെട്ട മോൺ. ജെയ്സൺ കൂനംപ്ലാക്കൽ മുഖ്യകാർമ്മികത്വം വഹിച്ച വിശുദ്ധ കുർബാന അർപ്പണം നടന്നു. ഉച്ചഭക്ഷണശേഷം മാതാപിതാക്കൾ തങ്ങളുടെ കുട്ടികളോടൊപ്പം സമയം ചിലവഴിക്കുകയും അവരുടെ വിശേഷങ്ങൾ പങ്കുവെക്കുകയും ചെയ്തു. കുട്ടികളുടെ സെമിനാരി ജീവിതം നേരിട്ട് കണ്ടറിയാനും പരിശീലകരായ വൈദികരുമായി ആശയവിനിമയം നടത്താനും ഈ സന്ദർശനം ഏറെ പ്രയോജനപ്പെട്ടു. രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും സജീവമായ പങ്കാളിത്തം കൊണ്ട് ഈ ദിവസം ഏറെ ശ്രദ്ധേയവും വിജയകരവുമായിരുന്നു.

## പുതിയ അധ്യയനവർഷം ഉദ്ഘാടനം

സെന്റ് മേരീസ് മൈനർ സെമിനാരിയിൽ പുതിയ അധ്യയന വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം 2026 ജൂൺ 8-ാം തീയതി തിങ്കളാഴ്ച രാവിലെ 10:45-ന് പ്രൗഢഗംഭീരമായി നടന്നു. സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ ബഹു. ഫാ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് ഉദ്ഘാടനം നിർവഹിച്ചു. അദ്ദേഹത്തിന്റെ സാന്നിധ്യവും അധ്യയനവർഷത്തെക്കുറിച്ചുള്ള പ്രചോദനാത്മകമായ സന്ദേശവും വിദ്യാർത്ഥികൾക്ക് പുതിയൊരു തുടക്കത്തിന് ആവശ്യമായ ഊർജ്ജം പകരുന്നതായിരുന്നു.

## അഭിവന്ദ്യപിതാക്കന്മാരുടെ ദിവ്യബലിയർപ്പണം

2026 ജൂൺ 11 വ്യാഴാഴ്ച രാവിലെ 6:30-ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. അഭിവന്ദ്യപിതാവിന്റെ നാമഹേതുക തിരുനാൾ സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു. ജൂൺ 26 ബുധനാഴ്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

## ഈശോയുടെ തിരുഹൃദയ തിരുനാൾ

2026 ജൂൺ 12 വെള്ളിയാഴ്ച ഈശോയുടെ തിരുഹൃദയ തിരുനാൾ ഭക്തിപൂർവ്വം ആചരിച്ചു. വൈകുന്നേരം 7:00 മണിക്ക് സമൂഹ ജപമാലയും 7:30-ന് പ്രത്യേക തിരുനാൾ പ്രാർത്ഥനയും സെമിനാരി വെഞ്ചിരിപ്പും നടന്നു.

**ഫാ. ജോയ് പുത്തൂർ**

റെക്ടർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ എത്രയും സ്നേഹമുള്ള കൂട്ടുക്കാരെ,

എല്ലാവർക്കും സുഖമാണോ ? പുതിയ അധ്യയന വർഷം ആരംഭിച്ചിട്ട് പുതിയ തീരുമാനങ്ങളും മാറ്റങ്ങളും ആയി നല്ല മക്കളായി നിങ്ങൾ പഠിക്കുന്നു എന്നറിയുന്നതിൽ ഒത്തിരി സന്തോഷമുണ്ട്. എടുത്ത നല്ല തിരുമാനങ്ങൾ മുറുകെ പിടിക്കാനും അങ്ങനെ

മാതൃകാപരമായി മുന്നോട്ടുപോകാനും നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. എടുത്ത തിരുമാനങ്ങൾ അത് മാനുഷിക മാണെങ്കിലും (മുടക്കം കൂടാതെ പഠിക്കുന്നതാകാം, നല്ല പുസ്ത കങ്ങൾ വായിക്കുന്നതാകാം, ചില ദുശീലങ്ങൾ മാറ്റുന്നതാകാം .....) എന്ത് തന്നെ ആയാലും അതിനെല്ലാം ഒരു ദൈവീകമാനം ഉണ്ടാ കുന്നില്ലെങ്കിൽ എടുത്ത തിരുമാനങ്ങളെല്ലാം പാതി വഴിയിൽ അവ സാനിക്കാനുള്ള സാദ്ധ്യതകൾ ഇന്നത്തെ ലോകത്തിൽ ഏറെയാണ്. അതിനാൽ അറിവിനോടൊപ്പം വിശ്വാസ ജീവിതത്തിലും പരിശീ ലിപ്പിക്കപ്പെടാനും അറിവ് വർധിക്കുന്നതുപോലെ തന്നെ വിശ്വാസ ജീവിതത്തിൽ ആഴപ്പെടാനും നമുക്കു സാധിക്കണം.

ജൂലൈ മാസം വളരെ പ്രത്യേകമായി ഈ വിശ്വാസ ജീവിത ത്തിന്റെ ആവശ്യകതയെ നമുക്ക് മുൻപിൽ വിളിച്ചോതുന്നുണ്ട്. ഈ ലോകത്തിന്റെ വിവിധവും വൈവിധ്യവുമാർന്ന വഴിത്താരക ളിൽ നമുക്ക് വഴിവിളക്കാകുന്നത് ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ്. യഥാർത്ഥ വിശ്വാസം എന്നാൽ നമ്മൾ കാണാത്ത കാര്യങ്ങളെപ്പോലും പൂർണ്ണമായി ഉറച്ചു വിശ്വസിക്കുന്നതാണ്. വിശുദ്ധ ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇപ്രകാരമാണ്: 'വിശ്വാ സം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാ ത്തവ ഉണ്ട് എന്ന ബോധ്യവുമാണ്.' (ഹെബ്രായർ 11 : 1). നമുക്ക് ചുറ്റും പലവിധത്തിലുള്ള സംശയങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാ കുമ്പോൾ, നമ്മുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ നമുക്കൊരു വലിയ മാതൃക ഉണ്ട്, ധീരതയോടെ തന്റെ വിശ്വാസം ജീവിച്ച് നമുക്കു മാർഗദർശിയായ, വിശുദ്ധ തോമാസ് അപ്പസ്തോലൻ.

വിശുദ്ധ തോമസ് ശ്ലീഹായുടെ തിരുനാൾ നാം കൊണ്ടാടുന്നത് ജൂലൈ മാസം മൂന്നാം തീയതിയാണല്ലോ. തിരുനാളിന്റെ എല്ലാ പ്രാർത്ഥനകളും അനുഗ്രഹങ്ങളും നിങ്ങൾക്കുണ്ടാകട്ടെ. നമ്മുടെ സീറോ മലബാർ സഭയെ സംബന്ധിച്ചു ഈ തിരുനാൾ ഏറെ അർത്ഥപൂർണവും ഹൃദയസ്പർശിയുമാണ്. എ ഡി 52 ൽ വിശു ദ്ധ തോമസ് ശ്ലീഹായുടെ കേരള പ്രേഷിത പ്രവർത്തന പാരമ്പര്യ ത്തിൽ നിന്നും രൂപം കൊണ്ടതാണ് നാം ആയിരിക്കുന്ന സീറോ മലബാർ കത്തോലിക്കാ സഭ. കേരളത്തിന്റെ സാമൂഹിക, വിദ്യാ ഭ്യാസ, ആതുര, സാംസ്ക്കാരിക മേഖലകളിൽ നാം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതുകൊണ്ട് വളർച്ചയുടെ പാതയിലായിരി ക്കുന്ന നിങ്ങളും ആഴമേറിയ വിശ്വാസത്തിലൂടെ യഥാർത്ഥ ജ്ഞാനം നേടി വിശുദ്ധ തോമസ് ശ്ലീഹായെ പോലെ തീക്ഷ്ണതയോടെ നമ്മുടെ സഭയെയും സഭ സംവിധാനങ്ങളെയും സംരക്ഷിക്കാ നും അതിനുവേണ്ടി നിലകൊള്ളാനുമുള്ള മനസ് ഈ സമുദായ ശാക്തീകരണ വർഷത്തിൽ തന്നെ വളർത്തിയെടുക്കണമെന്ന്

വാത്സല്യത്തോടെ ഈ തിരുനാളിന്റെ വെളിച്ചത്തിൽ ഓർമപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈശോ ഉയിർത്തെഴുന്നേറ്റു എന്ന് മറ്റ് ശിഷ്യന്മാർ പറഞ്ഞപ്പോൾ തോമാശ്ലീഹായ്ക്ക് ആദ്യം അത് വിശ്വസിക്കാൻ കുറച്ചു ബുദ്ധിമുട്ടായിരുന്നു. അവന്റെ കൈകളിലെ ആണിപ്പഴുതുകളിൽ വിരലിട്ടാലല്ലാതെ ഞാൻ വിശ്വസിക്കില്ല എന്ന് തോമസ് ശ്ലീഹാ പറഞ്ഞു. എന്നാൽ ഈശോ തോമസ് ശ്ലീഹായ്ക്കു പ്രത്യക്ഷപ്പെട്ട് സംശയങ്ങൾ മാറ്റിക്കൊടുത്തപ്പോൾ, തോമാശ്ലീഹായുടെ ഹൃദയം നിറഞ്ഞു. അങ്ങനെയാണ് ലോകത്തിലെ ഏറ്റവും മനോഹരമായ ആ വിശ്വാസപ്രഖ്യാപനം തോമസ് ശ്ലീഹ നടത്തുക: 'എന്റെ കർത്താവേ, എന്റെ ദൈവമേ!' അപ്പോൾ ഈശോ തോമാശ്ലീഹായൊടും നമ്മളോടുമായി പറഞ്ഞു: 'ഈശോ അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ.' (യോഹന്നാൻ 20 : 29)


കൂട്ടുകാരെ, തോമാശ്ലീഹാ വെറുതെ വിശ്വസിക്കുക മാത്രമല്ല ചെയ്തത്, ആ വിശ്വാസം ജീവൻ നൽകി പോലും പ്രഖ്യാപിക്കാൻ കടൽ കടന്ന് നമ്മുടെ ഭാരത മണ്ണിലേക്ക്, നമ്മുടെ കേരളത്തിലേക്ക് വന്നു എന്നുള്ളതാണ്. അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ നമ്മുടെ പൂർവ്വികർക്ക് പകർന്നു നൽകി. അവസാനം തന്റെ വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചു. നമ്മുടെ ജീവിതത്തിലും പ്രതിസന്ധികളുണ്ടാകുമ്പോൾ ഭയപ്പെടരുത്. കർത്താവിൽ പൂർണ്ണമായി ആശ്രയിക്കുക. ദൈവവചനം നമ്മോട് പറയുന്നു: 'കർത്താവിൽ പൂർണ്ണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക; സ്വന്തം ബുദ്ധിയിൽ ആശ്രയിക്കരുത്.' (സുഭാഷിതങ്ങൾ 3 : 5)

നിങ്ങൾ സ്കൂളിൽ പഠിക്കുമ്പോഴും, കൂട്ടുകാരോടൊപ്പമായിരിക്കുമ്പോഴും നിങ്ങളുടെ നല്ല പ്രവർത്തികളിലൂടെയും പ്രാർത്ഥനയിലൂടെയും തോമാശ്ലീഹായെപ്പോലെ വിശ്വാസം പ്രഖ്യാപിക്കുന്നവരാകണം. കാരണം, ദൈവത്തിലുള്ള ചെറിയൊരു വിശ്വാസം പോലും വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ പര്യാപ്തമാണ്. ഈശോ പറഞ്ഞത് ഓർക്കുക: 'നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെനിന്നു മാറി അങ്ങോട്ടു പോകുക എന്നു പറഞ്ഞാൽ അതു മാറിപ്പോകും. നിങ്ങൾക്ക് ഒന്നും അസാധ്യമായിരിക്കുകയുമില്ല.' (മത്തായി 17 : 20)

അതുകൊണ്ട് പ്രിയപ്പെട്ട മക്കളേ, നിങ്ങളുടെ ജീവിതത്തിൽ ഒരിക്കലും വിശ്വാസം തളർന്നുപോകരുത്. എപ്പോഴും പ്രാർത്ഥനയിലും വചനത്തിലും വളരുക. നിങ്ങളുടെ വിശ്വാസയാത്രയിൽ കർത്താവ് എപ്പോഴും കൂടെയുണ്ടാകും. വിശുദ്ധ പൗലോസ്

ശ്ലീഹാ തിമോത്തിയോസിന് നൽകിയ ആഹ്വാനം: 'വിശ്വാസത്തിന്റെ നല്ല പോരാട്ടം നടത്തുക; നിത്യജീവൻ കൈവരിക്കുക.' (1 തിമോത്തി 6 : 12). ഇതായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം. തോമാശ്ലീഹായുടെ വിശ്വാസതീക്ഷ്ണത നിങ്ങളിലും നിറയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കൂട്ടുകാരോട് എന്റെയും കൂടി അന്വേഷണം പറയണേ..... നിങ്ങളെല്ലാവരെയും ഉണ്ണീശോ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലന കേന്ദ്രം 2026 ജൂൺ

**വിശ്വാസപരിശീലനകേന്ദ്ര വാർത്തകൾ**

എല്ലാ യൂണിറ്റുകളിലും വിശ്വാസപരിശീലന വർഷത്തിന്റെ അനുഗ്രഹദായകമായ സമാരംഭത്തിന് നേതൃത്വം നൽകിയ ബഹു. വികാരിമാർക്കും അസി. വികാരിമാർക്കും പ്രിൻസിപ്പൽമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും പി.ടി.എ.യ്ക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങളും നന്ദിയും നേരുന്നു. 'എന്റെ കർത്താവേ, എന്റെ ദൈവമേ''എന്ന് ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിക്കുകയും ആ വിശ്വാസം ജീവിക്കാൻ 'അവനോടൊപ്പം പോയി മരിക്കാനുള്ള' സന്നദ്ധത പ്രകടിപ്പിച്ച് നമ്മുടെ നാട്ടിൽ സുവിശേഷത്തിനു സാക്ഷ്യംവഹിച്ച് രക്തസാക്ഷിയായ മാർ തോമാശ്ലീഹായുടെ ഉജ്ജ്വല മാതൃക വിശ്വാസപരിശീലനം ഫലപ്രദമായി നടത്തുന്നതിന് നമ്മെ പ്രചോദിപ്പിക്കട്ടെ. എല്ലാവർക്കും മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

**I. ഞായറാഴ്ച വിശ്വാസപരിശീലന വാർത്തകൾ**

**1. പ്രാർത്ഥനാദിനം**

പുതിയ വിശ്വാസപരിശീലന വർഷത്തിനൊരുക്കമായി വിശ്വാസപരിശീലന കേന്ദ്രത്തിൽ അർദ്ധദിന പ്രാർത്ഥനാദിനം മെയ് 30 ന് നടത്തി. 16 ഫൊറോനകളെയും പ്രതിനിധീകരിച്ച് യൂണിറ്റുകളിൽ നിന്ന് വിശ്വാസപരിശീലകർ ആരാധനയിലും പ്രാർത്ഥനയിലും പങ്കെടുത്തു റവ. ഫാ. റോയ് വേളകൊമ്പിൽ, റവ. ഫാ. ടിജോ മുള്ളക്കര, പാറന്നൂർ വിശ്വാസപരിശീലന പ്രിൻസിപ്പൽ ശ്രീ.

ജോസഫ് ടി. എൽ. എന്നിവരുടെ നേതൃത്വത്തിൽ പുതിയ വിശ്വാസപരിശീലന വർഷത്തിനായി പ്രാർത്ഥിച്ചു.

**2. വിശ്വാസപരിശീലന വർഷം 2026-27 ഉദ്ഘാടനം**

ഈ വിശ്വാസപരിശീലന വർഷത്തിന്റെ അതിരൂപത തല ഉദ്ഘാടനം ഡി.ബി.സി.എൽ.സി.യിൽ വെച്ച് 2026 മെയ് 31 ന് 4 PM ന് ദിവ്യകാരുണ്യ ആരാധനയ്ക്കും വി.കുർബാനയ്ക്കും ശേഷം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് വിശ്വാസപരിശീലന വാർഷിക പ്രോഗ്രാം പ്രകാശനം ചെയ്തു. വിശ്വാസപരിശീലന ഡയറക്ടർ ഫാ. സൈജോ തൈക്കാട്ടിൽ, അസി. ഡയറക്ടർ. ഫാ. ഫ്രാൻസൊ തെക്കത്ത്, ഫാ. ക്രിസ്റ്റോ തേയ്ക്കാനത്ത്, കാറ്റക്കെറ്റിക്കൽ കൗൺസിൽ കൺവീനർ ഡോ. ബാബു സി പി., എക്സിക്യൂട്ടീവ് അംഗങ്ങൾ, ഫൊറോന കാറ്റക്കെറ്റിക്കൽ കൗൺസിൽ കൺവീനർമാർ, സോഫ്റ്റ് വെയർ ഇൻചാർജസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**3. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്**

മെയ് 22-ാം തിയതിയോടുകൂടി ഇപ്പോൾ ക്രമീകരിച്ചിരിക്കുന്ന സംവാദസദസ്സ് പൂർത്തിയായി. അസൗകര്യങ്ങൾ കാരണം സംവാദസദസ്സ് നടത്താൻ സാധിക്കാതിരുന്ന കുറച്ച് യൂണിറ്റുകൾ കൂടിയുണ്ട്. അവർക്ക് ജൂലായ് മാസത്തിലെ സൗകര്യപ്രദമായ ഒരു ദിവസം ക്രമീകരിച്ച് നടത്താവുന്നതാണ്.

ഡയറക്ടർ/അസി. ഡയറക്ടർ സന്ദർശിച്ച (2026 മെയ് 15 മുതൽ 22 വരെ) യൂണിറ്റുകൾ: വടക്കാഞ്ചേരി, തിരൂർ, തിരുത്തിപറമ്പ്, സരിതപുരം, മുണ്ടത്തിക്കോട്

**4. ഫൊറോനതല അർദ്ധദിന സെമിനാർ നടന്നു**

നമ്മുടെ അതിരൂപതയിലെ 16 ഫൊറോനകളിലും മെയ് 25 ന് ഉച്ചക്ക് 01.30 മുതൽ 05.00 വരെ വിശ്വാസപരിശീലകർക്കുള്ള അർദ്ധദിനസെമിനാർ നടന്നു. ഇതിന് നേതൃത്വം നൽകിയ ഫൊറോന വികാരിമാർ, ഫൊറോന പ്രമോട്ടർമാർ, ഫൊറോന കാറ്റക്കെറ്റിക്കൽ കൗൺസിൽ കൺവീനർമാർ, ഫൊറോന പ്രിൻസിപ്പൽമാർ എന്നിവർക്കും ക്ലാസ്സുകൾ എടുത്ത് സഹായിച്ചവർക്കും സെമിനാറിൽ പങ്കെടുത്ത് വിജയിപ്പിച്ച എല്ലാ വിശ്വാസപരിശീലകർക്കും നന്ദി അറിയിക്കുന്നു. സെമിനാറിൽ സമുദായ ശക്തീകരണം, 2026-27 അധ്യായനവർഷത്തെ പ്രധാനപ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് അവതരണങ്ങൾ നടത്തി.

**അർദ്ധദിന സെമിനാറിൽ ക്ലാസ്സ് എടുത്തവർ:**

റവ. ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ, റവ. ഡോ. ജിസ്സോ കുറ്റിക്കാട്ട്, റവ. ഡോ. ഫ്രാൻസിസ് വാഴപ്പിള്ളി, റവ. ഫാ. പ്രദീപ് മാപ്രാണത്തുകാരൻ, റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, റവ. ഡോ. ഷിജോ ചിരിയങ്കണ്ടത്ത്, റവ. ഫാ. ഫിജോ ആലപ്പാടൻ, റവ. ഫാ. പോൾ മാളിയമ്മാവ്, റവ. ഫാ. അനീഷ് കൂത്തൂർ, റവ. ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ, റവ. ഫാ. ജോൺ പോൾ ചെമ്മണ്ണൂർ, റവ. ഫാ. ജിജോ വള്ളൂപ്പാറ, റവ. ഡോ. അലക്സ് മരോട്ടിക്കൽ, റവ. ഫാ. ഗ്ലാഡറിൻ വട്ടക്കുഴി, റവ. ഡോ. ചാക്കോ ചിറമ്മൽ, ശ്രീ. റോണി അഗസ്റ്റിൻ, ശ്രീ. മനോജ് ഒല്ലൂക്കര, ഡോ. ഇഗ്നേഷ്യസ് ആന്റണി. അഡ്വ. ജോസ് ഡേവീസ്, ഡോ. നോബി നെൽസൺ, ശ്രീ. സ്റ്റിജു പി. ജെ., ഡോ. ഡെയ്സൺ പാണേങ്ങാടൻ, അഡ്വ. സോജൻ ജോബ്, മിസ്. ആൻ ജോർജ്, അഡ്വ. ബിജു കുണ്ടുകുളം, ഡോ. ടോണി ജോസഫ്, ഡോ. ബിനോയ് സി. എഫ്,. ശ്രീ. ജോർജ് വി. കെ., ശ്രീ. ജോഷി വടക്കൻ, ഡോ. ബാബു സി. പി, ശ്രീ. ജെയ്സൻ എ. എം.

**II. പൊതുഅറിയിപ്പുകൾ**

1. ജൂലായ് 3 - കടമുള്ള ദിവസം- മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ- അതിരൂപത വിശ്വാസപരിശീലന കേന്ദ്രം അവധിയായിരിക്കും.
2. ജൂലായ് മാസത്തെ കോഴ്സുകളിലും സെമിനാറുകളിലും വിശ്വാസപരിശീലകരെ പങ്കെടുപ്പിക്കുക. ക്രിസ്ഫോം കോഴ്സിലേക്ക് ഫൊറോന അടിസ്ഥാനത്തിൽ കുട്ടികളെ പങ്കെടുപ്പിക്കുക.
3. 10-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കുള്ള അർദ്ധദിനസെമിനാർ ഫൊറോന അടിസ്ഥാനത്തിൽ 10-ാം ക്ലാസ്സിലെ മുഴുവൻ വിദ്യാർത്ഥികളേയും പങ്കെടുപ്പിക്കുക. പങ്കെടുത്തവരുടെ ഹാജർ രേഖപ്പെടുത്തേണ്ടതാണ്.
4. എ സി സി കോൺവെക്കേഷൻ & മെറിറ്റ് ഡേ - ആഗസ്റ്റ് 15

   2025-26 വർഷത്തിൽ റാങ്ക് ജേതാക്കളായവർക്കും 15 വർഷം മുടങ്ങാതെ വന്ന വിദ്യാർത്ഥികൾക്കും സമ്മാനങ്ങളും എ. സി. സി. പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകളും നൽകി ഡി.ബി. സി.എൽ.സി. ഓഡിറ്റോറിയത്തിൽ ആഗസ്റ്റ് 15 ന് 2.00 PM ന് നടക്കുന്ന മെറിറ്റ് ഡേയിൽ ആദരിക്കുന്നു.
5. മുടങ്ങാതെ വന്ന വിദ്യാർത്ഥികൾക്ക് അവാർഡ്

   ഒന്നാം ക്ലാസ്സ് മുതൽ എ.സി.സി അവസാനവർഷം വരെ (15

വർഷം) മുടങ്ങാതെ വന്ന വിദ്യാർത്ഥികളെ അനുമോദിക്കുന്നു. കുട്ടികളുടെ വിവരങ്ങൾ നൽകേണ്ട അവസാന തിയതി: ജൂലായ് 15. വിദ്യാർത്ഥികളുടെ വിവരങ്ങളടങ്ങിയിട്ടുള്ള കത്തിൽ വികാരിയച്ചന്റെ ഒപ്പും കുട്ടിയുടെ ഫോട്ടോ വേറെയായും വിശ്വാസ പരിശീലന കേന്ദ്രത്തിൽ ജൂലായ് 15 നുള്ളിൽ ഏല്പിക്കേണ്ടതാണ്.

6. എസിസി യൂണിവേഴ്സിറ്റി രെജിസ്ട്രേഷൻ

ജൂലായ് 26 മുതൽ സോഫ്റ്റ് വെയറിൽ നിന്നും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഫോം പ്രിന്റ് എടുത്ത് വിദ്യാർത്ഥികൾക്ക് കൊടുക്കുണ്ടതാണ്. ആഗസ്റ്റ് 16 മുതൽ 27 വരെ വിശ്വാസപരിശീലന കേന്ദ്രത്തിൽ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടക്കുന്നു. എസിസി കോഴ്സ് പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും പൂരിപ്പിച്ച ഫോമും 100 രൂപയും അടക്കം വിശ്വാസപരിശീലന കേന്ദ്രത്തിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**III. വിശ്വാസപരിശീലകർക്കുള്ള കോഴ്സുകളും സെമിനാറുകളും – ആഗസ്റ്റ് മാസം**

**1. വിശ്വാസപരിശീലകർക്ക് ഏകദിന സെമിനാറുകൾ**

| | |
|---|---|
| ആഗസ്റ്റ് 2 | : 10-ാം ക്ലാസ്സ് |
| ആഗസ്റ്റ് 9 | : 7-ാം ക്ലാസ്സ് |
| ആഗസ്റ്റ് 16 | : 6-ാം ക്ലാസ്സ് |
| ആഗസ്റ്റ് 23 | : 5-ാം ക്ലാസ്സ് |
| ആഗസ്റ്റ് 30 | : 4-ാം ക്ലാസ്സ് |

(9.30 AM - 04.30 PM; ഡി. ബി. സി. എൽ. സി.)

മേൽപറഞ്ഞ ക്ലാസ്സുകളിലെ വിശ്വാസപരിശീലകർ അവർക്ക് നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ സെമിനാറിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്. വിശ്വാസപരിശീലകർ ടെക്സ്റ്റ് ബുക്ക്, നോട്ട്ബുക്ക്, പേന, അധ്യാപക സഹായി എന്നിവ കൊണ്ടുവരേണ്ടതാണ്.

**2. ക്ലാസ്സ് പി. ടി. എ**

വിശ്വാസപരിശീലനം ഫലപ്രദമാക്കാൻ മാതാപിതാക്കളെ പ്രചോദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വാർഷികപ്രോഗ്രാമിൽ കൊടുത്ത തിയതികളിൽ ക്ലാസ്സടിസ്ഥാനത്തിൽ പി.ടി.എ. മീറ്റിംഗുകൾ സംഘടിപ്പിക്കേണ്ടതാണ്. ക്ലാസ്സ് പി.ടി.എ.യിൽ വിഷയാവതരണത്തിനുള്ള സഹായി ഓരോ വിശ്വാസപരിശീലകർക്കും അവരുടെ സെമിനാറുകളിൽ വരുമ്പോൾ നൽകുന്നതാണ്. ക്ലാസ്സ് പി.ടി.എ. വിശ്വാസ

പരിശീലന ക്ലാസ്സുകൾക്ക് ശേഷമോ അല്ലെങ്കിൽ ക്ലാസ്സ് സമയത്തോ നടത്താവുന്നതാണ്. ക്ലാസ്സ് ടീച്ചർ നേതൃത്വം നൽകുന്നു. ബഹു. ഡയറക്ടർ, പ്രിൻസിപ്പൽ എന്നിവർ സാധിക്കുന്ന രീതിയിൽ പങ്കെടുക്കുവാൻ ശ്രമിക്കുമല്ലോ.

ആഗസ്റ്റ് മാസത്തിൽ പി.ടി.എ. നടത്തേണ്ട ക്ലാസ്സുകൾ

ആഗസ്റ്റ് 2 : VIII, IX

ആഗസ്റ്റ് 9 : XI, X

ആഗസ്റ്റ് 16 : ACC, XII

ആഗസ്റ്റ് 23 : VI, VII

**3. നവാധ്യാപകർക്കുള്ള കോഴ്സ്**

വിശ്വാസപരിശീലകരായി പുതിയതായി ചേരുന്ന യുവജനങ്ങൾക്ക് (അവിവാഹിതർ) വേണ്ടിയുള്ള കോഴ്സാണിത്. ജൂലൈ 10-12 ആഗസ്റ്റ് 21-23 എന്നീ തിയതികളിൽ രണ്ട് ബാച്ചുകളിലായി ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടക്കുന്നു. ഓരോ ബാച്ചിലും പൂർണ്ണമായി പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നു. ഈ കോഴ്സിൽ പങ്കെടുക്കുന്നവർ 10 വർഷത്തിനുള്ളിൽ ബേസിക് സിടിസി കോഴ്സിൽ പങ്കെടുത്താൽ മതിയാകും. രജിസ്ട്രേഷൻ ഫീസ് 400 രൂപ. വിശ്വാസപരിശീലനമെന്ന അതീവ പ്രാധാന്യമുള്ള ശുശ്രൂഷയിലേക്ക് ആദ്യമായി കടന്നു വരുന്ന എല്ലാ നവാധ്യാപകർക്കും ഇത് നിർബന്ധമാണ്.

**IV. വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കുള്ള പരിപാടികൾ**

1. ക്രിസ്ഫോം 1 - പ്ലസ്ടു, എ. സി. സി. വിദ്യാർത്ഥികൾക്ക്

   ബാച്ച് 4 - (ജൂലായ് 31 - ആഗസ്റ്റ് 02) പുതുക്കാട്, പറപ്പൂർ

   ബാച്ച് 5 - (ആഗസ്റ്റ് 28 - 30) 1 മുതൽ 4 വരെയുള്ള ബാച്ചുകളിലെ ഫൊറോനകൾക്കായി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ പങ്കെടുക്കാൻ പറ്റാത്ത വിദ്യാർത്ഥികൾക്കായി., ഡി.ബി.സി.എൽ.സി.യിൽ

2. ക്രിസ്ഫോം II - ഗാതറിംഗ് ആഗസ്റ്റ് 7-9 തിയതികളിൽ ഡി.ബി.സി.എൽ.സി.യിൽ

3. കാറ്റകിസം ക്രാഷ് കോഴ്സ് - പഠനസംബന്ധമായ കാരണങ്ങളാൽ ഇടവകയിൽ ഞായറാഴ്ച വിശ്വാസപരിശീലന ക്ലാസ്സുകളിൽ സ്ഥിരമായി പങ്കെടുക്കാൻ സാധിക്കാത്ത പ്ലസ് വൺ, പ്ലസ്ടു വിദ്യാർത്ഥികൾക്കായി ഈ വർഷം കാറ്റകിസം ക്രാഷ്കോഴ്സ് സംവിധാനം ഒരുക്കിയിരിക്കുന്നു. ഡി.ബി.സി.എൽ.സി.യിൽ താമസിച്ചുകൊണ്ട് ഓണം, ക്രിസ്മസ് അവധിക്കാലങ്ങളിൽ

(ആഗസ്റ്റ് 21-25), (ഡിസം 18-20) മൂന്നു ദിവസം വീതം (വെള്ളി 5 PM മുതൽ ഞായർ 5 PM വരെ) ആകെ 6 ദിവസത്തെ ക്രാഷ് കോഴ്സിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

അഡ്മിഷൻ: ബഹു. വികാരി അനുവദിക്കുന്നുണ്ടെങ്കിൽ മാത്രമേ കാറ്റകിസം ക്രാഷ് കോഴ്സിൽ പ്രവേശനം നൽകുകയുള്ളൂ. ആവശ്യമായ വിവരങ്ങൾ നല്കി സോഫ്റ്റ്വെയറിൽ) വിദ്യാർത്ഥിയെ കാറ്റകിസം ക്രാഷ് കോഴ്സിൽ വിദ്യാർത്ഥിയായി യൂണിറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. (സോഫ്റ്റ്വെയറിൽ വിദ്യാർത്ഥിയെ സംബന്ധിച്ച വിവരങ്ങളിൽ കാറ്റകിസം ക്രാഷ് കോഴ്സിൽ എന്ന് ചേർക്കുകയും ആവശ്യമായ ഡാറ്റ ഫോട്ടോ സഹിതം കൃത്യമാക്കുകയും ചെയ്യണം). കാറ്റകിസം ക്രാഷ് കോഴ്സിലേക്കുള്ള അപേക്ഷാഫോം ബ്ലോഗിലും വിശ്വാസപരിശീലന വാട്സാപ്പ് ഗ്രൂപ്പുകളിലും പ്രസിദ്ധം ചെയ്യുന്നതാണ്. ആയത് പൂരിപ്പിച്ച് ബഹു. വികാരിയുടെ ശുപാർശയോടും രജിസ്ട്രേഷൻ ഫീസോടും (Rs.2000) കൂടി ജൂലായ് 15 നുള്ളിൽ വിശ്വാസപരിശീലന കേന്ദ്രത്തിൽ നേരിട്ടു സമർപ്പിക്കണം. ഭക്ഷണവും താമസവും ഇതിൽ ഉൾപ്പെടുന്നതാണ്.

**V. സ്കൂൾ കാറ്റകിസം**

1. **സ്റ്റുഡന്റ്സ് സ്റ്റാറ്റിസ്റ്റിക്സ് ഫോം**

   ജൂലായ് 31 നുള്ളിൽ സ്റ്റുഡന്റ്സ് സ്റ്റാറ്റിസ്റ്റിക്സ് ഫോം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. സ്റ്റാറ്റിസ്റ്റിക്സ് ഫോമനുസരിച്ചാണ് ഓരോ സ്കൂളിനുമുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത്.

2. **സ്കൂൾ കാറ്റകിസം, മോറൽ സയൻസ് അവാർഡ് ദിനം**

   ജൂലൈ 11 ശനി, ഡി ബി സി എൽ സിയിൽ 02.30 മുതൽ നടക്കുന്നു. സ്കോളർഷിപ്പ് അവാർഡ് ലഭിച്ച എല്ലാ വിദ്യാർത്ഥികളെയും ഈ ദിനത്തിലേക്ക് ക്ഷണിക്കുന്നു.

3. സ്കൂൾ കാറ്റകിസം ആവശ്യങ്ങൾക്കായി 9188131311 ഈ നമ്പറിൽ വിളിക്കുക

**ഫാ. സൈജോ തൈക്കാട്ടിൽ**, ഡയറക്ടർ
**ഫാ. ഫ്രാൻസൊ തെക്കത്ത്,** അസി. ഡയറക്ടർ

# എക്സൽ അക്കാദമി

## K-TET (കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്)

K-TET പരിശീലനത്തിനു വേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങ് ബാച്ചുകൾ ഏപ്രിൽ മാസത്തിൽ ആരംഭിച്ചിരിക്കുന്നു. കേരളത്തിലെ സ്കൂളുകളിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ലാംഗ്വേജ് ക്ലാസുകളിലേക്ക് അധ്യാപകരെ നിയമിക്കുന്നതിനായി കേരള പരീക്ഷാഭവൻ നടത്തുന്ന നിർബന്ധിത സംസ്ഥാനതല പരീക്ഷയാണ് K-TET. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് ആവശ്യമായ ഗുണനിലവാരം ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിന് വേണ്ടി കേരള പരീക്ഷാഭവൻ വർഷത്തിൽ രണ്ടുതവണ (സാധാരണയായി ഫെബ്രുവരി/ജൂൺ മാസങ്ങളിൽ) ഈ പരീക്ഷ നടത്തുന്നു.

ഒക്ടോബർ/നവംബർ ബാച്ചിലേക്ക് ചേരാൻ താത്പര്യമുള്ളവർ ഉടൻ രജിസ്റ്റർ ചെയ്യുക.

കൂടുതൽ വിവരങ്ങൾക്കും ഫീസ് നിരക്കുകൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി എക്സൽ അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## Civil service courses (സിവിൽ സർവീസ് കോഴ്സ്)

സിവിൽ സർവീസ് കോച്ചിംഗ് ഡെയിലി ആൻഡ് വീക്കെൻഡ് ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിച്ചു. തിങ്കൾ മുതൽ വെള്ളിവരെ ഡെയിലി ബാച്ചുകളും ശനി ഞായർ വീക്കെൻഡ് ബാച്ചുകളും ജൂൺ മാസത്തിൽ ആരംഭിക്കുന്നു. ഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥികൾക്കും, പിജി വിദ്യാർത്ഥികൾക്കും അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും നാല് വർഷത്തെ ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷയ്ക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തിയാക്കുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ അക്കാഡമി ഓഫീസിൽ ബന്ധപ്പെടുക. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ അഭ്യർത്ഥനപ്രകാരം യോഗ്യരായ വിദ്യാർത്ഥികൾക്ക് ഭാഗികമായ ഇളവ് നൽകുന്നതാണ്. താല്പര്യമുള്ളവർ രജിസ്ട്രേഷനായി ജൂലൈ 20 നകം എക്സൽ അക്കാദമിയിൽ ബന്ധപ്പെടുക

## Excel Foundation Course

അതിരൂപതയിലെ 8, 9, 11 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന്/ ഉയർന്ന പരീക്ഷകൾക്ക് അടിസ്ഥാനമിടുക എന്നാണ് ഈ കോഴ്സിന്റെ ഉദ്ദേശം. ഒരു വർഷത്തെ തുടർ പഠന പരിപാടി (ഫൗണ്ടേഷൻ കോഴ്സ്) എക്സൽ അക്കാദമിയിൽ ജൂലൈ മാസത്തിൽ ആരംഭിക്കുന്നു. അതിന് ഒരുക്കമായി അഭിരുചി പരീക്ഷ നടത്തുന്നതാണ്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ ഓഫീസിൽ നേരിട്ടോ മൊബൈൽ ഫോൺ വഴിയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 100 പേർക്ക് പരിശീലനം നൽകുന്നു. വാർഷിക ഫീസ് 5000 രൂപ. ബഹു.വികാരി അച്ചന്മാരുടെ അഭ്യർത്ഥനപ്രകാരം യോഗ്യരായ വിദ്യാർഥികൾക്ക് ഭാഗികമായോ പൂർണമായോ ഫീ ഇളവ് നൽകുന്നതാണ്. രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും 10-4 വരെ ഡി. ബി. സി. എൽ. സി.യിലാണ് ക്ലാസുകൾ. ബഹു വികാരിയച്ചൻമാർ, ഏറെ പ്രയോജന പ്രദമായ ഈ പരിശീലനത്തിലേക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുമല്ലോ.

എക്സൽ അക്കാദമിയുടെ ഒരു സവിശേഷത എല്ലാ കോഴ്സുകൾക്കും വളരെ പരിയചയ സമ്പത്തുള്ള, സർവ്വകലാ ശാലകളിൽ നിന്നും കോളേജുകളിൽ നിന്നും സിവിൽ സർവ്വീസിൽ നിന്നും വിരമിച്ച വിദഗ്ദരാണ് ക്ലാസ്സുകൾ നയിക്കുക

## Coaching Centre for Minority Youth
## (ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ക്ലാസ്സുകൾ നടത്തുന്നത് തൃശ്ശൂർ സെന്റ്. തോമസ് കോളേജ് ജൂബിലി ബ്ളോക്കിൽ ആണ്. ക്ലാസ്സുകളിൽ പ്ര വേശിക്കാൻ താത്പര്യമുള്ളവർ തൃശ്ശൂർ ആർച്ച് ബിഷപ്പ് ഹൗസ് ഡി. ബി. സി. എൽ. സി. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൽ അക്കാഡമിയിൽ ബന്ധപ്പെടുക. പഠനം തികച്ചും സൗജന്യമാണ്. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. അഡ്മിഷൻ ജൂലൈ 20 വരെ.

**ഫാ. സൈജോ തൈക്കാട്ടിൽ,** ഡയറക്ടർ

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന
ഫോൺ നമ്പറിൽ ബന്ധപ്പെടുക.
Excel Academy: 9744941585
Prof. Dr. Mani K Peter Academic Head: 9847235070
Ashik Thomas Administrative & Technical Support: 7907326322

# INSTITUTE OF THEOLOGY
## TRICHUR D B C L C
**(Phone : 0487- 2333245, Mob : 9188131341)**

**1. കോഴ്സ്സുകൾ**

a. B.A. in Theology and Religious Studies (Three Years)

പുതിയ ബാച്ച് ക്ലാസ്സുകൾ ജൂൺ 28 – ന് ആരംഭിച്ചിരിക്കുന്നു.

b. Certificate Course in Theology (One Year)

ജൂൺ 14 ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി Comprehensive Written Exam ഉം ജൂൺ 25 ന് Comprehensive Oral Exam ഉം നടന്നു.

പുതിയ ബാച്ച് ക്ലാസ്സുകൾ ജൂലായ് മാസത്തിൽ ആരംഭിക്കുന്നു അഡ്മിഷന് ഓഫീസുമായി ബന്ധപ്പെടുക.

c. Certificate Course on Sacred Liturgy

ജൂൺ 13 ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി Comprehensive Oral Exam ഉം ജൂൺ 28 ന് Comprehensive Written Exam ഉം നടന്നു.

പുതിയ ബാച്ച് ക്ലാസ്സുകൾ ജൂലായ് മാസത്തിൽ ആരംഭിക്കുന്നു. അഡ്മിഷന് ഓഫീസുമായി ബന്ധപ്പെടുക.

d. Certificate Course on the Life in Holy Spirit

e. ജൂൺ 07 ന് Comprehensive Oral Exam നടന്നു.

f. Catechism of the Catholic Church (CCC)

ജൂൺ 14, 28 തിയ്യതികളിൽ The Sacraments of Healing & Vocation (Rev. Dr. Jiso Kuttikkatt), The Christian Vocation & Moral Life (Rev. Dr. Saji Kanayankal), എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

g. Certificate Course on Guidance and Counselling

ജൂൺ 13 ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി Comprehensive Oral Exam ഉം ജൂൺ 28 ന് Comprehensive Written Exam ഉം നടന്നു.

പുതിയ ബാച്ച് ക്ലാസ്സുകൾ ജൂലായ് മാസത്തിൽ ആരംഭിക്കുന്നു. അഡ്മിഷന് ഓഫീസുമായി ബന്ധപ്പെടുക.

**2. ജൂൺ, ജൂലായ് മാസത്തിൽ ആരംഭിക്കുന്ന കോഴ്സ്സുകൾ**

1. B.A. in Theology and Religious Studies
2. Certificate Course on Theology
3. Advanced Certificate Course on Theology
4. Certificate Course on Theology (Online)

5. Certificate Course on Sacraments and Sacramentals
6. Certificate Course on Sacred Liturgy
7. Guidance and Counselling
8. Certificate Course on Theology of the Holy Spirit

**ഫാ. സൈജോ തൈക്കാട്ടിൽ**, ഡയറക്ടർ

**ഫാ. ഫ്രാൻസോ തെക്കത്ത്**, ഡീൻ & രജിസ്ട്രാർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലി മിഷനിൽ അന്താരാഷ്ട്ര നേഴ്സസ് ദിനാചരണം സംഘടിപ്പിച്ചു.**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ അന്താരാഷ്ട്ര നേഴ്സസ് ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. ആശുപത്രിയിലെ എല്ലാ നേഴ്സുമാർക്കും ആശംസകൾ നേർന്ന് മധുരവിതരണം നടത്തി. കൂടാതെ ഡയറാക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ നേഴ്സുമാർക്ക് ഗിഫ്റ്റ് കൂപ്പണുകൾ സമ്മാനിച്ചു. ഈ വർഷത്തെ നേഴ്സസ് ദിന സന്ദേശമായ – Our Nurses, Our Future - Empowered Nurses Save Lives – എന്ന ആശയത്തെ ആസ്പദമാക്കി ആശുപത്രി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ സന്ദേശം നൽകി. നേഴ്സുമാർ ആരോഗ്യരംഗത്ത് സേവനം ചെയ്യുന്നതിനപ്പുറം സമൂഹത്തിൽ ഒരു സ്ഥാപനത്തെക്കുറിച്ചുള്ള നല്ല പ്രതിച്ഛായ സൃഷ്ടിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നവരാണെന്ന് അദ്ദേഹം പറഞ്ഞു. സേവന മനോഭാവത്തോടൊപ്പം നേതൃപാടവവും കൈവരിച്ച് നേഴ്സുമാർ ആരോഗ്യരംഗത്തിന്റെ ശക്തമായ നേതാക്കളായി ഉയർന്നുവരേണ്ടതുണ്ടെന്നും ശക്തിപ്പെട്ട നഴ്സിംഗ് സമൂഹത്തിന് അനേകം ജീവനുകളെ രക്ഷിക്കാനാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അസി. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി സന്ദേശം നൽകി. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ ആശംസകൾ നേർന്നു. ആശുപത്രി മാനേജ്മെന്റും വിവിധ വകുപ്പ് മേധാവികളും നേഴ്സിങ്ങ് സൂപ്രണ്ടുമാരും ചടങ്ങിൽ പങ്കെടുത്തു.

**കേരള മിഡ്-ടേം AOICON 2026-ൽ**

**ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് അഭിമാനനേട്ടം**

കൊല്ലത്ത് നടന്ന കേരള മിഡ്-ടേം AOICON 2026-ൽ പി.ജി. പേപ്പർ പ്രസന്റേഷൻ മത്സരത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഇ.എൻ.ടി. വിഭാഗത്തിലെ പോസ്റ്റ് ഗ്രാജുവേറ്റ് റസിഡന്റായ ഡോ. മരിയ റോബർട്ടിന് ഒന്നാം സ്ഥാനം ലഭിച്ചു. "Sudden Darkness to the Light of Recovery - A Surgical Journey to Save Sight"എന്ന ശീർഷകത്തിലുള്ള കേസ് റിപ്പോർട്ടിനാണ് പുരസ്ക്കാരം ലഭിച്ചത്. വൈദ്യശാസ്ത്ര ഗവേഷണ മികവും ശസ്ത്രക്രിയാ രംഗത്തെ വൈദഗ്ധ്യവും പ്രതിഫലിപ്പിക്കുന്ന അവതരണമായിരുന്നു ഇത്. ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ അക്കാദമിക് മികവും ഗവേഷണ പ്രോത്സാഹനത്തിനും ഈ നേട്ടം കൂടുതൽ കരുത്തേകുന്നതാണെന്ന് കോളേജ് അധികൃതർ അറിയിച്ചു.

**ജൂബിലിയിൽ സ്കീസോഫ്രീനിയ ദിനാചരണവും സമ്മാനവിതരണവും**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മാനസികാരോഗ്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ലോക സ്കീസോഫ്രീനിയ ദിനം ആചരിച്ചു. ഇതോടനുബന്ധിച്ച് ബോധവത്കരണ ക്ലാസും പോസ്റ്റർ മത്സരവും സംഘടിപ്പിച്ചു. ബോധവത്കരണ ക്ലാസിന് സൈക്യാട്രി വിഭാഗത്തിലെ ഡോ. അശ്വിൻ മാത്യു നേതൃത്വം നൽകി. പോസ്റ്റർ ഡിസൈനിങ്ങ് മത്സരത്തിലെ വിജയികൾക്ക് സമ്മാനവിതരണവും നടന്നു.

**തൃശ്ശൂർ പൂരം പ്രദർശനത്തിൽ ജൂബിലി മിഷൻ പവലിയന് ഒന്നാം സ്ഥാനം**

2026 ലെ തൃശ്ശൂർ പൂരം പ്രദർശനത്തിൽ ആരോഗ്യ ബോധവൽക്കരണത്തിനും ജനപങ്കാളിത്ത പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി ഒരുക്കിയ പവലിയനു ഒന്നാം സമ്മാനം നേടി. കേന്ദ്ര മന്ത്രി ശ്രീ. സുരേഷ് ഗോപി, കേരള സർക്കാർ കായിക-യുവജനകാര്യ മന്ത്രി അഡ്വ. ഒ. ജെ. ജനീഷ് എിവർ ചേർന്നാണ് പുരസ്ക്കാരം സമ്മാനിച്ചത്. ഈ വർഷം പവലിയനിലൂടെ ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള അവബോധം, ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ വിഭാഗത്തെക്കുറിച്ചുള്ള അവബോധം, രോഗനിർണ്ണയവും ചികിത്സാ മാർഗ്ഗങ്ങളും സംബന്ധിച്ച വിവരങ്ങൾ, ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനം, മുതിർന്നവർക്കായുള്ള ആരോഗ്യപരിപാലന നിർദ്ദേശങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയുണ്ടായി. പവലിയൻ സന്ദർശിച്ച ആയിരക്കണക്കിന് ആളുകൾക്ക് ആരോഗ്യ സംരക്ഷണവുമായി

ബന്ധപ്പെട്ട പ്രായോഗിക അറിവുകൾ നൽകുന്നതിൽ ഈ പ്ര വർത്തനങ്ങൾ ശ്രദ്ധേയമായി.

**ലോക പരിസ്ഥിതി ദിനം ആചരിച്ചു**

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് സംഘടിപ്പിച്ച ചടങ്ങ്, തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ഇംഗ്ലണ്ടിലെ കാന്റർബെറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിലെത്തിയ ഡോ. ലൂക്ക് ഇവർട്ട്, റെബേക്കാ സ്നറീസ് എന്നിവർ ചേർന്ന് കോളേജ് പരിസരത്ത് വൃക്ഷത്തൈ നട്ടു. പരിസ്ഥിതി സംരക്ഷണത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് വൃക്ഷത്തൈ നടീൽ സംഘടിപ്പിച്ചത്.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മൊണാർക്ക് കുറീസ് പ്രൈ. ലിമിറ്റഡ്, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- ഫ്രാൻസിസ് സി. എ., ചാലിശ്ശേരി, തോപ്പ് സ്റ്റേഡിയം, തൃശ്ശൂർ
- ഫ്രാൻസിസ് ഇ. പി., എലവത്തിങ്കൽ, ചെവ്വൂർ, തൃശ്ശൂർ
- ജെറോം പി. തോമസ്

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ലിന്റോ തോമസ്, കുരിയിച്ചിറ, തൃശ്ശൂർ
- കൊച്ചുമറിയം, ആളൂർ കൊക്കൻ ഹൗസ്, ഈസ്റ്റ് ബസാർ, അരണാട്ടുകര, തൃശ്ശൂർ
- ബേബി, ഇൻഷൂറൻസ് ഡിപ്പാർട്ടുമെന്റ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഡോ. ഷോജൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജോൺ പോൾ, സ്നേഹപുരം, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**

ഡയറക്ടർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ് (ഓട്ടോണമസ്)

**1. കോളേജ് ഡേ**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ 24-ാമത് കോളേജ് ഡേ 2026 മാർച്ച് 28 ന് കോളേജ് ഓഡിറ്റോറിയത്തിൽ ആഘോഷപൂർവ്വം നടന്നു.

മണപ്പുറം ഫിനാൻസ് ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി.പി. നന്ദകുമാർ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും അക്കാദമിക് നേട്ടങ്ങൾക്ക് വിവിധ അവാർഡുകളും എൻഡോവ്മെന്റുകളും വിതരണം ചെയ്തു. യുക്തി 2026 മാഗസിനും ദേശീയ ബഹിരാകാശ ദിന സ്മാരക പ്രസിദ്ധീകരണവും ചടങ്ങിൽ പ്രകാശനം ചെയ്തു.

**2. ജ്യോതി കോളേജിനു ദേശീയ അംഗീകാരം**

ഭാരത് എഞ്ചിനീയർമാരുടെ ദേശീയ സംഘടനയായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് (ഇന്ത്യ) തങ്ങളുടെ രാജ്യവ്യാപക ക്യാമ്പസുകളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിദ്യാർത്ഥി ചാപ്റ്ററുകൾക്കുള്ള സ്റ്റുഡന്റ് ചാപ്റ്റർ അവാർഡ് 2026 ജ്യോതി എഞ്ചിനീയറിംഗ് കോളേജിന് ലഭിച്ചു. അക്കാദമിക് പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, സാങ്കേതിക സെമിനാറുകൾ എന്നിവയിലെ മികവാണ് അംഗീകാരത്തിന് കാരണമായത്.

**3. അഡ്മിഷൻ 2026**

**Bachelor of Technology (BTech) courses:**

Artificial Intelligence and Data Science (AD)
Civil Engineering (CE)
Computer Science and Engineering (CSE)
Computer Science and Engineering - Cyber Security (CY)
Electronics and Communication Engineering (ECE)
Electrical and Electronics Engineering (EEE)
Mechanical Engineering (ME)
Mechatronics Engineering (MR)

**Master of Technology (MTech) Courses:**

Artificial Intelligence and Data Science (AD)
Computer Science and Engineering (CSE)
Industrial Automation and Robotics (ME)
Transportation Engineering (CE)

**Doctor of Philosophy (PhD):**

Civil Engineering
Computer Science and Engineering
Electronics and Communication Engineering
Electrical and Electronics Engineering
Mechanical Engineering
Mechatronics Engineering
Mathematics

**Admission Helpline: 9526924455, 9526934455, 04884259000**

**ഫാ. ഡേവിഡ് നെറ്റിക്കാടൻ** — എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ** — പി.ആർ.ഒ.

# മഹാജൂബിലി ട്രെയിനിംങ്ങ് കോളേജ്, മുള്ളൂർക്കര

**കോളേജ് പുനരാരംഭം :**

2025  2027 ബാച്ചിലെ വിദ്യാർത്ഥികളുടെ ക്ലാസ് ജൂൺ 1 ന് പുനരാരംഭിച്ചു.

**ഇന്റേൺഷിപ്പ് ആരംഭം :**

2025-2027 ബാച്ചിലെ വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് ജൂൺ 2 ന് ആരംഭിച്ചു. വിവിധ സ്കൂളുകളിലായി പരിശീലന അധ്യാപന പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ പങ്കുചേരുന്നു. അധ്യാപന രംഗത്തെ പ്രായോഗിക അനുഭവങ്ങൾ നേടുന്നതിനുള്ള മികച്ച അവസരമാണ് ഇന്റേൺഷിപ്പ്.

**രണ്ടാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷ :**

2025  2027 ബാച്ചിന്റെ രണ്ടാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷ ജൂൺ 15ന് ആരംഭിച്ചു

**ഫാ. ചാക്കോ ചിറമ്മൽ**, കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**, അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

3 വെള്ളി – ദുക്റാന (സെന്റ് തോമസ് ഡേ), ആദ്യവെള്ളി, വി. കുർബാന
6 തിങ്കൾ – വി. മരിയ ഗൊരേത്തി
11 ശനി – ലോക ജനസംഖ്യാദിനം
16 വ്യാഴം – കർമ്മലമാതാവ്
25 ശനി – വി. യാക്കോബ് ശ്ലീഹ
28 ചൊവ്വ – വി. അൽഫോൻസാമ്മ
31 വെള്ളി – വി. ഇഗ്നേഷ്യസ് ലെയോള

**2. Results of S.S.L.C. Examination – March 2026**

| Sl No. | Name of school | Students appeared | No. of pupils who got D+ and above in all subject | School percentage 2025-2026 |
|---|---|---|---|---|
| 1. | St. John's H.S.S., Parappur | 225 | 225 | 100 |
| 2. | St. Antony's H.S.S., Pazhuvil | 161 | 161 | 100 |
| 3. | St. Joseph's H.S.S., Velupadam | 160 | 160 | 100 |
| 4. | St. Thomas C.H.S.S., Thrissur | 154 | 154 | 100 |
| 5. | St. Antony's H.S.S., Pudukad | 142 | 142 | 100 |
| 6. | St. Mary's H.S., Chengaloor | 139 | 139 | 100 |
| 7. | St. Thomas H.S.S., Thope, Thrissur | 65 | 65 | 100 |
| 8. | St. Antony's H.S.S., Puthenpeedika | 59 | 59 | 100 |
| 9. | St. Xavier's H.S., Chevoor | 58 | 58 | 100 |
| 10. | Tharakan's H.S., Aranattukara | 42 | 42 | 100 |
| 11. | St. Joseph's H.S.S., Avinissery | 23 | 23 | 100 |

| | | | | |
|---|---|---|---|---|
| 12. | C.J.M.A.H.S.S., Varandarappilly | 344 | 343 | 99.71 |
| 13. | St. Thomas H.S.S., Engandiyur | 337 | 336 | 99.70 |
| 14. | St. Thomas H.S.S., Mayannur | 237 | 236 | 99.59 |
| 15. | St. Antony's H.S.S., Ammadam | 222 | 221 | 99.55 |
| 16. | Matha H.S., Mannampetta | 148 | 147 | 99.32 |
| 17. | St. Sebastian's H.S., Chittattukara | 251 | 249 | 99.20 |
| 18. | St. Thomas H.S.S., Thiroor | 225 | 223 | 99.11 |
| 19. | St. Joseph's H.S., Enamakkal | 147 | 145 | 98.64 |
| 20. | St. Sebastian's H.S., Mannamangalam | 142 | 140 | 98.59 |
| 21. | St. Thomas H.S.S., Vallachira | 53 | 51 | 96.23 |

**3. Results of Higher Secondary Examination – March 2026**

| Sl. No. | NAME OF SCHOOL | STUDENTS APPEARED | PASSED | PERCENTAGE |
|---|---|---|---|---|
| 1. | St. Antony's H.S.S., Puthenpeedika | 108 | 107 | 99.07 |
| 2. | C.J.M.A.H.S.S., Varandarappilly | 224 | 211 | 94.20 |
| 3. | St. Antony's H.S.S., Pazhuvil | 115 | 108 | 93.91 |
| 4. | St. Thomas C.H.S.S., Thrissur | 289 | 270 | 93.43 |
| 5. | St. Thomas H.S.S., Thope, Thrissur | 171 | 158 | 92.40 |
| 6. | St. Joseph's H.S.S., Velupadam | 113 | 103 | 91.15 |
| 7. | St. Antony's H.S.S., Ammadam | 279 | 251 | 89.96 |
| 8. | St. Thomas H.S.S., Thiroor | 115 | 102 | 88.70 |
| 9. | St. John's H.S.S., Parappur | 176 | 153 | 86.93 |
| 10. | St. Antony's H.S.S., Pudukad | 545 | 463 | 84.95 |
| 11. | St. Thomas H.S.S., Vallachira | 140 | 113 | 80.71 |
| 12. | St. Thomas H.S.S., Mayannur | 171 | 124 | 72.51 |
| 13. | St. Joseph's H.S.S., Avinissery | 142 | 96 | 67.61 |
| 14. | St. Thomas H.S.S., Engandiyur | 165 | 106 | 64.24 |

Plus Two, S.S.L.C. പരീക്ഷയിൽ മികച്ച വിജയം കൈവരിച്ച വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മാനേജ്മെന്റ്, പി.ടി.എ. എന്നിവർക്കും അനുമോദനങ്ങൾ.

**ഫാ. ജോയ് അടമ്പുകുളം**

കോർപറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെൻ്റർ

**ജൂലായ് മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ജൂലായ് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 8,9,10 – 15,16,17 – 29,30,31. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**നവദമ്പതിസംഗമം – ദാമ്പത്യ ബന്ധം എങ്ങനെ ഊഷ്മളമാക്കാം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2026 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ജൂലായ് 12 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

'ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ അഭ്യർത്ഥിക്കുന്നു. .

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

## മെറിറ്റ് ഡേ

2026 ജൂലൈ 5-ാം തിയ്യതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മെറിറ്റ് ഡേ 2026 സംഘടിപ്പിക്കുന്നു. പ്രസ്തുത യോഗത്തിൽ 2025 - 2026 അദ്ധ്യയന വർഷത്തിലെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലായി വിവിധ സിലബസുകളിൽ ഫുൾ എ പ്ലസ്, ഫുൾ എ വൺ നേടിയ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കളെ ആദരിക്കുകയും ചെയ്യുന്നു.

## അതിരൂപത കുട്ടികൂട്ടായ്മ ആനിമേറ്റേഴ്സ് സംഗമം

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുട്ടികൂട്ടായ്മയിലെ ആനിമേറ്റേഴ്സ് സംഗമം സംഘടിപ്പിച്ചു. അതിരൂപത ഫിനാൻസ് ഓഫീസർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. കുട്ടികൂട്ടായ്മ പ്രവർത്തനങ്ങളുടെ വാർഷിക പദ്ധതി പ്രകാശനം അദ്ദേഹം നിർവഹിച്ചു. അതിരൂപത കുടുംബ കൂട്ടായ്മ ഡയറക്ടർ ഫാ. ഫ്രാൻസീസ് ടി. വാഴപ്പിള്ളി, ഫാ. പോൾ മാളിയമ്മാവ്, ഫാ. അനീഷ് കൂത്തൂർ ജനറൽ കൺവീനർ പ്രൊഫ.ജോർജ്ജ് അലക്സ്, ജനറൽ സെക്രട്ടറി ഏ.ഡി.ഷാജു എന്നിവർ പ്രസംഗിച്ചു. സി.ടി. ജോയ്, ഓസ്റ്റിൻ ഷോബി, അന്ന ബാബു, ഫാജി വർഗ്ഗീസ്, എൽസി സ്കറിയ എന്നിവർ നേതൃത്വം നൽകി.

## കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുള്ള കലാ-സാഹിത്യ മത്സരങ്ങൾ

ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഇടവകതലത്തിലും സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിൽ ഫൊറോന തലത്തിലും ഒക്ടോബർ/നവംബർ മാസങ്ങളിൽ അതിരൂപത തലത്തിലും മത്സരങ്ങൾ നടത്തപ്പെടുന്നു. കലാസാഹിത്യ മത്സരങ്ങളെ കുറിച്ചുള്ള വിശദവിവരങ്ങൾ കുടുംബകൂട്ടായ്മ വാടാസ് ആപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുന്നതാണ്.

## ഉണർവ് - 2026

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി

നടത്തുന്ന ഉണർവ് - 2026 മരത്താക്കര, മരോട്ടിച്ചാൽ ഇടവകകളിൽ നടത്തി. ഉണർവ്വ് - 2026 എന്ന ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും പുതിയ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 8281064381.

**കുടുംബകൂട്ടായ്മ പ്രാർത്ഥനാപുസ്തകം, ഹാജർബുക്ക്**

കുടുംബകൂട്ടായ്മകൾക്കാവശ്യമായ പ്രാർത്ഥനാ പുസ്തകം (വലുത്), ഹാജർ ബുക്ക്, ഫ്ളാഗ് എന്നിവ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിലുള്ള കൂടുംബകൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്. ചെറിയ പ്രാർത്ഥനാ പുസ്തകം ഔട്ട് ഓഫ് പ്രിന്റ് ആണ്. (തിങ്കൾ മുതൽ ശനി വരെ. ഓഫീസ് സമയം -10.00 മുതൽ 12.30 വരെയും 1.30 മുതൽ 4.30 വരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ.അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ കൺവീനർ

**എ. ഡി. ഷാജു**
ജനറൽ സെക്രട്ടറി

## മാതൃവേദി

**നൊസ്റ്റാൾജിയ 2026**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ജൂലൈ 14ന് രൂപതയിലെ മാതൃവേദിയുടെ മുൻ നേതൃത്വത്തെ ആദരിക്കുന്ന ചടങ്ങായ നൊസ്റ്റാൾജിയ 2026 (നേതൃത്വ സംഗമം) രാവിലെ 9.30 മുതൽ 12.30 വരെ സംഘടിപ്പിച്ചിരിക്കുന്നു.

**സീറോമലബാർ സഭ ചരിത്ര പഠന പരമ്പര ക്ലാസ്സ്**

മാതൃവേദി അംഗങ്ങൾക്കായി തിരുഹൃദയ ആരാധനയും സീറോ മലബാർ സഭ ചരിത്ര പഠന പരമ്പരയെ കുറിച്ചുള്ള രണ്ടാമത്തെ ക്ലാസ് ജൂലൈ 14-ാം തീയതി ചൊവ്വാഴ്ച 1.30 മുതൽ 4.00 വരെ സംഘടിപ്പിക്കുന്നു. മാതൃവേദി അമ്മമാരെ പ്രത്യേകം ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ

പ്രാവശ്യം നടത്തേണ്ടത് കൊട്ടേക്കാട്, പുത്തൂർ ഫൊറോനകളിലെ ഇടവകകളാണ്. താൽപര്യമുള്ളവർ ജൂലൈ 14-ാം തിയ്യതി ചൊവ്വാഴ്ച്ച കൊണ്ടുവരാവുന്നതാണ്..

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ഫാ.അനീഷ് കൂത്തൂർ**, അസി. ഡയറക്ടർ
**ശ്രീമതി ഉജ്ജ്വല ബിജു**, പ്രസിഡന്റ്
**ശ്രീമതി റീന വർഗ്ഗീസ്**, സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

### തിരുമണിക്കൂർ ആരാധന, വി. കുർബാന

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ജൂലൈ 6 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

### ഏലീശ്വാ സഹഗമനം

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ജൂലൈ മാസത്തെ ഓൺലൈൻ ആരാധന യും ക്ലാസ്സും ജൂലൈ 12-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 7.00 മുതൽ 8.00 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്ര ഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

### ഏകദിന ഉപവാസ ആരാധന

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേ തൃത്വത്തിൽ ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തര ത്തിനുവേണ്ടിയും നടത്തുന്ന ഏകദിന ഉപവാസ ആരാധന ജൂലൈ

18-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മുതൽ 12.30 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതാണ്. ഈ ഏകദിന ഉപവാസ ആരാധനയിലേക്ക് എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**, പ്രസിഡന്റ്



# പിതൃവേദി

**പിതൃവേദിക്ക് പുതിയ യൂണിറ്റുകൾ**

പൊങ്ങണംകാട്, കല്ലൂർ വെസ്റ്റ് എന്നീ ഇടവകകളിൽ പിതൃവേദി യൂണിറ്റുകൾ ആരംഭിച്ചു. പൊങ്ങണംകാട് ഇടവകയിൽ വികാരി ബഹു.ജോബി ചുള്ളിക്കാടൻ അച്ചന്റെ നേതൃത്വത്തിൽ പിതൃവേദി സംഘടന രൂപീകരിച്ചു. പ്രഥമ പൊതുയോഗവും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും വിജയകരമായി നടന്നു. കല്ലൂർ വെസ്റ്റ് ഇടവകയിൽ പിതൃവേദി പതാക ഉയർത്തികൊണ്ട് അതിരൂപത ഡയറക്ടർ പിതൃവേദി ഉദ്ഘാടനം ചെയ്തു.

**പിതൃവേദി ഇടവക വാർഷികങ്ങൾ**

വെങ്ങിണിശ്ശേരി സെന്റ് മേരിസ് ദൈവാലയത്തിൽ പിതൃവേദി വാർഷിക ആഘോഷങ്ങൾക്ക് പിതൃവേദിയുടെ സ്ഥാപക ഡയറക്ടർ ബഹു. ഫാ. ഡെന്നി താണിക്കൽ നേതൃത്വം വഹിച്ചു. അതിരൂപത ഡയറക്ടറും അതിരൂപത സെക്രട്ടറി ശ്രീ ജോബി ഫ്രാൻസിസും സന്നിഹിതരായിരുന്നു. വടക്കേ കാരമുക്ക് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വാർഷിക ആഘോഷങ്ങൾക്ക് ഇടവക വികാരി ബഹു. പ്രതീഷ് കല്ലറക്കൽ നേതൃത്വം കൊടുത്തു. അതിരൂപത ഡയറക്ടറും, അതിരൂപത പ്രസിഡണ്ട് ശ്രീ ജോസഫ് സാറും സന്നിഹിതരായിരുന്നു.

**പിതൃവേദി കാരുണ്യപ്രവൃത്തികൾ**

മുണ്ടൂർ പരിശുദ്ധ കർമ്മലമാതാ ദൈവാലയത്തിൽ പിതൃവേദിയുടെ നേതൃത്വത്തിൽ അർഹരായ വ്യക്തികളിലേക്ക് വസ്ത്രങ്ങൾ എത്തിക്കുവാനായി ക്ലോത്ത് ബാങ്ക് ആരംഭം കുറിച്ചു. വെങ്ങിണിശ്ശേരി സെന്റ് മേരിസ് ദൈവാലയത്തിൽ പിതൃവേദി വാർഷികത്തോടനുബന്ധിച്ച് സൗജന്യ നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.

**ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ
**ശ്രീ. ജോസഫ് പി. ടി** , പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

### സമർപ്പിത കുടുംബങ്ങൾ കുടുംബ പ്രേഷിതർ : മാർ ആൻഡ്രൂസ് താഴത്ത്

### (ലോഫ് കുടുംബങ്ങളുടെ നിത്യവ്രതവാഗ്ദാനം)

തൃശ്ശൂർ അതിരൂപതയിലെ കുടുംബങ്ങളുടെ സമർപ്പിത സമൂഹമായ ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്) കുടുംബങ്ങൾ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ വ്രത വാഗ്ദാനം നടത്തി. സമർപ്പിത കുടുംബങ്ങൾ സഭയിലെ സമർപ്പിത ദൈവവിളിയുടെ പുതിയ രൂപമാണ്. ഇത് ആരംഭിച്ചത് തൃശ്ശൂർ അതിരൂപതയിൽ 2009 ൽ ലോഫ് സ്ഥാപിതമായപ്പോഴാണ്. കുടുംബ പ്രേഷിത ശുശ്രൂഷക്കായി മാറ്റി നിർത്തപ്പെട്ടവരാണ് സമർപ്പിത കുടുംബങ്ങൾ എന്ന് പിതാവ് പറഞ്ഞു.

മരിയാപുരം സെന്റ് ജോൺ ബോസ്കോ ദൈവാലയത്തിൽ 17/05/2026 ഞായറാഴ്ച വൈകിട്ട് 6 മണിക്കുള്ള വിശുദ്ധ കുർബ്ബാന മദ്ധ്യേ ആണ് വ്രത വാഗ്ദാന ചടങ്ങുകൾ നടന്നത്. ലോഫ് ഡയറക്ടർ ഡോ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി, സ്പിരിച്ചൽ ഡയറക്ടർ ഫാ. അനീഷ് കുത്തൂർ എന്നിവർ സഹകാർമ്മികരായി. മരിയാപുരം ഇടവക വികാരി ഫാ. ജോൺസൺ ഒലക്കേങ്കിൽ സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ലോഫ് ടൈഡിങ്സ് ത്രൈമാസ ന്യൂസ് ലെറ്റർ പ്രകാശനം ചെയ്യുകയും വ്രതവാഗ്ദനം നടത്തിയ കുടുംബങ്ങൾക്ക് അതിരൂപതയുടെ അനുമോദനങ്ങൾ നേരുകയും ചെയ്തു. കത്തോലിക്കാ സഭ മാനേജരും അതിരൂപത ലിറ്റർജി കമ്മീഷൻ ഡയറക്ടറുമായ ഡോ. ബിൽജു വാഴപ്പിള്ളി വ്രതവാഗ്ദന കർമ്മക്രമം തയ്യാറാക്കുകയും തിരുക്കർമ്മങ്ങളിൽ മാസ്റ്റർ ഓഫ് സെറമണീസ് ആകുകയും ചെയ്തു. സഹവികാരി ഫാ. ആന്റണി ചിറ്റിലപ്പിള്ളി സന്നിഹിതനായിരുന്നു.

സമർപ്പിത കുടുംബങ്ങൾ സഭയിലെ സമർപ്പിത ദൈവവിളിയുടെ പുതിയ രൂപമാണ്. മരിയാപുരം ഇടവകയിൽ നിന്ന് ജെറി ജയിംസ്- ജാസ്മിൻ, തിരൂർ ഇടവകയിൽ നിന്ന് സെബാസ്റ്റ്യൻ -സിനി, ലിന്റോ -ലിജ, പുതുക്കാട് ഇടവകയിൽ നിന്ന് പ്രവീൺ -റോസ്, മണ്ണൂത്തി ഇടവകയിൽ നിന്ന് ജിജോ- മേരിമോൾ എന്നീ

ദമ്പതികൾ നിത്യ വ്രതം സ്വീകരിച്ച് ലോഫിൽ സ്ഥിരം അംഗങ്ങളായി. തിരൂർ ഇടവകയിൽ നിന്നുള്ള ലോഫ് സ്ഥാപക ട്രഷറർ ദമ്പതികൾ ആയ ജയിംസ്-ജെസ്സി ദമ്പതികളുടെ വിവാഹ സിൽവർ ജൂബിലി ആഘോഷവും ഇതോടൊപ്പം നടന്നു.

ലോഫ് ഭാരവാഹികൾ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ലോഫ് പ്രസിഡന്റ് ദമ്പതികളായ ഡോ. ജോണി തോമസ്– ഡോ. ബെറ്റ്സി എന്നിവർ നന്ദി പറഞ്ഞു. ആതിഥേയത്വം വഹിച്ച മരിയാപുരം ഇടവകക്ക് പ്രത്യേകം നന്ദി.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ജൂലായ് 11-ാം തിയ്യതി കാച്ചേരി മഡോണ സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF ACADEMIC SESSION**

ലോഫ് അക്കാഡമിക് സെക്ഷൻ ജൂലായ് 26-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF COUPLES RETREAT**

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ആഗസ്റ്റ് - 7,8,9 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രം, നെടുപുഴയിൽ വച്ച് സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 7 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 9 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**ഫാ.ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ

**ഡോ. ജോണി തോമസ് & ഡോ. ബെറ്റ്സി ജോണി**

പ്രസിഡണ്ട് ദമ്പതികൾ

# പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ

**പോപ്പ് പോൾ മേഴ്സി ഹോമിൽ സമ്മർ കോച്ചിംഗ് ക്യാമ്പ് നടത്തി.**

പോപ്പ് പോൾ മേഴ്സി ഹോം സ്പെഷ്യൽ സ്കൂളിൽ ഒരു മാസത്തെ സമ്മർ കോച്ചിംങ്ങ് ക്യാമ്പ് നടത്തി. ഭിന്നശേഷിയുള്ള മുപ്പത് കുട്ടികൾ പങ്കെടുത്തു. ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, ബാഡ്മിന്റൺ, വോളിബോൾ തുടങ്ങിയവയിലും, മെഴുകുതിരി നിർമ്മാണം, ക്രാഫ്റ്റ്, കുക്കിംഗ്, ഗാർഡനിംഗ്, ബ്രെയിൽ ജിം തുടങ്ങിയവയിലുമാണ് പരിശീലനം നൽകിയത്.

**അധ്യാപകർക്ക് പരിശീലനം നൽകി**

പോപ്പ് പോൾ മേഴ്സി ഹോമിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കൂൾ അധ്യാപകർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. DDE പി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. 25 സ്പെഷ്യൽ സ്കൂളിൽ നിന്നായി അമ്പത് അധ്യാപകർ പങ്കെടുത്തു.

**പ്രവേശനോത്സവം നടത്തി**

പോപ്പ് പോൾ മോഴ്സി ഹോമിലെ പുതിയ അദ്ധ്യയനവർഷ ഉദ്ഘാടനവും കുട്ടികളുടെ പ്രവേശനോത്സവും നടത്തി. വടക്കാഞ്ചേരി എം. എൽ. എ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. കുട്ടികളുടെയും ടീച്ചേഴ്സിന്റേയും വിവിധ പ്രോഗ്രാമുകളും നടത്തി. ഈ വർഷം 20 കുട്ടികൾ പുതുതായി പ്രവേശനം നേടി.

**ലോക പരിസ്ഥിതി ദിനാചരണം**

പെരിങ്ങണ്ടൂർ പോപ്പ് പോൾ മേഴ്സി ഹോമിൽ പരിസ്ഥിതി ദിനാചരണം ഡയറക്ടർ ഫാ. ജോൺസൺ അന്തിക്കാട്ട്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനീഷ് ചിറ്റിലപ്പിള്ളി എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. വൃക്ഷ തൈകൾ കുട്ടികൾ പരസ്പരം കൈമാറി.

**വായനാദിനം ആചരിച്ചു**

വിദ്യാർത്ഥികൾ അക്ഷര കാർഡുകൾ ഉണ്ടാക്കിയും വായന ക്വിസ് മത്സരം നടത്തിയും വായനാ ദിനം ആചരിച്ചു.

**യോഗാദിനം ആചരിച്ചു**

International Yoga Day വിവിധ പ്രോഗ്രാമുകളിലൂടെ പോപ്പ് പോൾ മേഴ്സി ഹോമിൽ നടത്തി.

**ലഹരി വിരുദ്ധ പരിപാടി**

പോപ്പ് പോൾ മേഴ്സി ഹോമിൽ ലഹരി വിരുദ്ധ സന്ദേശമുന്നയിക്കുന്ന ഫ്ളാഷ് മോബും ബോധവൽക്കരണ ക്ലാസും, റാലിയും നടത്തി ലഹരി വിരുദ്ധ ദിനം ആചരിച്ചു.

**ടീച്ചേഴ്സ് ട്രെയ്നിങ്ങ് കോളേജ്**

പോപ്പ് പോൾ മേഴ്സി ഹോം ടീച്ചേഴ്സ് ട്രെയിനിങ്ങ് കോളേജിൽ 2025-2027 സ്പെഷ്യൽ B.Ed ബാച്ചിന്റെ കാലിക്കറ്റ് യൂണിവേഴ്സിറ്റി സെക്കന്റ് സെമസ്റ്റർ എക്സാം നടത്തി.

ഡിപ്ലോമ Ist Year & IIst Year ബാച്ചിന്റെ External Practical & Theory Exam പൂർത്തിയായി. പുതിയ ബാച്ചുകളുടെ അഡ്മിഷൻ ആരംഭിച്ചു.

**ഫാ. ജോൺസൺ അന്തിക്കാട്ട്,**
ഡയറക്ടർ

# കെ. എൽ. എം.

**ഫാ. ജെനെസിയൂസ്, മോൺ.തോമസ് തലച്ചിറ അനുസ്മരണം**

തൃശൂർ അതിരൂപതയുടെയും കെ എൽ എമ്മിന്റെയും നേതൃത്വത്തിൽ ചേർപ്പിൽ ഫാ ജെനെസിയൂസ്, മോൺ. തോമസ് തലച്ചിറ അനുസ്മരണം സംഘടിപ്പിച്ചു. ചേർപ്പ് സെന്റ് ആന്റണിസ് പള്ളി ഹാളിൽ നടന്ന അനുസ്മരണത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ കെ എൽ എം അതിരൂപത പ്രസിഡണ്ട് ശ്രീമതി. മോളി ജോബി അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്ത അനുസ്മരണ യോഗത്തിൽ കെ.എൽ.എം തൃശ്ശൂർ അതിരൂപത ഡയറക്ടർ റവ. ഫാ. പോൾ മാളിയമ്മാവ് ആമുഖ സന്ദശം നടത്തി, പഴുവിൽ ഫൊറോന, യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് കൂത്തൂർ അനുഗ്രഹ പ്രഭാഷണം നടത്തി. സംഘടന സ്ഥാപകനും ആദ്യകാല ഡയറക്ടറുമായിരുന്ന ജെനെസിയൂസ് അച്ചനേയും മോൺ. തോമാസ് തലച്ചിറ അച്ചനേയും അനുസ്മരിച്ചു കൊണ്ടുള്ള പ്രഭാഷണം ശ്രീ. പി. ഐ. ലാസർ മാസ്റ്റർ നടത്തി. ചേർപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സിജോ ജോർജ്ജ്, കെ.എൽ.എം തൃശൂർ അതിരൂപ

ത ട്രഷറർ ശ്രീ. ഫ്രൻജി ആന്റണി, സംസ്ഥാന സെക്രട്ടറി ശ്രീ. ബിജു ചിറയത്ത്, അതിരൂപത വൈസ് പ്രസിഡണ്ട് ശ്രീ. റോബസ് പറപ്പുള്ളി, വനിതാ ഫോറം പ്രസിഡണ്ട് ശ്രീമതി. ബേബി ഡേവിസ്, മേഖല സെക്രട്ടറി ശ്രീ. സെൻ ഊക്കൻ, ഫൊറോന പ്രസിഡണ്ട് ശ്രീ. ലിംസൻ മോഴിപറമ്പിൽ, ചേർപ്പ് പള്ളി ട്രസ്റ്റി ശ്രീ. മാർട്ടിൻ ജോസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

കെഎൽഎം ജനറൽ സെക്രട്ടറി ബേബി വാഴക്കാല സ്വാഗതവും കെ എൽ എം ചേർപ്പ് യൂണിറ്റ് പ്രസിഡണ്ട് ലിംസൻ ജോസ് നന്ദിയും പറഞ്ഞു.

**ദൈവാലയ ശുശ്രൂഷികളുടെ വാർഷിക ധ്യാനം**

ദൈവാലയ ശുശ്രൂഷികളുടെ വാർഷിക ധ്യാനം 2026 ജൂലൈ 19 ഞായറാഴ്ച വൈകീട്ട് 05 മണിക്ക് ആരംഭിച്ച് 23 വ്യാഴാഴ്ച വൈകീട്ട് സമാപിക്കുന്ന രീതിയിൽ കുറുമാൽ ഗാഗുൽത്താ ധ്യാന കേന്ദ്രത്തിൽ സംഘടിപ്പിക്കുന്നു. എല്ലാ ദൈവാലയ ശുശ്രൂഷികളും ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ദൈവാലയങ്ങളിൽ വിവിധ ശുശൂഷകൾ നിർവഹിക്കുന്ന സെക്രട്ടറി, കണക്കെഴുത്തുക്കാരൻ തുടങ്ങിയവർക്കും ഈ ധ്യാനത്തിൽ പങ്കെടുക്കാവുന്നതാണ്.

**ഫാ. പോൾ മാളിയമ്മാവ്**, *അതിരൂപത ഡയറക്ടർ*

**മോളി ജോബി**, *അതിരൂപത പ്രസിഡന്റ്*

## ചിൽഡ്രൻസ് മിനിസ്ട്രി

**ആമി ജെസു ചാലഞ്ച് 2026**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2026 മെയ് 1 ന് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ 10 മണി മുതൽ 12 മണി വരെ ആമി ജെസു ചാലഞ്ചിന്റെ പരീക്ഷ സംഘടിപ്പിച്ചു. ഏകദേശം 200ഓളം കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു. ആമി ജെസു ചാലഞ്ചിന്റെ റിസൽട്ട് പിന്നീട് പ്രസിദ്ധീകരിക്കുന്നതായിരിക്കും. പങ്കെടുത്ത എല്ലാവർക്കും അതിന് അവരെ ഒരുക്കിയ മാതാപിതാക്കൾക്കും ഒത്തിരി സ്നേഹത്തോടെ നന്ദി പറയുന്നു.

**ഏഞ്ചലോസ് 2026 സംഗമം**

അതിരൂപതയിൽ ഈ വർഷം ആഘോഷമായ കുർബാന

സ്വീകരണം നടത്തിയ ആയിരത്തിലേറെ കുട്ടികളുടെ സംഗമം ലൂർദ് കത്തീഡ്രലിൽ നടത്തി. ഏഞ്ചലോസ് 2026 എന്നു പേരിട്ട സംഗമത്തിൽ 16 ഫൊറോനകളിൽനിന്നുള്ള കുട്ടികളാണ് പങ്കെടുത്തത്. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് സംഗമം ഉദ്ഘാടനം ചെയ്യുകയും വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. വിശുദ്ധ കുർബാനയെ തന്റെ ജീവിതത്തിന്റെ കേന്ദ്രമാക്കി മാറ്റിയ വിശുദ്ധരെ പരിചയപ്പെടുത്തുകയും വിശുദ്ധ കുർബാനയോടുള്ള ഭക്തിയിൽ എങ്ങനെ വളരാമെന്നതിനെക്കുറിച്ച് വളരെ ലളിതമായ രീതിയിൽ കുട്ടികൾക്ക് പറഞ്ഞു കൊടുക്കുകയും ചെയ്തു. ഫാ. ജോസഫ് ബ്രഹ്മകുളവും അതിരൂപത മെത്രാപ്പോലിത്തായുടെ സെക്രട്ടറിയായ ഫാ. ക്ലിൻസൺ കാട്ടിപ്പറമ്പിലും സഹകാർമ്മികരായിരുന്നു. സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ കുട്ടികളോട് സംസാരിച്ചു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. പോൾ മുട്ടത്ത്, കത്തീഡ്രൽ വികാരി ഫാ. ജോസ് വല്ലൂരാൻ, ഒപ്പം സഹവികാരിമാരും സന്നിഹിതരായിരുന്നു. സിസ്റ്റർ ജീജ പോൾ എസ് എസ് പി സി, വൈദികവിദ്യാർഥികൾ, ചിൽഡ്രൻസ് മിനിസ്ട്രി അതിരൂപതാ ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി.

**ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തനവർഷ ഉദ്ഘാടനം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ 2026-27 പ്രവർത്തന വർഷത്തെ ഉദ്ഘാടനവും പുതിയ ഭാരവാഹികളുടെ ചാർജെടുക്കലും 2026 ജൂൺ 06 ശനിയാഴ്ച തൃശ്ശൂർ, ഫാമിലി അപ്പസ്തൊലേറ്റിൽ ഉച്ചതിരിഞ്ഞ് 2:30 ന് നടത്തപ്പെട്ടു. ഉച്ചതിരിഞ്ഞ് 3 മണിയോടുകൂടി തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ഉദ്ഘാടനം ചെയുകയും ചിൽഡ്രൻസ് മിനിസ്ട്രിയുടെ 2026-27 പ്രവർത്തനങ്ങളുടെ വാർഷിക പദ്ധതി പ്രകാശനം ചെയ്യുകയും ചെയ്തു. തിരുബാലസഖ്യം, ജൂനിയർ സി എൽ സി, അൾത്താര സംഘം എന്നീ സംഘടനകളിലെ പുതിയ അതിരൂപത ഭാരവാഹികൾക്കും ആനിമേറ്റർമാർക്കും ചുമതലകൾ കൈമാറുകയും കഴിഞ്ഞ വർഷത്തെ അതിരൂപത ആനിമേറ്റർമാരെയും ഭാരവാഹികളെയും മെമന്റോ നൽകി ആദരിക്കുകയും ചെയ്തു. നമ്മുടെ കുഞ്ഞുങ്ങളെ ഈശോയിലേക്ക് നയിക്കുന്നതിന്, ഭാരവാഹികൾക്കുള്ള ഉത്തരവാദിത്വത്തെ സംബന്ധിച്ച് ഫാ. ജെയ്സൺ ഓർമ്മപ്പെടുത്തി. അതിരൂപത ഭാരവാഹികളുടെ പ്രതിനിധിയായി ജൂനിയർ സി.എൽ.സി. ആനിമേറ്റർ വൈസ് പ്രസിഡന്റ് സി. അലീന, അതിരൂപത തിരുബാലസഖ്യം ആനിമേറ്റർ പ്രസിഡന്റ് ശ്രീമതി. സോണിയ വർഗീസ് എന്നിവർ ആശംസകൾ അറിയിക്കുകയും ചെയ്തു. ഫാ. പോൾ മുട്ടത്ത്, സി. ജീജ എസ്

എസ് പി സി, അതിരൂപത ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**സാഹിത്യമത്സരങ്ങൾ**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ 2026 ജൂലൈ 11 ന് 10.00 മുതൽ 12 വരെ, കുരിയച്ചിറ, സെന്റ് ജോസഫ് സ്കൂളിൽ തിരുബാലസഖ്യം, അൾത്താരാ സംഘം, ജൂനിയർ സി എൽ സി എന്നീ സംഘടനകളുടെ കുട്ടികൾക്കായി സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2026 ജൂലൈ 4 ന് മുമ്പ് തന്നെ സാഹിത്യ മത്സരത്തിന്റെ ഗൂഗിൾ ഫോമിൽ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

**യൂണിറ്റ് രജിസ്ട്രേഷൻ 2026**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2026-27 വർഷത്തെ യൂണിറ്റ് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ച വിവരം എല്ലാ ഇടവകകളെയും അറിയിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ അതിരൂപതാതലത്തിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾ, മത്സരങ്ങൾ, ക്യാമ്പുകൾ എന്നിവയിൽ കുട്ടികൾക്ക് പങ്കെടുക്കണമെങ്കിൽ യൂണിറ്റ് രജിസ്ട്രേഷൻ അത്യന്താപേക്ഷിതമാണ്. യൂണിറ്റ് രജിസ്ട്രേഷൻ ഓരോ വർഷവും നിർബന്ധമായും പുതുക്കേണ്ട ഒന്നാണെന്ന കാര്യം ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾ ഉൾപ്പെടെ എല്ലാ ഇടവകകളും 2026-27 വർഷത്തെ യൂണിറ്റ് രജിസ്ട്രേഷൻ പുതുക്കേണ്ടതുണ്ട്. ഓരോ സംഘടനയുടെയും രജിസ്ട്രേഷനായി 100 രൂപ വീതം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നേരിട്ട് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. അതിരൂപതയിലെ എല്ലാ ഇടവക വികാരിയച്ചന്മാരും ആനിമേറ്റേഴ്സും തങ്ങളുടെ ഇടവകയിലെ കുട്ടികളുടെ സംഘടനകൾ കൃത്യസമയത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാത്ത യൂണിറ്റുകൾക്ക് അതിരൂപതാതലത്തിലുള്ള ആനുകൂല്യങ്ങളോ ഔദ്യോഗിക സർട്ടിഫിക്കറ്റുകളോ ലഭ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്കായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി 9947582522 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## ആനിമേറ്റേഴ്സ്സിനുള്ള ഫോർമേഷൻ ക്യാമ്പ്

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ ആനിമേറ്റേഴ്സിനായി ഏകദിന പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. 2026 മാർച്ച് 28-ാം തിയതി ശനിയാഴ്ച തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റിൽ വെച്ചാണ് ക്യാമ്പ് നടത്തിയത്. രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് സമാപിച്ചു. ആ ക്യാമ്പിൽ വെച്ച് 2026-2027 വർഷത്തെ പുതിയ ആനിമേറ്റേഴ്സിനെ തെരഞ്ഞെടുത്തു.

**Holy Childhood Archdiocesan Animators**
Sonia Varghese Mukkattukara (President)
Binderlla Panamuck (Vice President)
Flemy Fijish Olarikkara (Secretary)
Joby Baiju Ponnukkara (Joint Secretary)
Jolgy Vendore (Treasurer)

**ABA Archdiocesan Animators**
Honey Guruvayoor (President)
Sr Ann Treasa FCC Perakam (Vice President)
Liji Raphy Ollur (Secretary)
Joby Chirakkal (Joint Secretary)
Akash C T Poothole (Treasurer)

**JCLC Archdiocesan Animators**
Shibu Velur (President)
Sr Keerthana CMC West Fort (Vice President)
Anu Antony Pudukkad ( Secretary)
Lousy Elthururth (Joint Secretary)
Biny Velappaya ( Treasurer)

## കുട്ടികൾക്കുള്ള നേതൃത്വപരിശീലന ക്യാമ്പുകൾ

കുട്ടികൾക്കുള്ള നേതൃത്വപരിശീല ക്യാമ്പുകൾ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ സംഘടിപ്പിച്ചു. മെയ് 27, 28 തീയതികളിൽ തിരുബാലസഖ്യം കുട്ടികൾക്കായി നടത്തിയ സ്പർശ് ക്യാമ്പിൽ 125 കുട്ടികളും, മെയ് 28, 29 തീയതികളിൽ അൾത്താര സംഘം കുട്ടികൾക്കായി നടത്തപ്പെട്ട ബർക്കുമെൻസ് ക്യാമ്പിൽ 106 കുട്ടികളും മെയ് 29, 30 തീയതികളിൽ ജൂനിയർ സി എൽ സി കുട്ടികൾക്കായി നടത്തപ്പെട്ട ക്രിസ്റ്റ്യൻ ലൈഫ് ക്യാമ്പിൽ 80 കുട്ടികളും പങ്കെടുത്തു. ഡയറക്ടർ ഫാ. പോൾ മുട്ടത്ത്, ഫാ. ജോഫിൻ അക്കരപ്പട്ട്യേക്കൽ, ഫാ. ആൽവിൻ പട്ട്യേക്കൽ & ഫാ. അജിൽ മാങ്ങൻ എന്നിവർ ക്യാമ്പുകൾക്ക് നേതൃത്വം നൽകി. കളികൾ, വീഡിയോകൾ,

ക്ലാസുകൾ, വിവിധ ആക്ടിവിറ്റികൾ എന്നിവയിലൂടെ ക്യാമ്പുകൾ കൂടുതൽ സജീവവും ആകർഷകവുമാക്കി മാറ്റുന്നതിൽ ഇവരുടെ നേതൃത്വം ഏറെ സഹായകമായി. കുട്ടികളുടെ പങ്കാളിത്തവും ഉത്സാഹവും വർധിപ്പിക്കുന്ന തരത്തിൽ ഓരോ പരിപാടിയും മനോഹരമായി ക്രമീകരിച്ചതിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. ഈ നേതൃത്വപരിശീലന ക്യാമ്പിനായി കുട്ടികളെ പറഞ്ഞയച്ച ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും ആനിമേറ്റേഴ്സിനും മാതാപിതാക്കൾക്കും ഹൃദ്യമായ നന്ദി. ക്യാമ്പിൽവെച്ച് മൂന്ന് സംഘടനകളുടെയും ഭാരവാഹികളെ തിരഞ്ഞെടുത്തു. ഭാരവാഹികളുടെ പേരുവിവരങ്ങൾ താഴെ നൽകുന്നു.

**Holy Childhood Archdiocesan Leaders**
Johan kunnamkulam ( President)
Luciya Arimbur (Vice President)
Fiza Mary Aranattukkara (Secretary)
Riyon Ammadom ( Joint Secretary)
Emmanuel Padavarad (Treasurer)

**ABA Archdiocesan Leaders**
Job Pattikkad (President)
Abel Shiju Mukkattukara (Vice President)
Johan Valakkavu (Secretary)
Ajal Puthenpeedika ( Joint Secretary)
Ashwin Jacob E (Eranellur)

**JCLC Archdiocesan Level Leaders**
Aleena Jaison Chirakkal ( President)
Anliya Ajeesh Bharatha (Vice President)
Chrislin Sanil Kandassankadavu (Secretary)
Jude Raphel Ayyanthole (Joint Secretary)
Telix Chittilappilly Mundur (Treasurer)

## ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫുട്ബോൾ ലീഗ് 2026

അൾത്താരസംഘം കുട്ടികൾക്കായി അതിരൂപതാതലത്തിൽ ഫാ. സിൻസൺ എടക്കളത്തൂരിന്റെ അനുസ്മരണാർഹം ഫൈവ്സ് ഫുട്ബോൾ ലീഗ് സംഘടിപ്പിച്ചു. നടത്തറ പള്ളി ഗ്രൗണ്ടിൽ 2026 മെയ് 5, 6, 12 തിയതികളിലാണ് മത്സരം നടത്തപ്പെട്ടത്. 32 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. വിജയികളുടെ പേരുവിവരം താഴെ കൊടുക്കുന്നു. വിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡും (വിന്നേഴ്സ് 3000/രൂപ, റണ്ണേഴ്സ് 2000/ രൂപ) നൽകി അനുമോദിച്ചു.

Winner - St Antony's Forane Church, Pudukad
First Runners Up - St Francis Xavier's Church, Attathara
Second Runners Up - St George's Church, Mukkattukara
Best Player - Antony  St Antony's Church, Pudukkad
Best Keeper - Edwin  St Francis Xavier's Church, Attathara
Best Defender - Charles  St Francis Xavier's Church, Vellarakkad

**പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

തിരുവചനം : ''ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്'' (യോഹ: 10:10).

സുകൃതജപം : ജീവന്റെ നാഥനായ യേശുവേ, എല്ലാ ജീവനും മാനിക്കാനും സംരക്ഷിക്കുവാനും ഞങ്ങളെ സഹായിക്കണമേ

പ്രാത്ഥനനിയോഗം : പരിശുദ്ധ കന്യകാമറിയമേ, മനുഷ്യജീവിതം ദൈവത്തിന്റെ മഹത്തായ ദാനമാണെന്ന് ഞങ്ങൾ തിരിച്ചറിയട്ടെ. ഗർഭസ്ഥശിശുവിൽ നിന്ന് വാർദ്ധക്യത്തിലെ മനുഷ്യൻ വരെ ഓരോ ജീവനും മാനിക്കാനും സംരക്ഷിക്കാനും ഞങ്ങളെ സഹായിക്കണമേ.

**പരിചയപ്പെടുന്ന വിശുദ്ധൻ**

ഹോസെ ഗ്രിഗോറിയോ ഹെർണാണ്ടസ് : 1864 ഒക്ടോബറിലാണ് ഹോസെ ഗ്രിഗോറിയോ ജനിച്ചത്. ചെറുപ്പം മുതലേ പഠനത്തിൽ അതീവ മിടുക്കനായിരുന്ന അദ്ദേഹം വെനിസ്വേലയിലെ സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്ന് മെഡിക്കൽ ബിരുദം നേടി. തുടർന്ന് പാരീസിലും ബെർലിനിലും പോയി ഉപരിപഠനം നടത്തുകയും, മൈക്രോബയോളജി (സൂക്ഷ്മജീവശാസ്ത്രം), പതോളജി തുടങ്ങിയ ശാസ്ത്രശാഖകളിൽ ആധുനിക അറിവുകൾ നേടുകയും ചെയ്തു. വെനിസ്വലെയിൽ ആദ്യമായി മൈക്രോസ്കോപ്പ് പരിചയപ്പെടുത്തിയത് അദ്ദേഹമാണ്.

ഒരു മികച്ച ശാസ്ത്രജ്ഞനായിരിക്കുമ്പോൾ തന്നെ അചഞ്ചല ദൈവവിശ്വാസിയായിരുന്നു ഡോ. ഹെർണാണ്ടസ്. ഫ്രാൻസിസ്കൻ സന്യാസസഭയിൽ ചേരാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നെങ്കിലും, അദ്ദേഹത്തിന്റെ ആരോഗ്യം അതിന് അനുവദിച്ചില്ല. തുടർന്ന്, ആതുരസേവനംതന്നെ തന്റെ സന്യാസമായി അദ്ദേഹം തിരഞ്ഞെടുത്തു. ദരിദ്രരെ ചികിത്സിക്കുന്നതിലായിരുന്നു അദ്ദേഹത്തിന് താല്പര്യം. പാവപ്പെട്ട രോഗികളെ സൗജന്യമായി ചികിത്സിക്കുക മാത്രമല്ല, പലപ്പോഴും അവർക്ക് മരുന്നും ഭക്ഷണവും വാങ്ങാനുള്ള പണം സ്വന്തം കയ്യിൽ നിന്ന് നൽകുകയും ചെയ്യുമായിരുന്നു. വെനിസ്വലെയിൽ പടർന്നുപിടിച്ച മാരകമായ സ്പാനിഷ് ഫ്ളൂ പകർച്ചവ്യാധിയുടെ സമയത്ത് സ്വന്തം ജീവൻ

പണയപ്പെടുത്തി അദ്ദേഹം ആയിരക്കണക്കിന് രോഗികളെ പരിചരിച്ചു. 'ശാസ്ത്രം നമ്മെ സത്യത്തിലേക്ക് നയിക്കുന്നു; എന്നാൽ മതം നമ്മെ സ്നേഹത്തിലേക്കാണ് നയിക്കുന്നത്.' എന്നതായിരുന്നു അദ്ദേഹത്തിന്റെ ആപ്തവാക്യം.

1919 ജൂൺ 29ന്, തന്റെ 54ാം വയസ്സിൽ അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു. ഒരു പാവപ്പെട്ട രോഗിക്ക് മരുന്ന് വാങ്ങി നൽകാൻ പോകുന്നതിനിടയിൽ വെനിസ്വലെയിലെ കാരക്കാസ് നഗരത്തിൽ വെച്ച് ഒരു കാറിടിച്ചായിരുന്നു അദ്ദേഹത്തിന്റെ മരണം. മരണശേഷവും ജനങ്ങൾ അദ്ദേഹത്തെ ഒരു വിശുദ്ധനായിട്ടാണ് കണ്ടത്. രോഗശാന്തിക്കായി അദ്ദേഹത്തിന്റെ മധ്യസ്ഥത തേടി പ്രാർത്ഥിച്ച ലക്ഷക്കണക്കിന് ആളുകൾക്ക് അത്ഭുതകരമായ സൗഖ്യം ലഭിച്ചതായി സാക്ഷ്യപ്പെടുത്തലുകളുണ്ട്. 2021 ഏപ്രിൽ 30ന് ഫ്രാൻസിസ് മാർപ്പാപ്പ അദ്ദേഹത്തെ കത്തോലിക്കാ സഭയിലെ 'വാഴ്ത്തപ്പെട്ടവൻ' (Blessed) പദവിയിലേക്ക് ഉയർത്തി. 2025 ഒക്ടോബർ 19ാം തിയ്യതി ലെയോ പതിനാലാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

പ്രവർത്തനം : എന്റെ വാക്കുകളിലും പ്രവർത്തികളിലും ഓരോ ജീവനും വിലമതിച്ച് പ്രോലൈഫിനായി പ്രവർത്തിക്കും.

**ഫാ. പോൾ മുട്ടത്ത്**, ഡയറക്ടർ

**സി. ജീജ** SSPC, കോർഡിനേറ്റർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ

തൃശ്ശൂർ സെൻട്രൽ കൗൺസലിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ച വിൻസെൻഷ്യൻ അംഗങ്ങളായ ജനപ്രതിനിധികൾക്ക് (കോർപ്പറേഷൻ കൗൺസിലിലേക്ക് അഞ്ച് പേരും, മൂന്ന് പഞ്ചായത്ത് മെമ്പർമാരും) സി. സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജിക്സൺ താഴത്ത് മെമെന്റോകൾ നൽകി ആദരിച്ചു.

എഫ്. സി. ആർ. എ. നിയമ ഭേദഗതി ബില്ലിനെതിരെ യോഗത്തിൽ പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു. ജൂബിലി മിഷൻ ആശുപത്രിയിൽ ഒരു പുതിയ കോൺഫറൻസ് രൂപീകരിച്ചു. യോഗത്തിൽ ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ റവ. ഫാ. റെന്നി മുണ്ടൻകുരിയൻ, സി. സി. പ്രസിഡന്റ് ബ്രദർ കെ. കെ. പോൾസൺ,

വൈസ് പ്രസിഡന്റ് ബ്രദർ ജോസ് ജെ. മഞ്ഞളി, സെക്രട്ടറി സിസ്റ്റർ റീന ജെയിംസ്, സി.സി അംഗങ്ങളായ ബ്രദർ ഷിമ്മി പി. വി., ബ്രദർ റോബിൻ പോൾ എന്നിവർ പങ്കെടുത്തു.

ജറുസലേം ധ്യാനകേന്ദ്രത്തിൽ നടന്ന ഫിയാത്ത് മിഷന്റെ ഏഴാമത് ഗ്രേയ്റ്റ് ഗാതറിംഗിന്റെ സമാപന ദിനത്തിൽ തൃശ്ശൂർ അതിരൂപത മെത്രപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തിന്റെയും, മാർ. ചാക്കോ തോട്ടുമാലിക്കലിന്റെയും (ബിഷപ്പ് എമിരിറ്റസ്, ഇൻഡോർ) മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ വിൻസെൻഷ്യൻ അംഗങ്ങൾ പങ്കെടുത്തു. തുടർന്ന് നടന്ന സി. സി. & എ. സി. ഭാരവാഹികളുടെ സംയുക്ത യോഗത്തിൽ സി. സി. പ്രസിഡന്റ് ബ്രദർ കെ. കെ. പോൾസൺ അദ്ധ്യക്ഷത വഹിക്കുകയും, മാർ ചാക്കോ തോട്ടുമാലിക്കൽ മിഷൻ പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി സംസാരിക്കുകയും ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ബൈബിൾ അച്ചടിച്ച് നൽകുന്നതിന് പാപ്പറിസ് എന്ന പേരിൽ പഴയ പേപ്പറുകൾ ശേഖരിക്കുന്ന പദ്ധതിയ്ക്ക് തൃശ്ശൂർ സി. സി. പൂർണ്ണ പിന്തുണ നൽകി സഹായിക്കാമെന്ന് അറിയിച്ചു. മരിച്ചുപോയ വിൻസെൻഷ്യൻ അംഗങ്ങൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. വൈസ് പ്രസിഡന്റ് ബ്രദർ ജോസ് ജെ. മഞ്ഞളി സ്വാഗതവും, സീനിയർ വൈസ് പ്രസിഡന്റ് ബ്രദർ ഷിബു കെ. ഐ. നന്ദിയും അറിയിച്ചു.

**റവ. ഫാ. ജിക്സൺ താഴത്ത്**, ആദ്ധ്യാത്മീകോപദേഷ്ടാവ്

**ബ്രദർ കെ. കെ. പോൾസൺ**, പ്രസിഡന്റ്

# ലീജിയൻ ഓഫ് മേരി

തൃശൂർ അതിരൂപത ലീജിയൻ ഓഫ് മേരിയുടെ പുതിയ ഡയറക്ടറും ആത്മീയനിയന്താവും ആയി ചാർജെടുത്ത ഫാ. ഇഗ്നേഷ്യസ് നന്തിക്കരയുടെ ആദ്യത്തെ കമ്മീസിയം മീറ്റിംഗ് ആയിരുന്നു മെയ് മാസം പാസ്റ്ററൽ സെന്ററിൽ നടന്ന മീറ്റിംഗ്. കമ്മീസിയം പ്രസിഡന്റ് ബ്ര. സണ്ണി കാട്ടൂക്കാരൻ അദ്ധ്യക്ഷത വഹിച്ച ഈ മീറ്റിംഗിൽ പുതിയ ആത്മീയനിയന്താവിനെ ബൊക്കെ നൽകി സ്വീകരിച്ചു. എല്ലാ കൂരിയാകളും ജൂലൈ മാസത്തിൽ തെരഞ്ഞെടുപ്പ് നടത്തി ഉദ്യോഗസ്ഥഫോം കമ്മീസിയത്തിൽ

ഏല്പിക്കണമെന്നു പ്രസിഡന്റ് യോഗത്തെ ഓർമ്മപ്പെടുത്തി. മറ്റു ചർച്ചകൾക്കും സ്നേഹവിരുന്നിനും ശേഷം അദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തോടെ യോഗം സമാപിച്ചു.

**ഫാ. ഇഗ്നേഷ്യസ് നന്തിക്കര**, ആധ്യാത്മികോപദേഷ്ടാവ്

**സണ്ണി കാട്ടൂക്കാരൻ,** പ്രസിഡന്റ്

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

പന്തക്കുസ്ത തിരുനാളിനോട് അനുബന്ധിച്ച് മെയ് 15 മുതൽ ആബാ ധ്യാനകേന്ദ്രത്തിൽ നൊവേന നടത്തപ്പെട്ടു. രാവിലെ 9.30 മുതൽ അഖണ്ഡ ജപമാലയും തുടർന്ന് വിശുദ്ധ കുർബാനയും നൊവേനയും നടന്നു. അതിരൂപതയിലെ പ്രാർത്ഥന കൂട്ടായ്മയിൽ നിന്നുള്ളവർ ഫൊറോന അടിസ്ഥാനത്തിൽ ശുശ്രൂഷയിൽ പങ്കുകാരായി. റവ. ഫാ. റോയ് വേളകൊമ്പിൽ, കരിസ്മാറ്റിക് കോ-ഓർഡിനേറ്റർ ഷാജു കെ. കെ., സെക്രട്ടറി റോയ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

മെയ് 21, 22, 23 തീയതികളിൽ ആബാ ധ്യാനകേന്ദ്രത്തിൽ പന്തക്കുസ്താ കൺവെൻഷൻ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കൺവെൻഷൻ തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്തു. റവ. ഫ. ജെയിംസ് തെക്കുംചേരിക്കുന്നേൽ, റവ. ഫാ. ജിൽറ്റോ ജോർജ്, ബ്രദർ തോമസ് കുമളി എന്നിവർ വിവിധ ദിവസങ്ങളിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വികാരി ജനറൽ ജെയ്സൺ കൂനംപ്ലാക്കൽ, റവ. ഫാ. ബിജു പാണേങ്ങാടൻ, റവ. ഫാ. റോയ് വേളക്കൊമ്പിൽ എന്നിവർ വിവിധ ദിവസങ്ങളിൽ വിശുദ്ധബലി അർപ്പിച്ചു. കോ-ഓർഡിനേറ്റർ ഷാജു കെ.കെ, സെക്രട്ടറി റോയ് തൈക്കാട്ടിൽ, ട്രഷറർ വിൻസെൻറ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഏകദേശം 1500 ഓളം പേർ മൂന്നു ദിവസങ്ങളിലായി ശുശ്രൂഷയിൽ പങ്കെടുത്തു.

എൽ.എസ്.എസ്. ശുശ്രൂഷ മറ്റം ഫൊറോനയിൽ നടന്നുകൊണ്ടിരിക്കുന്നു.

**ഫാ. റോയ് വേളക്കൊമ്പിൽ,**
ഡയറക്ടർ

# മദ്യവിരുദ്ധസമിതി

**1. മധ്യമേഖല സമ്മേളനം**

കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി മധ്യമേഖല സമ്മേളനം സംഘടിപ്പിച്ചു. ഇരിഞ്ഞാലക്കുട രൂപതയുടെ ആളൂർ ബി.എൽ.എം. സെന്ററിലെ മാർത്തോമാ ഹാളിൽ അരങ്ങേറിയ യോഗത്തിൽ ഇരിഞ്ഞാലക്കുട, തൃശൂർ, കോട്ടപ്പുറം, പാലക്കാട്, സുൽത്താൻപേട്ട് എന്നീ രൂപത - അതിരൂപതകൾ പങ്കെടുത്തു. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തകർ 'കാലഘട്ടത്തിന്റെ വിശുദ്ധരാണ്' എന്ന് ഇരിഞ്ഞാലക്കുട രൂപത വികാരി ജനറാൾ മോൺ. വിൽസൺ ഈരത്തറ പ്രസ്താവിച്ചു. പ്രസ്തുത സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മദ്യ-ലഹരി വിരുദ്ധ സമിതി ഇരിഞ്ഞാലക്കുട ഡയരക്ടർ റവ. ഫാ. ജോഷി കല്ലേലിയാണ് ആമുഖപ്രഭാഷണം ചെയ്തത്. തൃശൂർ അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷകനായി. മധ്യമേഖല പ്രസിഡന്റ് ശ്രീ. സാബു എടാട്ടുകാരൻ അദ്ധ്യക്ഷത വഹിച്ചു.

**2. തമിഴ്നാടിന്റെ പുതിയ മുഖ്യമന്ത്രിയ്ക്ക് അഭിനന്ദനം**

തമിഴ്നാടിന്റെ അഭിനവ മുഖ്യമന്ത്രി ശ്രീ. ജോസഫ് വിജയ് തെരഞ്ഞെടുപ്പു വാഗ്ദാനം അക്ഷരാർത്ഥത്തിൽ പാലിച്ചുകൊണ്ട് 500 മീറ്റർ ദൂരപരിധിയ്ക്കുള്ളിലുള്ള 700 ൽപരം മദ്യശാലകൾ അടച്ചുപൂട്ടാൻ കൈക്കൊണ്ട സുധീരവും സത്വരവുമായ നടപടിയിൽ തൃശൂർ അതിരൂപത കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി അഭിനന്ദനങ്ങളും സംതൃപ്തിയും രേഖപ്പെടുത്തി. സംഘടനയുടെ കാര്യാലയത്തിൽ 12.05.2026 ന് വിളിച്ചു ചേർത്ത പ്രത്യേക യോഗത്തിൽ പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് അദ്ധ്യക്ഷത വഹിച്ചു. തമിഴ്നാട് സർക്കാരിന്റെ നടപടി കേരള സർക്കാരും മാതൃകയായി സ്വീകരിക്കണമെന്ന് ഡയരക്ടർ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ആവശ്യപ്പെട്ടു. ഇതോടനുബന്ധിച്ച് അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചുകൊണ്ട് സെക്രട്ടറി ശ്രീ. രാജു പാറപ്പുറം, ട്രഷറർ ശ്രീ. ടി.വി. തോമസ്, പി.ആർ.ഒ. ശ്രീ. ലിന്റോ ഫ്രാൻസീസ്, മുൻ പി.ആർ.ഒ. ശ്രീ. ജോസ് വടക്കേത്തല തുടങ്ങിയവർ പ്രസംഗിക്കുകയുണ്ടായി.

### 3. സർക്കാരിന്റെ പ്രത്യേക ശ്രദ്ധയ്ക്ക് ഒരു മാർഗ്ഗരേഖ

കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത സർക്കാരിനുള്ള ജാഗ്രതാ സദസ്സ് സംഘടിപ്പിച്ചു. തൃശൂർ കോർപ്പറേഷൻ ഓഫീസിനു മുൻവശം കൂടിയ യോഗത്തിന് ഉദ്ഘാടകനായത് സ്നേഹാശ്രമം ഡയറക്ടർ റവ. ഫാ. അലക്സാണ്ടർ കുരീക്കാട്ടിലാണ്. അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് അദ്ധ്യക്ഷനായ പരിപാടിയ്ക്ക് അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖപ്രഭാഷകനായി. മാതൃവേദി അതിരൂപത പ്രസിഡന്റ് ശ്രീമതി ഉജ്ജ്വല ബിജു, മദ്യവിമോചന മഹാസഖ്യം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഇ.എ. ജോസഫ്, മധ്യമേഖല സെക്രട്ടറി ശ്രീ. സിജോ ഇഞ്ചോടിക്കാരൻ എന്നിവർ പ്രഭാഷകരായി. അതിരൂപത സെക്രട്ടറി ശ്രീ. രാജു പാറപ്പുറം കൃതജ്ഞത പ്രകാശിപ്പിച്ചു. ശ്രീ. ടി.വി. തോമസ്, ശ്രീ. ജോസ് വടക്കേത്തല, ശ്രീ. ലിന്റോ ഫ്രാൻസീസ്, ശ്രീ. വിപിൻ പാലമറ്റം തുടങ്ങിയവർ നേതൃത്വം നൽകി.

### 4. വിളക്കന്നൂർ തീർത്ഥയാത്ര – 21.05.2026

കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത ദിവ്യകാരുണ്യ അത്ഭുതം നടന്ന വിളക്കന്നൂരിലേക്ക് സമിതിയുടെ ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരന്റെ ആത്മീയ നേതൃത്വത്തിൽ തീർത്ഥയാത്ര സംഘടിപ്പിച്ചു. രാത്രി 9.30 ന് ഡയരക്ടറച്ചന്റെ പ്രാർത്ഥനാശിസ്സുകളോടെ പാസ്റ്ററൽ സെന്ററിൽ നിന്നും യാത്ര പുറപ്പെട്ടു. പിറ്റേ ദിവസം രാവിലെ 10.30 ന് ഡയരക്ടറച്ചൻ അർപ്പിച്ച ദിവ്യബലിയിലും മറ്റ് സമയങ്ങളിലും ദിവ്യകാരുണ്യ സന്നിധിയിൽ തീർത്ഥാടകർ പ്രാർത്ഥനാനിർഭരം സന്നിഹിതരായി. മാഹിയിലെ സെന്റ് തെരേസാസ് ബസിലിക്കയും സന്ദർശിക്കുകയുണ്ടായി.

### 5. സർക്കാരിന് അനുമോദനം – 28.05.2026

യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച 'ഓപ്പറേഷൻ തൂഫാൻ- ദിനാർക്കോ ഹണ്ട്' പദ്ധതിയെ കെ.സി.ബി.സി. മദ്യ- ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത അനുമോദിച്ചു. അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തൃശൂർ അതിരൂപത ഫിനാൻസ് ഓഫീസർ ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. മദ്യ- ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ പ്രമേയം അവതരിപ്പിച്ചു. മുൻ യുഡിഎഫ് സർക്കാരിന്റെ നയം പിന്തുടർന്ന് മദ്യനിരോധനം നടപ്പാക്കണമെന്ന് സർക്കാരിനോട്

യോഗം ആവശ്യപ്പെട്ടു. ശ്രീ. രാജു പാറപ്പുറം, ശ്രീ. ടി.വി. തോമസ്, ശ്രീ. ജോസ് വടക്കേത്തല എന്നിവർ നേതൃത്വം നൽകി.

**6. ലോക പുകയിലവിരുദ്ധ ദിനാചരണം – 31.05.2026**

കെ.സി.ബി.സി. മദ്യ- ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത ലോക പുകയില വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. മദ്യമയക്കുമരുന്ന് വസ്തുക്കളുടെ ഉപഭോഗവും വ്യാപനവും തടയുന്നതിന് കർശന നടപടികൾ കൈക്കൊള്ളണമെന്ന് തൃശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജെസ്റ്റിൻ പ്രസ്താവിച്ചു. പ്രസ്തുത യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മേയർ. അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് അധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖ പ്രഭാഷകനായി. ലോക പുകയില വിരുദ്ധ ദിന സന്ദേശം നൽകിയത് അതിരൂപത കുടുംബകൂട്ടായ്മ സെക്രട്ടറി ശ്രീ. എ.ഡി. ഷാജുവാണ്. സാന്ത്വനം ഡയരക്ടർ റവ. ഫാ. ജോജു ആളൂർ ബോധവൽക്കരണ ലഘുലേഖ അതിരൂപത സെക്രട്ടറി ശ്രീ. രാജു പാറപ്പുറത്തിന് നൽകിക്കൊണ്ട് വിതരണോദ്ഘാടനം നിർവ്വഹിച്ചു.

**7. ക്വിസ് മത്സരം – 31.05.2026**

കെ.സി.ബി.സി. മദ്യ- ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത ക്വിസ് മത്സരം സംഘടിപ്പിച്ചു. തൃശൂർ പാസ്റ്ററൽ സെന്ററിൽ നടന്ന യോഗത്തിന് കത്തോലിക്കാ സഭ പത്രം ഡയരക്ടർ റവ. ഫാ. ഡോ. ബിൽജു വാഴപ്പിള്ളി ഉദ്ഘാടകനായി. അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് അധ്യക്ഷനായ യോഗത്തിൽ ആമുഖ പ്രഭാഷകനായത് അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. പ്രോഗ്രാം കൺവീനർ ശ്രീ. ലിന്റോ ഫ്രാൻസീസ് മത്സര നിർദ്ദേശങ്ങൾ നൽകി. ഇടവകതല മത്സരങ്ങൾ 24.05.2026 ന് നടത്തപ്പെട്ടിരുന്നു. ആനിമേറ്റർ റവ. സി. എൻസ്വീഡ് സി.എസ്.സി. സ്വാഗതവും സെക്രട്ടറി ശ്രീ. രാജു പാറപ്പുറം കൃതജ്ഞതയുമരുളി.

*ക്വിസ് മത്സരവിജയികൾ:*

*ജൂനിയർ വിഭാഗം*

| | | |
|---|---|---|
| ഫസ്റ്റ് | അലീന ആന്റണി | വടക്കാഞ്ചേരി ഇടവക |
| സെക്കന്റ് | തെരേസ പി. ബിജോയ് | ഒല്ലൂർ ഇടവക |
| തേഡ് | അന്ന സോണി | ചേറൂർ (വിജയപുരം) ഇടവക |

*സീനിയർ വിഭാഗം*

| | | |
|---|---|---|
| ഫസ്റ്റ് | ലിൻസി ജോസഫ് | കോടന്നൂർ ഇടവക |
| സെക്കന്റ് | എലിസബത്ത് ഡേവീസ് | കണ്ണംകുളങ്ങര ഇടവക |
| തേഡ് | ഷീല വിൽസൺ | കണ്ണംകുളങ്ങര ഇടവക |

വിജയികൾക്ക് അഭിനന്ദനങ്ങൾ! പങ്കെടുത്തവർക്ക് നന്ദി!

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ,** ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**, പി.ആർ.ഒ.

പശ്ചാത്തപിക്കുന്നി
ല്ലെങ്കിൽ നിങ്ങളെല്ലാവരും
അതുപോലെ
നശിക്കും
(ലൂക്കാ 13:5)



അഭിവന്ദ്യ **മാർ ടോണി നീലങ്കാവിൽ** പിതാവിന്

# ജന്മദിനാശംസകൾ

ജൂലൈ 23

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.05.2026
**July- 2026**


ഫാ. വർഗ്ഗീസ്
എടക്കളത്തൂർ


ഫാ. ഫ്രാൻസീസ്
പള്ളിക്കുന്നത്ത്


ഫാ. ജോയ്
പുത്തൂർ


ഫാ. ഷിന്റോ
പാറയിൽ


ഫാ. ജെയ്സൺ
മാറോക്കി

# പൗരോഹിത്യ സ്വീകരണ
# രജത ജൂബിലി
# ആഘോഷിക്കുന്ന വൈദീകർക്കു
# പ്രാർത്ഥനാശംസകൾ

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor